Downloaded from https:// www.studiestoday.com

ഹയർ സെക്കന്ററി

# മലയാളം

സ്റ്റാൻഡേർഡ്

**XI**

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

*Prepared by* :
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram - 695012, Kerala.

*Website* : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
*To be printed in quality paper - 80gsm map litho (snow-white)*
© Department of Education, Government of Kerala.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയ വിദ്യാർഥികളേ,

പാരമ്പര്യംകൊണ്ടും സാഹിത്യസമ്പത്തുകൊണ്ടും ലോകനിലവാരത്തിൽ എത്തിയ ഭാഷയാണ് മലയാളം. ഇന്ത്യയിലെ അഞ്ചു ശ്രേഷ്ഠഭാഷകളിൽ ഒന്നായി നമ്മുടെ ഭാഷയ്ക്ക് സ്ഥാനം ലഭിച്ചിരിക്കുന്നു. മലയാളം പഠിക്കുകയും മലയാളത്തിൽ ആശയവിനിമയം നടത്തുകയും ചെയ്യുന്നത് നമുക്ക് അഭിമാനകരമാണ്.

ഹയർ സെക്കന്ററിയിലെ ഭാഷാപഠനത്തിന് ഒരു ഭാഷയായി മലയാളം തിരഞ്ഞെടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞിരിക്കുന്നു. ചിന്തയും ഭാവനയും വികസിപ്പിക്കാനും വിജ്ഞാനവും വികാരവും വിനിമയം ചെയ്യാനും മലയാളം നിങ്ങൾക്ക് കരുത്തു നൽകും.

നാലു ഭാഗങ്ങളായാണ് ഈ പാഠപുസ്തകം ക്രമീകരിച്ചിട്ടുള്ളത്. ഒന്നാം ഭാഗത്ത് പുതുതലമുറയുടെ ചിന്തകളും വികാരങ്ങളും സാഹിത്യസങ്കൽപ്പങ്ങളും അവതരിപ്പിക്കുന്നു. ദൃശ്യമാധ്യമത്തിന്റെ സാധ്യതകൾ തുറക്കുന്നതാണ് രണ്ടാംഭാഗം. സാഹിത്യകൃതികളെ ആഴത്തിൽ വിശകലനം ചെയ്യാൻ സഹായിക്കുന്നതാണ് മൂന്നാംഭാഗം. മലയാളസാഹിത്യത്തിലെ വിവിധ പ്രസ്ഥാനങ്ങളുടെയും പ്രവണതകളുടെയും തുടക്കത്തിലേക്ക് നാലാംഭാഗം ശ്രദ്ധ ക്ഷണിക്കുന്നു.

രചനകളിൽ നേരിട്ട് ഇടപെട്ടും പ്രതികരിച്ചും കാഴ്ചപ്പാടും നിലപാടും നിരന്തരം നവീകരിക്കാൻ ഭാഷാപഠനം സഹായകമാവണം. പാഠഭാഗങ്ങളോടൊപ്പം നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്.

വായനയുടെ വിശാലലോകത്തേക്കു നയിക്കുന്ന കവാടമാവട്ടെ ഈ പാഠപുസ്തകം. ഉന്നതമായ പഠനസന്ദർഭങ്ങൾ ആശംസിക്കുന്നു.

സ്നേഹത്തോടെ

**ഡോ. പി.എ. ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### പാഠപുസ്തക ശില്പശാലയിൽ പങ്കെടുത്തവർ

- പി. പ്രേമചന്ദ്രൻ, ഗവൺമെന്റ് എച്ച്. എസ്. എസ്.പയ്യന്നൂർ, കണ്ണൂർ
  കെ.വി. മണികണ്ഠദാസ്, ചട്ടഞ്ചാൽ എച്ച്. എസ്. എസ്, കാസർഗോഡ്
  എ.വി. പവിത്രൻ, ഗവൺമെന്റ് എച്ച്. എസ്. എസ്. കടന്നപ്പള്ളി , കണ്ണൂർ
  പി. രാമൻ, ഗവൺമെന്റ് ജനതാ എച്ച്.എസ്.എസ്. നടുവട്ടം, പട്ടാമ്പി, പാലക്കാട്
  എ.കെ. അബ്ദുൽഹക്കീം, നന്മണ്ട എച്ച്.എസ്.എസ്, നന്മണ്ട, കോഴിക്കോട്
  ഉമ്മർ ടി.കെ., ഗവൺമെന്റ് എച്ച്.എസ്.എസ്. അരോളി, കണ്ണൂർ
  ഡോ. ജിനേഷ്കുമാർ എരമം, ഗവ. ബോയ്സ് എച്ച്.എസ്.എസ്. മാടായി, കണ്ണൂർ
  ശിവകുമാർ ആർ.പി., എസ്.ആർ.വി.എച്ച്.എസ്.എസ്. എറണാകുളം
  പി. സുരേഷ്, ഗവൺമെന്റ് എച്ച്.എസ്.എസ്. അത്തോളി, കോഴിക്കോട്
  എം. സിദ്ദീഖ്, എൻ.എ.എം.എം.എച്ച്.എസ്.എസ്. പെരിങ്ങത്തൂർ, കണ്ണൂർ
  കെ. മുഹമ്മദ് ഷരീഫ്, മർകസ് എച്ച്.എസ്.എസ്. കാരന്തൂർ, കോഴിക്കോട്
  ടി.കെ. അനിൽകുമാർ, ഗവൺമെന്റ് എച്ച്.എസ്.എസ്. കൂത്തുപറമ്പ്, കണ്ണൂർ
  സന്തോഷ് ജോർജ്, സെന്റ് ആന്റണീസ് എച്ച്.എസ്.എസ്. കോട്ടയം
  കെ. ബാവ, ഗവൺമെന്റ് എച്ച്.എസ്.എസ്. മീനങ്ങാടി, വയനാട്
  പി.പി. പ്രകാശൻ, ടി.എം.വൈ.എച്ച്.എസ്.എസ്. ചേറൂർ, മലപ്പുറം
  പി.കെ. സഭിത്ത്, കെ.എൻ. എച്ച്. എസ്.എസ്. കരിയാട്, തലശ്ശേരി
  ആലീസ് ജോസഫ്, ഗവൺമെന്റ് എച്ച്.എസ്.എസ്. വിതുര, തിരുവനന്തപുരം
  അബ്ദുറഹിമാൻ വി.കെ, ഗവൺമെന്റ് മാപ്പിള എച്ച്.എസ്.എസ്, കൊയിലാണ്ടി
  സതീഷ്കുമാർ, കല്ലടി എച്ച്.എസ്.എസ്. മണ്ണാർക്കാട്, പാലക്കാട്
  ഡോ. ബാലചന്ദ്രൻ കുഞ്ഞ്, യൂണിവേഴ്സിറ്റി ടീച്ചർ എജുക്കേഷൻ സെന്റർ
  പി.പി. പ്രകാശൻ, എസ്.എൻ.ജി.എസ്. ഗവ. കോളേജ്, പട്ടാമ്പി, പാലക്കാട്
  മുഹമ്മദ് ബഷീർ, റിട്ടയേഡ് പ്രൊഫസർ, എം.ഇ.എസ്. കോളേജ്, മമ്പാട്
  കെ.ബി. ഹൃഷികേശ്, സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്

### ചിത്രരചന

- ജെ. ആർ. പ്രസാദ്
- കെ. ഷെരീഫ്
- സി. ഭാഗ്യനാഥൻ
- പി. രമേശൻ, ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ്, വടകര

### വിദഗ്ധപരിശോധന

- **ഡോ. ജോർജ് ഓണക്കൂർ**, മുൻ ഡയറക്ടർ, സംസ്ഥാന സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്
- **ഡോ. ഡി. ബഞ്ചമിൻ**, റിട്ട. പ്രൊഫസർ, കേരള സർവകലാശാല
- **ഡോ. പി. സോമനാഥൻ**, അസി. പ്രൊഫസർ, കോഴിക്കോട് സർവകലാശാല
- **ഡോ. ബി.വി. ശശികുമാർ**, അസോ. പ്രൊഫസർ, കേരള സർവകലാശാല
- **ഡോ. വിജയൻ ചാലോട്**, എസ്. എസ്. എ. കണ്ണൂർ
- **ശ്രീ. പി. നാരായണമേനോൻ**, റിട്ട. പ്രൊഫസർ, കേരളവർമ കോളേജ്, തൃശ്ശൂർ
- **ശ്രീ. അക്ബർ കക്കട്ടിൽ**, വൈസ് പ്രസിഡന്റ്, കേരള സാഹിത്യ അക്കാദമി
- **ശ്രീ. ബി. രാമചന്ദ്രൻപിള്ള**, റിട്ട. പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
- **ഡോ. എം.സി. അബ്ദുൾനാസർ**, ഗവൺമെന്റ് കോളേജ്, തിരൂർ
- **ഡോ. സി.ആർ. പ്രസാദ്**, കേരള സർവകലാശാല
- **പ്രൊഫ. ജി. പത്മറാവു**, കേരള സർവകലാശാല
- **ഡോ. പി.എൻ. ചന്ദ്രശേഖരൻ നായർ**, റിട്ട. പ്രൊഫസർ, എൻ.എസ്.എസ്. കോളേജ്, നിലമേൽ

### അക്കാദമിക് കോഡിനേറ്റർ

- **ഡോ. പി.കെ. തിലക്**, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഉള്ളടക്കം


**1. കിനാവ്** 7

സന്ദർശനം ..... 9
ഓർമ്മയുടെ ഞരമ്പ് ..... 12
വേരുകൾ നഷ്ടപ്പെടുത്തുന്നവർ ..... 23
മത്സ്യം ..... 31

**2. കാഴ്ച** 35

കായലരികത്ത് ..... 37
സിനിമയും സമൂഹവും ..... 39
കളവുപോയ സൈക്കിളും
കഴിഞ്ഞുപോയ കാലഘട്ടവും ..... 44
കൈപ്പാട് ..... 52
കേൾക്കുന്നുണ്ടോ? ..... 53

**3. ഉള്ളറിവ് ..... 58**

കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ ..... 60
ഊഞ്ഞാലിൽ ..... 65
അനർഘനിമിഷം ..... 69
ലാത്തിയും വെടിയുണ്ടയും ..... 73

**4. ഉറവ് ..... 83**

പീലിക്കണ്ണുകൾ ..... 85
അനുകമ്പ ..... 89
മുഹ്‌യിദ്ദീൻമാല ..... 91
വാസനാവികൃതി ..... 93
സംക്രമണം ..... 100
ശസ്ത്രക്രിയ ..... 103


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

നനനനന

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഒന്ന്

# കിനാവ്

മാറുന്ന കാലത്തിന്റെ സാംസ്കാരികമുദ്രകൾ സർഗാത്മക രചനകളിൽ പ്രതിഫലിക്കുക സ്വാഭാവികമാണ്. പ്രമേയസ്വീകരണത്തിലും ആഖ്യാനത്തിലും വരുന്ന പുതുമകൾ സാഹിത്യത്തിന്റെ വളർച്ചയുടെ ലക്ഷണങ്ങളാണ്. പുതിയ ജീവിതസാഹചര്യങ്ങൾ ഉൾക്കൊള്ളാനുതകുന്ന വിധത്തിൽ മലയാളസാഹിത്യത്തിൽ സർഗാത്മകാവിഷ്കാരങ്ങളും അവയെക്കുറിച്ചുള്ള ധാരണകളും വികസിച്ചു വന്നിട്ടുണ്ട്. പുതിയ കാഴ്ചകൾ, അനുഭവങ്ങൾ, പ്രവണതകൾ, തിരിച്ചറിവുകൾ എന്നിവ ആവിഷ്കരിക്കേണ്ടിവരുമ്പോൾ എഴുത്തുകാർ പുതിയ സങ്കേതങ്ങളെ ആശ്രയിക്കുന്നു. അനുവാചകരുടെ സംവേദനശീലത്തിലും ഇതിനനുസരിച്ച് നവീകരണങ്ങൾ സംഭവിക്കുന്നുണ്ട്. പുതിയ തലമുറയുടെ അഭിരുചികളെ ക്രിയാത്മകമായി അഭിസംബോധന ചെയ്യുകയും പുതുരചനാരീതികൾ പരിചയപ്പെടുത്തുകയുമാണ് ഈ യൂണിറ്റിന്റെ ഉദ്ദേശ്യം. ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷാനിർഭരമായ സങ്കൽപ്പങ്ങളാണ് പുതുതലമുറയിൽ രൂപപ്പെടേണ്ടത്. തിളക്കമാർന്ന സ്വപ്നലോകത്തെ സ്പർശിക്കാനുദ്യമിക്കുന്ന രചനകളാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മറ്റു കടൽക്കാക്കകളെപ്പോലെ താണുപറന്ന്, ഇരതേടിപ്പിടിച്ച് ഒതുങ്ങിക്കഴിഞ്ഞുകൂടാൻ ആവുമായിരുന്നില്ല ജോനാഥന്. കൂടുതൽ ഉയരത്തിൽ പറക്കുന്നവനേ കൂടുതൽ ദൂരം കാണാനാവൂ എന്ന് അവൻ വിശ്വസിച്ചു. ഇരുളിനെ കീറിമുറിച്ച് ഉയർന്നുപറക്കാൻ അവൻ പരിശീലിച്ചുകൊണ്ടിരുന്നു.

ഇവനെ അങ്ങനെ വിട്ടാൽ പറ്റില്ല. കടൽക്കാക്കകളുടെ പാരമ്പര്യം, മാന്യത എല്ലാം ഇവൻ തകർക്കും. കൂട്ടത്തിലെ മുതിർന്നവർ അവനെ വിസ്തരിച്ചു:

“തീറ്റ തേടാൻ, ആവുന്നേടത്തോളം ജീവനോടെ ഇരിക്കാൻ ഈ ലോകത്തേക്ക് നമ്മെ വിട്ടിരിക്കുന്നു എന്നല്ലാതെ മറ്റൊന്നും അറിയില്ലല്ലോ ജോനാഥാ. ഇത്തിരിപ്പോന്ന ഈ ജീവിതത്തിൽ പിന്നെന്തിനാണ് നീ നമ്മുടെ മാനവും മര്യാദയും കളഞ്ഞുകുളിക്കുന്നത്?”

“ആയിരം കൊല്ലം മീന്തലകൾക്കു പിറകേ നാം പരക്കം പാഞ്ഞു. ഇനിയത് പോരാ. നമുക്ക് ജീവിക്കണം. തീർച്ചയായും നമുക്ക് ജീവിക്കേണ്ടതിനൊരു ന്യായമുണ്ട്. പഠിക്കേണ്ടതിന്, കണ്ടുപിടിക്കേണ്ടതിന്, സ്വതന്ത്രമാകേണ്ടതിന്. എനിക്കൊരവസരം തരൂ; ഞാൻ എന്താണ് നേടിയെടുത്തിരിക്കുന്നതെന്നു കാണിക്കാം.”

ജോനാഥൻ പറഞ്ഞു നിർത്തി. തന്റെ ജനം ഇരുളിനെ കീറിമുറിച്ച് ഉയർന്നു പറക്കുന്ന സ്വപ്നമായിരുന്നു അവന്റെ മനസ്സു നിറയെ.

(റിച്ചാർഡ് ബാക്കിന്റെ ‘ജോനാഥൻ ലിവിങ്സ്റ്റൺ എന്ന കടൽക്കാക്ക’ എന്ന കൃതിയിൽനിന്ന്)

- ജോനാഥൻ എന്ന സങ്കൽപ്പത്തിൽ എന്തൊക്കെ ആശയങ്ങൾ ദർശിക്കാം? അവ എത്രമാത്രം പ്രചോദനാത്മകമാണ്? നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കൂ.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# സന്ദർശനം

**ബാലചന്ദ്രൻ ചുള്ളിക്കാട്**



അധികനേരമായ് സന്ദർശകർക്കുള്ള
മുറിയിൽ മൗനം കുടിച്ചിരിക്കുന്നു നാം.

ജനലിനപ്പുറം ജീവിതം പോലെയി-
പ്പകൽ വെളിച്ചം പൊലിഞ്ഞു പോകുന്നതും,
ചിറകു പൂട്ടുവാൻ കൂട്ടിലേക്കോർമ്മതൻ
കിളികളൊക്കെ പറന്നു പോവുന്നതും,
ഒരു നിമിഷം മറന്നു, പരസ്പരം
മിഴികളിൽ നമ്മൾ നഷ്ടപ്പെടുന്നുവോ?

മുറുകിയോ നെഞ്ചിടിപ്പിന്റെ താളവും,
നിറയെ സംഗീതമുള്ള നിശ്വാസവും.

പറയുവാനുണ്ടു പൊൻചെമ്പകം പൂത്ത
കരളു പണ്ടേ കരിഞ്ഞുപോയെങ്കിലും,
കറപിടിച്ചൊരെൻ ചുണ്ടിൽ തുളുമ്പുവാൻ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കവിത പോലും വരണ്ടുപോയെങ്കിലും,
ചിറകു നീർത്തുവാനാവാതെ തൊണ്ടയിൽ
പിടയുകയാണൊരേകാന്തരോദനം.

സ്മരണതൻ ദൂരസാഗരം തേടിയെൻ
ഹൃദയരേഖകൾ നീളുന്നു പിന്നെയും.
കനകമൈലാഞ്ചിനീരിൽ തുടുത്ത നിൻ
വിരൽ തൊടുമ്പോൾക്കിനാവു ചുരന്നതും,
നെടിയ കണ്ണിലെ കൃഷ്ണകാന്തങ്ങൾ തൻ
കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും
മറവിയിൽ മാഞ്ഞുപോയ നിൻ കുങ്കുമ-
ത്തരി പുരണ്ട ചിദംബരസന്ധ്യകൾ.

മരണവേഗത്തിലോടുന്ന വണ്ടികൾ
നഗരവീഥികൾ, നിത്യപ്രയാണങ്ങൾ
മദിരയിൽ മനം മുങ്ങി മരിക്കുന്ന
നരകരാത്രികൾ, സത്രച്ചുമരുകൾ...

ചില നിമിഷത്തിലേകാകിയാം പ്രാണൻ
അലയുമാർത്തനായ് ഭൂതായനങ്ങളിൽ
ഇരുളിലപ്പോഴുദിക്കുന്നു നിൻ മുഖം
കരുണമാം ജനനാന്തരസാന്ത്വനം.

അരുതു ചൊല്ലുവാൻ നന്ദി, കരച്ചിലിൻ
അഴിമുഖം നമ്മൾ കാണാതിരിക്കുക.
സമയമാകുന്നു പോകുവാൻ, രാത്രിതൻ
നിഴലുകൾ നമ്മൾ പണ്ടേ പിരിഞ്ഞവർ

(അമാവാസി)

- പൊൻചെമ്പകം പൂത്തകരൾ, കനകമൈലാഞ്ചിനീരിൽ തുടുത്ത വിരൽ, കണ്ണിലെ കൃഷ്ണകാന്തം കൊണ്ടു പൂത്ത ചില്ലകൾ - കവിതയിലെ പ്രണയഭാവത്തെ ആവിഷ്കരിക്കുന്നതിൽ ഈ പ്രയോഗങ്ങൾ എത്രത്തോളം സമർഥമായിട്ടുണ്ട്? വിശദീകരിക്കുക.
- കവിതയിലെ ചില പ്രയോഗവിശേഷങ്ങൾ ശ്രദ്ധിക്കുക.
  - മൗനം കുടിച്ചിരിക്കുന്നു
  - മിഴികളിൽ നമ്മൾ നഷ്ടപ്പെടുന്നുവോ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- തൊണ്ടയിൽ പിടയുകയാണൊരേകാന്തരോദനം

അതതു സന്ദർഭങ്ങളിൽ ഈ പ്രയോഗങ്ങൾക്കു കൈവരുന്ന ധ്വനിതലങ്ങൾ വിശദീകരിക്കുക.

പ്രണയത്തിന്റെ ഭൂതവർത്തമാനങ്ങളുടെ നിറഭേദങ്ങൾ ബാലചന്ദ്രൻ ചുള്ളിക്കാട് എങ്ങനെയാണ് കവിതയിൽ അവതരിപ്പിക്കുന്നത്?

"വേദന വേദന ലഹരിപിടിക്കും
വേദന ഞാനതിൽ മുഴുകട്ടെ,
മുഴുകട്ടെ, മമ ജീവനിൽ നിന്നൊരു
മുരളീമൃദുരവമൊഴുകട്ടെ"
(മനസ്വിനി - ചങ്ങമ്പുഴ)

"അരുതു ചൊല്ലുവാൻ നന്ദി, കരച്ചിലിൻ
അഴിമുഖം നമ്മൾ കാണാതിരിക്കുക"

പ്രണയഗാഥകൾ ഹൃദയസ്പർശികളാകുന്നത് അവയിൽ ദുഃഖത്തിന്റെ ആന്തരശ്രുതി ഉൾച്ചേരുന്നതുകൊണ്ടാണോ? കാഴ്ചപ്പാട് സമർഥിക്കുക.

പ്രണയതീരത്ത് സാന്ത്വനം കൊള്ളാൻ കൊതിക്കുമ്പോഴും അതിനാവാതെ പിടയുന്ന ഒരു വിഹ്വലമനസ്സിന്റെ യാത്രാരേഖയാണ് 'സന്ദർശനം' എന്ന കവിത. ഈ നിരീക്ഷണവുമായി ബന്ധിപ്പിച്ച് 'സന്ദർശന'ത്തിന് ഒരു ആസ്വാദനം എഴുതുക.

- "എൻചുണ്ടിലൊട്ടിടയ്ക്കൂറിയ മാധുരി
  നിൻ ചുണ്ടിനുള്ളതോ ലിപ്സ്റ്റിക്കിനുള്ളതോ?"
  ('മദിരാശിയിലെ സായാഹ്നം' -എൻ.വി. കൃഷ്ണവാര്യർ)
- "പ്രേമമൊരുമിനീരായ്ക്കാണുവോർ
  കായിൻ പേരിൽ പൂ മതിക്കുവോർ
  ഒന്നും പുണ്യമായെണ്ണീടാത്തോർ"
  (വൈലോപ്പിള്ളി - യുഗപരിവർത്തനം)
- "പ്രേമമേ നിൻപേരുകേട്ടാൽ പേടിയാം വഴിപിഴച്ച
  കാമകിങ്കരന്മാർ ചെയ്യും കടുംകൈകളാൽ"
  (കുമാരനാശാൻ - കരുണ)

പ്രണയത്തെ കവികൾ എങ്ങനെയൊക്കെയാണ് സങ്കൽപ്പിക്കുന്നത്? 'സന്ദർശന'ത്തിലെ പ്രണയസങ്കൽപ്പവുമായി ചേർത്തുവച്ച് പരിശോധിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഓർമ്മയുടെ ഞരമ്പ്

**കെ.ആർ. മീര**



തുരുമ്പുപിടിച്ച വിജാഗിരികൾ ഇളകുന്നതുപോലെയായിരുന്നു അവരുടെ ശബ്ദം. ചുക്കിച്ചുളിഞ്ഞ കഴുത്തിൽ വയലറ്റ് നിറമുള്ള ഒരു ഞരമ്പ് വെല്ലുവിളിപോലെ എഴുന്നുനിന്നു. കണ്ണട അൽപ്പമൊന്നു നേരെയാക്കി പ്രത്യേകിച്ചു മുഖവുരയൊന്നുമില്ലാതെ വൃദ്ധ ചോദിച്ചു:

“കുട്ടി എഴുതുമോ?”

പെൺകുട്ടി ഒന്നും മിണ്ടിയില്ല. അവൾ വെറുതെ അവരെ നോക്കുക മാത്രം ചെയ്തു. ഇടയ്ക്ക് യാദൃച്ഛികമായി നോട്ടം വൃദ്ധയുടെ തലയിൽ വീണു. തലയോട്ടി പാതിയും പുറത്തു കാണാം. എങ്കിലും

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അങ്ങിങ്ങ് ചില കറുത്ത മുടിനാരുകൾ ഇപ്പോഴും ബാക്കിയുണ്ട്.

"വള്ളത്തോളു വന്ന ഒരു സമ്മേളനമുണ്ടായിരുന്നു.... സ്വാതന്ത്ര്യം കിട്ടണേനു മുമ്പ്...." വൃദ്ധ പറഞ്ഞു.

'സ്വാതന്ത്ര്യം' എന്ന വാക്ക് ഉച്ചരിച്ചപ്പോൾ അവരുടെ വയ്പുപല്ലു സെറ്റ് ദയനീയതയോടെ പുറത്തേക്കുന്തിവന്നു.

അസ്വസ്ഥത മറയ്ക്കാനെന്നതുപോലെ അവൾ തന്റെ ചുരിദാറിന്റെ ഇളംനീലഷോളിന്റെ തൊങ്ങലുകൾ വിരലുകളിൽ ചുറ്റിമുറുക്കുകയും അഴിക്കുകയും ചെയ്തു.

"അന്നൊക്കെ സ്വാതന്ത്ര്യംന്നു വച്ചാൽ എന്താ, എല്ലാർക്കും ഭ്രാന്തല്ലേ? നൈലോണും നൈലക്സുമൊക്കെ എല്ലാരും കത്തിച്ചുകളഞ്ഞു.... ഖദറേ ഉടുക്കൂ. എനിക്ക് കറുത്ത കരയുള്ള ഒരു സാരിയുണ്ടായിരുന്നു.... അന്നു സാരിയുടുക്കണതുപോലും വല്യ ഫാഷനല്ലേ...."

പെൺകുട്ടി മുറിയിലെ പുസ്തകഷെൽഫിലേക്കു നോട്ടം മാറ്റി.

ഷെൽഫിന്റെ മുകൾത്തട്ടിൽ പഴയ ചില ഫോട്ടോകൾ ഫ്രെയിം ചെയ്തുവച്ചിരുന്നു. ആരോ ആരെയോ മാലയിട്ടു സ്വീകരിക്കുന്ന ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം കൂട്ടത്തിൽ മേധാവിത്വ ഭാവത്തോടെ തലയെടുത്തുനിന്നു. ബാക്കിയൊക്കെ പാറ്റ കരണ്ടതും വെള്ളമൊലിച്ച കറവീണതുമായ കുടുംബ ഫോട്ടോകളാണെന്നു തോന്നി. രണ്ടാമത്തെയും മൂന്നാമത്തെയും തട്ടുകളിൽ കുറേ നോട്ട്ബുക്കുകൾ മാത്രം.

പെൺകുട്ടി ഓർക്കാതെ വീണ്ടും വൃദ്ധയെ നോക്കി.

"വല്യമ്മാമ പറഞ്ഞിട്ടു ഞാനൊരു കവിതയെഴുതി. സമ്മേളനത്തില് വായിച്ചു.... അൽപ്പരാമെങ്ങടെ തുച്ഛവാടികളിലും കല്പനാ സൂനങ്ങൾ തൻ സൗരഭ്യം...."

'സൗരഭ്യം' എന്ന പദം ഉച്ചരിച്ചപ്പോഴും വൃദ്ധയുടെ പല്ലുസെറ്റുകൾ പുറത്തേക്കുന്തി.

കവിത ഈണത്തിൽ പാടാനുള്ള ശ്രമത്തിൽ അവരുടെ ഇടറിയ ഒച്ച വല്ലാതെ നേർത്തു തൊണ്ടയിലാരോ പിടിച്ചു മുറുക്കിയതുപോലെ ഒരു ഞരക്കമായിത്തീർന്നു.

"മഹാകവി..." വൃദ്ധ വള്ളത്തോളിനെ മുന്നിൽ കാണുന്നതുപോലെ ഭയഭക്തിബഹുമാനങ്ങളോടെ കരംകൂപ്പി.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



“അദ്ദേഹം എന്നെ അടുത്തുവിളിച്ച് രണ്ടു കൈയും ഈ തലയിൽവച്ച് അനുഗ്രഹിച്ചു: സരസ്വതി! സാക്ഷാൽ സരസ്വതി തന്നെ....”

വൃദ്ധ വള്ളത്തോളിന്റെ കരങ്ങൾ പതിഞ്ഞ സ്വന്തം തലയിൽ അരുമയായി തഴുകി. നരച്ച മുടികൾക്കു താഴെ വേറെയും കറുത്ത മുടിയിഴകൾ ഒളിച്ചിരിപ്പുണ്ടെന്ന് പെൺകുട്ടി ഈർഷ്യയോടെ കണ്ടെത്തി.

എപ്പോഴോ കത്തിത്തീർന്ന ഒരു ചന്ദനത്തിരിയുടെ ഗന്ധമുണ്ടായി രുന്നു മുറിയിൽ. ജനാലയിലൂടെ ഒരു ചുടുകാറ്റ് ഭ്രാന്തെടുത്തു കടന്നുവന്ന് മുറിയിൽ കോലാഹലമുയർത്തി. മങ്ങിയ വിരിയിട്ട മേശമേൽ ഇരുന്ന ചെറിയ സ്റ്റീൽ ഫ്ളാസ്ക് ചെറുതായി വിറച്ചു. അരികിൽ ഇരുന്ന ഔൺസ് ഗ്ലാസ് മറിഞ്ഞുവീണുരുണ്ടു. അപ്പോൾ ഏതോ ഒരു ഔഷധത്തിന്റെയും ഗന്ധമുയർന്നു.

ഇതൊക്കെയാണെങ്കിലും പലതരം ഗന്ധങ്ങൾ നിറഞ്ഞ ഈ മുറി അവൾക്ക് ഇഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. ഈ വീട്ടിലെ ഏറ്റവും വായുസഞ്ചാരമുള്ള മുറി ഇതാണെന്ന് പെൺകുട്ടി വിചാരിച്ചു.

“അന്ന് എനിക്കു വെറും ഒമ്പതു വയസ്സ്...........” വൃദ്ധ പറയുകയായിരുന്നു: “പക്ഷേ, ഇപ്പഴത്തെ പെങ്കുട്ട്യോളുടെ മാതിരിയല്ല.... കണ്ടാൽ പത്തുപതിനാറു വയസ്സിന്റെ വളർച്ചയുണ്ട്. അന്ന് ആ സമ്മേളനത്തിൽവച്ച് എന്നെ കണ്ടിട്ടാണ് ഇവിടത്തെ യാൾ....”

പറഞ്ഞുവന്നത് പെട്ടെന്ന് അവർ അവസാനിപ്പിച്ചു. പിന്നെ നേര്യതിന്റെ തുമ്പിൽനിന്ന് എഴുന്നുനിന്ന ഒരു വെള്ളനൂൽ ശ്രദ്ധാപൂർവം പൊട്ടിച്ചുകളഞ്ഞു.

നേർത്ത ചുവന്നകരയൻ മുണ്ടും നേര്യതുമാണ് അവർ ധരിച്ചിരുന്നത്. വെള്ള ബ്ലൗസ് പഴക്കംകൊണ്ടാകാം, അങ്ങിങ്ങു പൊടിഞ്ഞിരുന്നു.

വൃദ്ധ അസ്വസ്ഥയായിട്ടെന്നപോലെ എഴുന്നേറ്റു. അവർ പ്രാഞ്ചി പ്രാഞ്ചി മുറിയുടെ മൂലയിലുള്ള ഷെൽഫിന്റെ അടുത്തേക്കാണു നീങ്ങിയത്.

ഷെൽഫിനരികിലെ കസേരയിലിരുന്ന് വൃദ്ധ ബുക്കുകൾ ഓരോന്നും എടുത്തു ശ്രദ്ധാപൂർവം മറിച്ചുനോക്കി.

ആ കസേര അവിടെ സ്ഥിരമായി ഇട്ടിരിക്കുകയാണെന്നും അവർ അവിടെ സ്ഥിരമായി ഇരുന്നു പുസ്തകങ്ങൾ എടുക്കാറുണ്ടെന്നും പെൺകുട്ടിക്കു തോന്നി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





"ഇതല്ല.... ചോന്ന ചട്ടയുള്ള ബുക്കാ...."

ഒരു ബുക്കെടുത്തു നിവർത്തിയിട്ട് വൃദ്ധ ആവേശത്തോടെ പറഞ്ഞു.

പെൺകുട്ടി ഒന്നു ഞെട്ടി.

വൃദ്ധ പിന്നെയും പുസ്തകം ഇളക്കിയപ്പോൾ പറന്നുപൊങ്ങിയ പൊടിയടിച്ചു പെൺകുട്ടിക്കു തുമ്മൽ വന്നു.

വൃദ്ധ തീരെ സഹതാപമില്ലാതെയാണ് അപ്പോൾ അവളെ നോക്കിയത്.

"എനിക്കുമുണ്ടായിരുന്നു ഇടയ്ക്ക്...." അവർ മറ്റൊരു ബുക്കെടുത്തു നിവർത്തു.

"അതല്ലേ ആ ബുക്ക് നഷ്ടപ്പെട്ടത്? തുമ്മലുകാരണം പഴയ പത്രക്കടലാസും കുട്ട്യോളുടെ പുസ്തകോമൊക്കെ അടുക്കിവയ്ക്കാൻ മടിയായി. അതിന്റേടേല്.... ഈ ബുക്ക് എവിടെയോ എങ്ങനെയോ... ഇവിടുള്ളാളിന് പഴയ കടലാസ് കാണണതേ അരിശമായിരുന്നു. എല്ലാം അടുക്കിവയ്ക്കണം.... മുറീല് ഒരിടത്തും പൊടിയും കടലാസും ഒന്നും കാണരുത്. എപ്പഴും



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അടിച്ചുവാരിയിടണം." അവരുടെ നിശ്വാസം നിന്നു വിറച്ചു: "വയസ്സുകാലത്ത് ഇങ്ങനെയൊരാവശ്യം ണ്ടാവുംന്ന് ആരു കണ്ടു!"

അതു പെൺകുട്ടിയുടെ ഹൃദയത്തിൽത്തന്നെ കൊണ്ടു. ശരിയാണ്, ആരു കാണുന്നു....

അവർ ആ ബുക്കും മടക്കിവച്ച് അടുത്തത് എടുത്തു.

"ആദ്യത്തെ കഥ എഴുതണ സമയത്ത് ഇവിടുള്ളാള് ജയിലിലാ...."

കഥ എന്ന പദം ഉച്ചരിച്ചപ്പോഴും വൃദ്ധയുടെ വയ്പുപല്ലുകൾ ബീഭത്സമായി ഇളകി.

പെൺകുട്ടി അസഹ്യതയോടെ എഴുന്നേറ്റ് ജനാലയ്ക്കരികിലേക്കു ചെന്നു. വീണ്ടും വീശിയടിച്ച കാറ്റിൽ മുഖത്തേക്കു പാറിവീണ മുടിയിഴകൾ ഒതുക്കാൻ അവൾ ശ്രമിച്ചു. അപ്പോൾ, രാവിലെ സീമന്തരേഖയിലിട്ട സിന്ദൂരം വിയർപ്പിൽ കുതിർന്ന് വിരലിലൊട്ടി. ഒരുതുള്ളി രക്തംപോലെ അതു വിരൽത്തുമ്പിൽ ഒരുനിമിഷം തങ്ങി. പിന്നെ മെല്ലെ താഴേക്കു വീണു മരിച്ചു.

വൃദ്ധ അടുത്ത ബുക്കെടുത്തു നിവർത്തുകയായിരുന്നു.

"രാമൻകുട്ട്യടെ പഴയ നോട്ട്ബുക്ക്. ഇവിടുത്തെ അമ്മ കാണാതെ രാത്രീല്, ദാ ഈ മുറീടെ മൂലേല് വിളക്കു കത്തിച്ച് വച്ചിരുന്ന്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എഴുത്യ കഥ. ഇവിടുത്തെ അമ്മയ്ക്ക് എഴുതണതും വായിക്കണതും കണ്ടാൽ കലിയിളകും. അതുകൊണ്ടു തറവാട്ടിലേക്ക് എന്താ പ്രയോജനംന്ന് അമ്മ ചോയ്ക്കും."

അവർ ബുക്കിലെ പേജുകൾ സാവകാശം മറിച്ചു.

"സമ്മേളനത്തിനു കവിത വായിച്ച പെങ്കുട്ട്യേ ഇഷ്ടപ്പെട്ടൂന്ന് പറഞ്ഞതിന് ഇവിടെ വലിയ പുകിലായിരുന്നൂത്രേ.... ശര്യല്ലേ? എന്തിനാ പാട്ടും കഥേം? അമ്മ പറേണതുപോലെ, പെണ്ണായാൽ ചോറും കറീം വയ്ക്കണം, പെറണം...."

അവർ പേജുകൾ പതുക്കെ മറിച്ചു.

"രാമൻകുട്ടിക്ക് പേരിട്ടത് ഇവിടുത്തെയാളാ. അവൻ രാമനെപ്പോലെ വളരട്ടെന്നു പറഞ്ഞു. അന്ന് രവീന്ദ്രനാഥ് എന്ന പേരായിരുന്നു എനിക്കിഷ്ടം. പിന്നെ ഞാനോർത്തു, ഇവിടുത്തെയാളുടെ ഇഷ്ടംപോലാവട്ടെ. എന്തിനാ വെറുതെ ഒരു കലശൽ? രവീന്ദ്രനാഥ് എന്നു വിളിച്ചാലും രാമൻകുട്ടീന്നു വിളിച്ചാലും മോൻ എന്റെ മോനല്ലേ. അതോണ്ട് ശ്രീക്കുട്ടിക്കു ഞാൻ പേരൊന്നും വിചാരിച്ചില്ല. ശ്രീകുമാരീന്നാ അദ്ദേഹം പേരിട്ടത്.... രാമൻകുട്ട്യോടു ഞാൻ പറഞ്ഞിരുന്നു, നിനക്കു കുട്ട്യോളുണ്ടാവുമ്പോൾ ആണെങ്കിൽ രവീന്ദ്രനാഥ്ന്ന് ഇടണം. പെണ്ണെങ്കിൽ മൃണാളിനീന്ന്. ടാഗോറിന്റെ പേരല്ലേ രവീന്ദ്രനാഥ്. ടാഗോറിന്റെ ഭാര്യയുടെ പേരാണ് മൃണാളിനി...."

മൃണാളിനി എന്ന പേര് ഉച്ചരിക്കാൻ നേരമായപ്പോൾ പെൺകുട്ടി വേഗം പുറത്തേക്കു നോക്കി.

എങ്കിലും പെൺകുട്ടിക്ക് വൃദ്ധയോട് ഒരടുപ്പം തോന്നിത്തുടങ്ങിയിരുന്നു.

"ആദ്യത്തെ കഥ സ്വാതന്ത്ര്യസമരത്തിനുവേണ്ടി ജയിലിൽ പോകുന്ന സ്ത്രീയെക്കുറിച്ചായിരുന്നു."

സ്വാതന്ത്ര്യം എന്ന പദം വന്നപ്പോൾ പെൺകുട്ടി ചുണ്ടുകൾ പൂട്ടി രഹസ്യമായി സ്വന്തം പല്ലുകൾ നാവുകൊണ്ടു തടവി. എങ്ങാനും ഇളകുന്നുണ്ടോ?

വൃദ്ധ മറ്റൊരു നോട്ട്ബുക്കെടുത്തു നിവർത്തി.

"അത് ഇവിടുള്ളാളെ വായിച്ചുകേൾപ്പിക്കാൻവേണ്ടി സൂക്ഷിച്ചു വച്ചു.... പക്ഷേ, ജയിലീന്നു വന്നു കുറേ ദിവസം കഴിഞ്ഞ്, ഞാൻ ഒരു കഥയെഴുതീട്ട്ണ്ട് എന്നു പറഞ്ഞപ്പോ...."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പെൺകുട്ടി ആകാംക്ഷയോടെ നോക്കി.

വൃദ്ധയുടെ മുഖം മങ്ങിയിരുന്നു.

പെട്ടെന്ന് അവർ ആ ബുക്ക് തിരികെ വച്ച് മറ്റൊന്ന് എടുത്തു.

''ങ്ഹാ, ഇതുപോലെയുള്ള ഒരു ബുക്കായിരുന്നു.... ദാ ഇങ്ങനത്തന്നെ നീലവരയുള്ള ബുക്ക്.... അതില് മുകളില് ഞാൻ ഓം എന്നെഴുതീട്ടാണ് എഴുതിത്തുടങ്ങ്യത്. രണ്ടാമത്തെ കഥയ്ക്ക് മേലെ ശ്രീരാമജയം എന്നെഴുതി. രണ്ടാമത്തെ കഥയെഴുതുമ്പോൾ ഇവിടുത്തെയാൾ ഡൽഹീലാ.... എം.പിയായിട്ട്....”

അവർ ബുക്ക് മടക്കി ഷെൽഫിൽ വച്ചു.

“ഡൽഹി കാണാൻ വല്ലാത്ത കൊത്യായിരുന്നു എനിക്ക്. പക്ഷേ, എന്നെ കൊണ്ടോയില്ല.... പിന്ന്യാവാം പിന്ന്യാവാം എന്നു പറഞ്ഞു കാലം പോയി.... ഒരു വല്ല്യൊഴിവിന് കുട്ട്യോളേം അമ്മേംകൊണ്ട് ഡൽഹി കാണിക്കാൻ പോയി. ഞാനുംകൂടിപ്പോയാൽ പശുക്കളെ ആരു നോക്കും, അച്ഛന്റെ അസ്ഥിത്തറേല് ആരു തിരി കൊളുത്തും എന്നൊക്കെ ചോദിച്ചു, ഇവിടുത്തെ അമ്മ.... ഏതായാലും എന്റെ പോക്കു നടന്നില്ല.”

വൃദ്ധ അപകടംപിടിച്ച രഹസ്യം പറയുന്നതുപോലെ പെൺ കുട്ടിക്കു നേരെ അൽപ്പമൊന്ന് ആഞ്ഞിരുന്നു.

“അന്നെഴുതീതാണു രണ്ടാമത്തെ കഥ....”

ഇപ്പോൾ പെൺകുട്ടിക്കു വൃദ്ധയോട് കൂടുതൽ താൽപ്പര്യം തോന്നി.

“എന്തായിരുന്നു അത്?” പെൺകുട്ടി ചോദിച്ചു.

“ഒരു സാഹിത്യകാരി.... അവള് കഥയെഴുതി ആണുങ്ങളുടെ കള്ളപ്പേരില് പത്രമാസികകൾക്ക് അയച്ചുകൊടുക്കുന്നു. ഒടുവിൽ അവളുടെ ഒരു കഥയ്ക്ക് സമ്മാനം കിട്ടിയപ്പോൾ ആളുകള് അന്വേഷിച്ചുപിടിച്ച് അവളുടെ വീട്ടിലെത്തുന്നു.... വിവരമറിഞ്ഞ പ്പോൾ അവളുടെ ഭർത്താവ് പറഞ്ഞു: ഓ അതു ഞാനെഴുതിയതു തന്നെ...”

വൃദ്ധ കൃത്രിമമായ കൊച്ചരിപ്പല്ലുകൾ കാട്ടി ചിരിച്ചു: “ഓരോരോ മോഹങ്ങള്.”

അവർ ബുക്ക് തിരിച്ചുവച്ച് മറ്റൊന്നെടുത്തപ്പോൾ പെൺകുട്ടിക്ക് ബാക്കി കഥ അറിയാൻ താൽപ്പര്യം തോന്നി. അവൾ ജനാലയഴികളിൽ ചാരി വൃദ്ധയ്ക്കു നേരെ തിരിഞ്ഞുനിന്നു.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



“മൂന്നാമത്തെ കഥയോ?” അവൾ ചോദിച്ചു.

വൃദ്ധ മറ്റൊരു നോട്ട്ബുക്ക് എടുക്കാൻ തുടങ്ങുകയായിരുന്നു.

അപ്പോൾ പത്മാക്ഷി പാത്രങ്ങളുമായി വാതിൽ കടന്നുവന്നു.

“വല്യമ്മേ.... ഓ.... തുടങ്ങിയോ പരീക്ഷയ്ക്കു പടിക്കാൻ?” പത്മാക്ഷി പരിഹാസം കലർന്ന സ്വരത്തിൽ ഒച്ചവച്ചു.

“എത്ര നാളായിട്ടു പടിക്കുന്നതാ? ഇതെന്നാ ഒന്നു തീരുന്നത്?” അവർ പെൺകുട്ടിയെ നോക്കി ഒരു ചെറിയ കുട്ടിയോടെന്നതു പോലെ കണ്ണുകളടച്ചു കാട്ടിയിട്ട് പാത്രങ്ങൾ മേശപ്പുറത്തു നിരത്തിവച്ചു.

ഒരു ചെറിയ ചരുവത്തിൽ കഞ്ഞി. അതൊഴിച്ചു കുടിക്കാൻ വക്കുകൾ ഉരുണ്ട പരന്ന സ്റ്റീൽപാത്രം. ഒരു ചെറിയ പാത്രത്തിൽ രണ്ടു പപ്പടം.

“വല്യമ്മേ, ഒന്നും കഴിക്കണ്ടായോ? കഞ്ഞീം കുടിച്ചിട്ട് ഉച്ചക്കലത്തെ മരുന്നും കഴിച്ചിട്ടു കേറിയൊന്നു കിടന്നൊറങ്ങിക്കേ.... എണീറ്റിട്ടു ദേഹം തുടച്ചു തരാം....”

“ഒച്ചയെടുക്കാതെ പെണ്ണേ....” വൃദ്ധ സൗമ്യതയോടെ ശാസിച്ചു: “എനിക്കു കേൾക്കാം.”

“ഓ, എനിക്കിരിക്കട്ടെ കുറ്റം.” പത്മാക്ഷിയുടെ മുഖത്തെ തടിച്ച പേശികൾ നിന്ദയോടെ ചലിച്ചു. അവർ പെൺകുട്ടിയുടെ നേരെ തിരിഞ്ഞു.

“മോളെന്താ കല്യാണത്തിനു പോകാഞ്ഞത്?” അവർ കുറ്റപ്പെടുത്തും പോലെ ചോദിച്ചു: “ശ്രീമോൻ കൊറേ നിർബന്ധിച്ചതല്ലിയോ? പുതുപ്പെണ്ണിനെ കാണാൻ എല്ലാർക്കും ആശ കാണത്തില്ലിയോ?”

പെൺകുട്ടി ഒന്നും പറഞ്ഞില്ല. വൃദ്ധ വെറുതെ ചിരിച്ചു.

പെൺകുട്ടിക്കു ബാക്കി കഥ അറിയാൻ താൽപ്പര്യം തോന്നി. വൃദ്ധ പക്ഷേ, നിശ്ശബ്ദയായിരുന്നു.

പത്മാക്ഷി പകർന്നുവച്ച കഞ്ഞി അവർ കഴിച്ചു. പിന്നെ വാഷ് ബേസിനരികിലേക്കു നടന്നു.

പല്ലുസെറ്റ് ഊരിക്കഴുകി വാഷ്ബേസിന് അരികിൽവച്ച കുപ്പിഗ്ലാസിലെ വെള്ളത്തിലിട്ട്, സ്റ്റാൻഡിലിട്ട ടവ്വലിൽ കൈയും മുഖവും തുടച്ചിട്ട് അവർ മെല്ലെ നടന്നു വന്നു.

പത്മാക്ഷി മേശമേലിരുന്ന കുപ്പിയിൽനിന്ന് ഒരു ഗുളികയും ഗ്ലാസിൽ വെള്ളവും പകർന്നെടുത്തു നീട്ടിയത് അവർ വാങ്ങി.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചുളിഞ്ഞ തൊണ്ടയിലൂടെ ഗുളികയും വെള്ളവും പ്രയാസപ്പെട്ട് ഇറങ്ങുന്നത് പെൺകുട്ടിക്കു കാണാമായിരുന്നു. ഗുളിക വയലറ്റ് നിറമുള്ള ആ വലിയ ഞരമ്പിനോട് തെല്ലുനേരം മൽപ്പിടിത്തം നടത്തി. പിന്നെ മെല്ലെ അപ്രത്യക്ഷമായി. അപ്പോൾ വൃദ്ധ മെല്ലെ കട്ടിലിലേക്കു ചരിഞ്ഞു.

കഥയുടെ ബാക്കി അറിയാൻ പെൺകുട്ടിക്ക് ആകാംക്ഷ വർധിക്കുകയായിരുന്നു.

"പുള്ളിക്കാരിയുടെ പഴയൊരു ബുക്കൊണ്ടാരുന്നു. ഓർമ്മ പോയേപ്പിന്നെ അതു തപ്പി നടക്കുവാ" -പത്മാക്ഷി രഹസ്യമായി പറഞ്ഞു.

"മച്ചിന്റെ മോളിലും നെലവറേലും ഒക്കെ കേറിത്തപ്പും.... ഒടുവിൽ സഹികെട്ട് ഇവിടെ രാധേച്ചി ശ്രീമോന്റെയും മീനുമോളുടെയും പഴയ കുറേ ബുക്കെടുത്തു വച്ചു കൊടുത്തു.... അതുകൊണ്ട് ആശ്വാസമായി.... അതോരോന്നും എടുത്തു മറിച്ചുനോക്കി ഇരുന്നോളും...."

പെൺകുട്ടി ഒന്നു നെടുവീർപ്പിട്ടുപോയി.

"മോളു പോരെ. ഇനീപ്പം വല്യമ്മ ഒറങ്ങിക്കോളും. വൈകിട്ട് അഞ്ചുവരെ ഈക്കെടപ്പാ."

അവർ പാത്രങ്ങളെടുത്ത് അടുക്കി പുറത്തേക്കു പോയപ്പോൾ എന്തു ചെയ്യണമെന്നറിയാതെ പെൺകുട്ടി നിന്നു.

"മൂന്നാമത്തെ കഥ....?" പെൺകുട്ടി സ്വയമറിയാതെ വീണ്ടും ചോദിച്ചു.

വൃദ്ധ അടഞ്ഞുതുടങ്ങിയ കണ്ണുകൾ വലിച്ചു തുറന്ന് മുറിയിൽ അവളുടെ സ്ഥാനം പ്രയാസപ്പെട്ടു നിർണയിച്ചു. പിന്നെ ഒരു ക്രൂരമായ ചിരിയോടെ പറഞ്ഞു:

"ദുർമ്മരണം."

പെൺകുട്ടിക്കു മനസ്സിലായില്ല.

"കുരുക്കിടുമ്പോൾ കഴുത്തിൽ ദാ, ഈ ഞരമ്പിൽ വീഴണം...." അവർ കഴുത്തിലെ വയലറ്റ് ഞരമ്പിൽ തൊട്ടു: "അതാരറിഞ്ഞു....!"

പെൺകുട്ടിക്ക് ഭയംപോലെയൊരു വികാരംകൊണ്ടു ശരീരം കോരിത്തരിച്ചു.

"ഞരമ്പു തെറ്റരുത്...." അവർ കണ്ണുകളടച്ചുകൊണ്ട് ഓർമ്മിപ്പിച്ചു: "തെറ്റിയാൽ ഓർമ്മ പോകും."

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വൃദ്ധ പിന്നെ ഒന്നും പറഞ്ഞില്ല.

രാത്രി ഏറെ വൈകി ശ്രീജിത്ത് തിരിച്ചെത്തുമ്പോൾ പെൺകുട്ടി കണ്ണാടിക്കു മുന്നിൽ കഴുത്തുനീട്ടി നിന്ന് എന്തോ പരിശോധിക്കുകയായിരുന്നു.

''എന്താ നോക്കുന്നത്?'' അർഹിക്കുന്ന ആദരം കിട്ടാത്ത യജമാനന്റെ ഈർഷ്യയോടെ അയാൾ ചോദിച്ചു.

"ഒരു ഞരമ്പ്." അവൾ വേവലാതിയോടെ പറഞ്ഞു: "ഓർമ്മയുടെ ഞരമ്പ്."

(ഓർമ്മയുടെ ഞരമ്പ്)

- "പിന്ന്യാവാം പിന്ന്യാവാം എന്നു പറഞ്ഞു കാലം പോയി... ഒരു വല്ല്യൊഴിവിന് കുട്ട്യോളെയും അമ്മേം കൊണ്ട് ഡൽഹി കാണിക്കാൻ പോയി. ഞാനുംകൂടിപ്പോയാൽ പശുക്കളെ ആരു നോക്കും, അച്ഛന്റെ അസ്ഥിത്തറേല് ആരു തിരി കൊളുത്തും എന്നൊക്കെ ചോദിച്ചു, ഇവിടത്തെ അമ്മ... ഏതായാലും എന്റെ പോക്കു നടന്നില്ല."

- ''അപ്പോൾ, രാവിലെ സീമന്തരേഖയിലിട്ട സിന്ദൂരം വിയർപ്പിൽ കുതിർന്ന് വിരലിലൊട്ടി, ഒരുതുള്ളി രക്തം പോലെ അതു വിരൽത്തുമ്പിൽ ഒരുനിമിഷം തങ്ങി. പിന്നെ മെല്ലെ താഴേക്ക് വീണു മരിച്ചു."

- "എന്താ നോക്കുന്നത്?" അർഹിക്കുന്ന ആദരം കിട്ടാത്ത യജമാനന്റെ ഈർഷ്യയോടെ അയാൾ ചോദിച്ചു."

വ്യത്യസ്ത തലമുറകളിലെ സ്ത്രീകഥാപാത്രങ്ങളുടെ അനുഭവങ്ങളാണ് ഇവ. കുടുംബത്തിനകത്തെ അധികാരഘടന, സ്ത്രീകളുടെ പദവി എന്നിവ സംബന്ധിക്കുന്ന എന്തൊക്കെ ആശയങ്ങളാണ് കഥാസന്ദർഭങ്ങളിൽ തെളിഞ്ഞു വരുന്നത്? ചർച്ചചെയ്യുക.

- "നരച്ച മുടികൾക്കു താഴെ വേറെയും കറുത്ത മുടിയിഴകൾ ഒളിച്ചിരിപ്പുണ്ടെന്നു പെൺകുട്ടി ഈർഷ്യയോടെ കണ്ടെത്തി."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "കഥയുടെ ബാക്കി അറിയാൻ പെൺകുട്ടിക്ക് ആകാംക്ഷ വർധിക്കുകയായിരുന്നു."

കഥയുടെ തുടക്കത്തിൽ പെൺകുട്ടിക്കുണ്ടായിരുന്ന 'ഈർഷ്യ' കഥാന്ത്യത്തിൽ 'ആകാംക്ഷ'യായി രൂപപ്പെടുന്നുണ്ടല്ലോ. എന്തുകൊണ്ടാവും ഇങ്ങനെയൊരു ഭാവമാറ്റം പെൺകുട്ടിക്കുണ്ടായത്?

''ഞരമ്പു തെറ്റരുത്'' - അവർ കണ്ണുകളടച്ചുകൊണ്ട് ഓർമ്മിപ്പിച്ചു. "തെറ്റിയാൽ ഓർമ്മ പോകും" - 'ഓർമ്മയുടെ ഞരമ്പ്' എന്ന ശീർഷകം ഈ സന്ദർഭത്തിന്റെ വിശദീകരണമാണോ? അഭിപ്രായങ്ങൾ പങ്കുവയ്ക്കുക.

സ്വാതന്ത്ര്യം എന്ന സങ്കൽപ്പത്തിന് ഈ കഥയിൽ വ്യത്യസ്തമായ മാനങ്ങളുണ്ട്.

- ദേശത്തിന്റെ സ്വാതന്ത്ര്യം
- സ്ത്രീയുടെ സ്വാതന്ത്ര്യം
- ആവിഷ്കാരസ്വാതന്ത്ര്യം
- 

ഈ ആശയങ്ങൾ കഥയിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെയെന്നതിനെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക.

ഓർമ്മയുടെ സമ്പന്നമായ ഒരു ഭൂതകാലം വൃദ്ധയ്ക്കുണ്ട്. പുതുതലമുറയുടെ പ്രതിനിധി എന്ന നിലയിൽ കഥയിലെ പെൺകുട്ടിക്കോ? കഥയിലെ സൂചനകൾ വികസിപ്പിച്ച് 'പെൺകുട്ടി' എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# വേരുകൾ നഷ്ടപ്പെടുത്തുന്നവർ

**എൻ.എ. നസീർ**



നെഞ്ചോട് അണച്ചു പിടിക്കുന്നപോലെ ആയിരിക്കാം ഭൂമി ഓരോ വൃക്ഷത്തെയും തന്നിലേക്കു ചേർത്തുവച്ചിരിക്കുന്നത്. വേരുകളൊക്കെയും നാം കൊത്തിയകറ്റുമ്പോഴും ഭൂമി തുരന്ന് അവ പുറത്തിടുമ്പോഴും വീഴുന്നതിനു തൊട്ടുമുമ്പ് ആ വൃക്ഷത്തിന് ദയനീയമായ ഒരു നിൽപ്പുണ്ട്; ഏതാനും നിമിഷത്തേക്കുമാത്രം, തന്റെ ചുറ്റിനും തന്നോടൊപ്പം വളർന്നുവന്ന കൂട്ടുകാരെയെല്ലാം അവസാനമായി ഒരു നോക്കു കാണുന്നതിന്. പിന്നീട്, ഒടുവിലെ വേരും അറ്റ് ആർത്തലച്ച് അത് മണ്ണിലേക്കു പതിക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മഴക്കാടിന്റെ അടിത്തട്ടിലുടനീളം വേരുകളായിരുന്നു. അവയെ പുതഞ്ഞ് കറുത്ത മണ്ണും. മുകളിൽ അഴുകി കുഴമ്പുരൂപത്തിലായ മരിച്ച ഇലകൾ. അതിനു മുകളിൽ പഴകിയ ഇലകളുടെയും പൊടിഞ്ഞ ഇലകളുടെയും അടുക്ക്. വീണ്ടും മുകളിൽ പൊടിഞ്ഞു ദ്രവിച്ചുകൊണ്ടിരിക്കുന്ന ഇലകൾ. ഏറ്റവും മുകളിൽ പൊഴിഞ്ഞു വീണുകൊണ്ടിരിക്കുന്ന ഇലകൾ. ഈ ഇലയടരുകളെല്ലാം തന്നെ അങ്ങു താഴെയുള്ള വേരുകൾ തേടി ചെല്ലുകയാണ്; വേരുകളിലൂടെ വീണ്ടും വൃക്ഷത്തിലെത്തി പുനർജനിക്കാൻ.

വയനാട്ടിലെ കുറുവദ്വീപുകളിൽ മത്സരത്തോടെ പുഴയെ തേടി ചെല്ലുന്ന വേരുകളെ എവിടെയും കാണാം. അവ പുഴയോരമാകെ കൈയടക്കിയിരുന്നു. ഇവ ദ്വീപുകളെ തെല്ലെങ്കിലും ദൃഢപ്പെടുത്താതിരിക്കില്ല. നല്ല ബലിഷ്ഠമായ വേരുകളും കല്ലുകളുമൊക്കെക്കൂടി പുഴയുടെ ശക്തമായ ഒഴുക്കിനെ പ്രതിരോധിക്കുകയാണ്. വേരുകളിലൂടെ വഴുക്കാതെ വേണം പുഴയിലേക്കിറങ്ങിച്ചെല്ലാൻ. മഴയുടെ നനവും പുഴയുടെ കുളിരും വേരുകളിലൂടെ തൊട്ടറിയുന്നുണ്ടായിരുന്നു.

വേരുകൾക്കരികിൽ ഇരിക്കുമ്പോൾ വൃക്ഷത്തിൽനിന്ന് പുഴയ്ക്കരികിലേക്ക് ഇറങ്ങിവരുന്ന വേരുകളെ നോക്കി. ചിലപ്പോൾ കാട് ചുറ്റിവരുന്ന പുഴയുടെ കഥകൾ വേരുകൾ വഴി വൃക്ഷങ്ങൾ കേൾക്കുന്നുണ്ടാകാം. അതോ വൃക്ഷങ്ങളുടെ കഥകൾ പുഴയ്ക്കു കേൾക്കുവാനോ? ജലാശയങ്ങളും വേരുകളും തമ്മിൽ എന്തൊക്കെ സന്ദേശങ്ങൾ കൈമാറുന്നുണ്ടാകാം?

വലിയ ചീനിവൃക്ഷങ്ങൾ കാണുമ്പോൾ, ചെമ്പന്റെയും കുമാരന്റെയും കൂടെ തേൻ നോക്കാൻ ഷോളയാർ കാടുകളിൽ അലഞ്ഞുതിരിഞ്ഞു നടന്നതും ഓർമ്മയിലുണരും. അടിച്ചിൽതൊട്ടി മുതുവക്കുടിയിൽനിന്നു ഞങ്ങളന്ന് കാടിന്റെ ഏറെ ഉള്ളിലായിരുന്നു. കാട്ടുചോലകൾക്കുള്ളിലും വൻവൃക്ഷച്ചോടുകൾക്കിടയിലും അന്തിയുറങ്ങിയ രാവുകൾ. കുമാരൻ എപ്പോഴും വലിയ ചീനിമരച്ചോട് ഉറക്കത്തിനായി തിരഞ്ഞെടുക്കുമായിരുന്നു. അവയുടെ വേരുകൾ തായ്ത്തടിയിൽ നിന്നുതന്നെ ചുറ്റിനും പടർന്ന് ഉയരത്തിൽ ഭിത്തിപോലെ നിൽപ്പുണ്ടായിരുന്നു. ആദ്യമൊക്കെ ആ കാഴ്ച കൗതുകകരമായിരുന്നു. ഇത്തരം വേരുകൾ (Bettresses)ക്കിടയിൽ കാട്ടുകൂവയിലകൾ മെത്തപോലെ വിരിച്ച് ചെമ്പനും കുമാരനും ഉറക്കറ തയാറാക്കും. രണ്ട് വേരുകൾക്കിടയിൽ അഞ്ചും ആറും പേർക്കൊക്കെ സുഖമായി കിടന്നുറങ്ങാം. ഷോളയാറിന്റെ ഇരുണ്ട കാട്ടിടങ്ങളിൽ ഇത്തരം മഹാവൃക്ഷങ്ങൾ അനവധിയുണ്ട്.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പുലർച്ചെ മിഴികൾ തുറന്നത് ഇലകൾകൊണ്ട് മൂടിയ വലിയൊരു കുടക്കീഴിലാണെന്ന ഓർമ്മപ്പെടുത്തലോടെയാണ്. അത്തരം കിടപ്പിലാണ് ആ വലിയ വൃക്ഷത്തിന്റെ ഉയരം കണ്ണുകളിൽ നിറയെ കണ്ടത്. അതെ, ഓരോ വൃക്ഷവും വേരുകളിലൂടെ ആകാശത്തോളം ഉയർന്നുനിൽക്കുന്നത് ആസ്വദിക്കണമെങ്കിൽ നാം വേരുകൾക്കൊപ്പം ഭൂമിയോളം താഴണം...

ഭൂമിക്ക് വേരുകളിലൂടെ ആയിരിക്കാം ആകാശത്തെ തൊടാനാകുന്നത്. ആകാശത്തുനിന്ന് ഇറങ്ങിവന്ന് ഭൂമിയെ തൊടുന്ന പോലെയാണ് ചില ആൽമരങ്ങളുടെ വേരുകൾ. അത്തരം വൃക്ഷങ്ങൾ വേരുകളാൽ ചുറ്റും അതിരുകൾ തീർക്കുന്നു. പതുക്കെപ്പതുക്കെ അതിരുകൾ വലുതായിക്കൊണ്ടിരിക്കും. അതിനിടയിൽ മറ്റു ജന്തുജാലങ്ങൾക്ക് വളർന്നുവരാനും ജീവിച്ചുപോകാനുമുള്ള മറ്റൊരു ലോകം രൂപംകൊള്ളാനുണ്ടാകും. മണ്ണിനെ പിടിച്ചു നിർത്തുന്ന വേരുകളെ നാം വേണ്ടത്ര ഗൗരവത്തിലെടുക്കാറില്ല. വലിയ പാറക്കൂട്ടങ്ങളെ താഴേക്ക് വിട്ടുകളയാൻ മടിച്ച് പിടിച്ചുനിർത്തിയിരിക്കുന്ന വേരുകളെക്കുറിച്ചും ചിന്തിക്കാറില്ല.

വേരുകളാൽ പ്രണയിച്ചുപോയ ഒരു പാറയിപ്പോഴും ക്യാമറാ ഫ്രെയിമിൽ നിറയുന്നു. വേരുകൾ അതിനെ വല്ലാതെ ആലിംഗനം ചെയ്തു നിർത്തിയിരിക്കുകയായിരുന്നു. ആ പ്രണയതീവ്രതയിൽ നിന്ന് അതിന് തെല്ലും വിട്ടുപോകാൻ ആഗ്രഹമില്ലാതിരുന്നിട്ടും പോയതുപോലെ തോന്നും, പുഴയ്ക്കടിത്തട്ടിലെ ചുകന്ന നിറമാർന്ന വേരുകൾ കണ്ടാൽ. കാട്ടുവൃക്ഷവേരുകളെ തഴുകി ഒഴുകുന്ന അരുവികളിൽ മുങ്ങി ഉയരുമ്പോൾ കാടിന്റെ മുഴുവൻ ഊർജവും മനസ്സിലേക്കും ശരീരത്തിലേക്കും പ്രവഹിക്കുന്ന അനുഭവം. വയറുനിറയെ ആ ഔഷധക്കൂട്ട് കോരിക്കുടിക്കുമ്പോൾ വിശപ്പും തളർച്ചയുമൊക്കെ എത്രയോ അകലെ. കാട്ടരുവികൾക്കരികിലിരുന്ന് പ്ലാസ്റ്റിക് കുപ്പികളിൽ വാങ്ങിച്ചുകൊണ്ടുവന്ന ജീവനില്ലാത്ത 'മിനറൽ വാട്ടർ' കുടിക്കുന്നവർക്ക് തൊട്ടരികിലൂടെ ഒഴുകുന്ന ഔഷധക്കൂട്ട് നിഷിദ്ധമാണ്! രോഗങ്ങളെ മാത്രം ഭയന്നു ജീവിക്കുന്നവർക്ക്, കാട്ടുചോലയിലെ ജലം, മണ്ണ്, വായു, സൂര്യപ്രകാശം, കാറ്റ്, മഴ ഒക്കെ അന്യമാണ്.

പെരിയാർ കടുവസങ്കേതത്തിലെ വാച്ചർ കണ്ണനോടൊപ്പമാണ് പാൽകാച്ചിമല കയറിയത്. അധികമാരും കയറിച്ചെല്ലാത്തിടമായിരുന്നു അത്. മുകളിലെ ആ കൊച്ചു നിത്യഹരിതവനം, അതിനകത്തെ ചെറിയൊരു നീർച്ചാൽ, കാട്ടുപോത്തിന്റെ അസ്ഥികൾ, അവിടെനിന്നു നോക്കിയാൽ കാണുന്ന പെരിയാർ തടാകത്തിന്റെ മനോഹരമായ ദൃശ്യം. പക്ഷേ, തിരിച്ചുള്ള ഇറക്കം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





മറക്കാനൊക്കില്ല. ആരുമാരും ഇറങ്ങിയിട്ടില്ലാത്ത ചരിവിലൂടെയായിരുന്നു അത്. ഇഞ്ചപ്പടർപ്പുകളിലൂടെ കണ്ണനെ പിന്തുടർന്നത് ഏതൊക്കെയോ വൃക്ഷങ്ങളുടെ വേരുകളിൽച്ചവിട്ടിയും തൂങ്ങിക്കിടന്നുമൊക്കെയായിരുന്നു. വേനൽ കൊടുമ്പിരിക്കൊണ്ട ദിനങ്ങൾ. മലഞ്ചരിവിലൂടെയുള്ള വഴികളൊക്കെ ഉണങ്ങി മുള്ളുകൾ പോലെ ഇരുന്നിരുന്നു. കാലുകളിലും കൈകളിലും മുള്ളുകൾ കുരുങ്ങിനിൽക്കുമ്പോഴാണ് ഒരു കരടിയമ്മയും കുഞ്ഞും ഞങ്ങളെ കടന്നുപോയത്. മുതുകിലെ ബാഗിൽ ക്യാമറ അപ്പോൾ വിശ്രമിക്കുകയായിരുന്നു. ആ കൊടും ഇറക്കത്തിന് രണ്ടു കരങ്ങൾ പോരായിരുന്നു. വേരുകളിൽ തൂങ്ങി അടുത്ത വേരുകളിൽ പിടിച്ച് ഞങ്ങൾ താഴേക്കു പോയിക്കൊണ്ടിരുന്നു. വേരുകളിലൂടെ ഒരു മടക്കം!

വേരുകളിൽ ഒളിഞ്ഞിരിക്കുന്ന ഔഷധമൂല്യം അറിയുന്ന മൂപ്പനായിരുന്നു അടിച്ചിൽതൊട്ടി മുതുവക്കുടിയിലെ കാണിക്കാരൻ അരുണാചലം; വേരുകളിലൂടെ ജീവിതം തിരിച്ചുപിടിക്കുന്ന മനുഷ്യൻ. എന്തിനും ഏതിനും ആ ആദിവാസിയുടെ കൈവശം വേരുകളേ ഉണ്ടായിരുന്നുള്ളൂ. ചില വേരുകൾ ഉണക്കി എടുത്ത് അയാൾ മുതുവാക്കെട്ടിൽ സൂക്ഷിച്ചിരുന്നു. മുതുവാൻമാർക്കിടയിൽ ആ ഔഷധമഹിമ അരുണാചലത്തിന് മാത്രം സ്വന്തമായിരുന്നു. നഖം ഇളകിമാറിയ കാൽവിരൽ നോക്കി കുറച്ചുനേരമിരുന്നതും പിന്നീട് കാടിനകത്തളത്തിലേക്കു കയറിപ്പോയി ഏതോ ഒരു വേരുമായി തിരിച്ചുവന്നതും ഓർക്കുന്നു. വാക്കത്തിയുടെ മടമ്പുകൊണ്ട് വേരു ചതച്ച് കാലിൽ വച്ച്

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കെട്ടിത്തരുകയായിരുന്നു.

ഇരുപത്തഞ്ചു വർഷം മുമ്പാണ് അരുണാചലവും മുത്തയ്യയുമൊക്കെ ആദ്യമായി കാടിറങ്ങി നാട്ടിലേക്കു വന്നത്. അന്ന് അറബിക്കടലിനു മുന്നിൽ അദ്ഭുതത്തോടെയാണ് അവർ നിന്നത്. കണ്ടൽക്കാടുകളിലെ വേരുകൾക്കിടയിൽ തനിക്ക് പരിചിതമായ വേരുകൾ ഉണ്ടോ എന്ന് അരുണാചലത്തിന്റെ കണ്ണുകൾ തേടുന്നതു കണ്ടു. ഇന്ന് അടിച്ചിൽതൊട്ടിയിൽ അരുണാചലം ഇല്ല. വേരുകളുടെ രഹസ്യം അറിയുന്നവരുമില്ല. ഒരു ചെറിയ പനിക്കുവേണ്ടി അവർ പട്ടണത്തിലെ ഡോക്ടർമാരെ തേടിപ്പോകുന്നു....

പാറയെ പിളർക്കാൻ തക്ക വീര്യമുള്ള വേരുകൾ ചിന്നാറിലെ മുൾക്കാടുകളിൽ കാണും. ഔഷധസത്ത് അടങ്ങിയ കിഴങ്ങുകൾ തേടി അവിടെ തമിഴ്നാട്ടിൽനിന്നുള്ള വൈദ്യന്മാർ വന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. മുൾക്കാടുകൾക്ക് അതിന്റേതായ ഔഷധസസ്യങ്ങൾ ഏറെയുണ്ട്. ചിന്നാർ കാടുകളും മുതുമലക്കാടുകളും ഒരേപോലെയാണ്. കാട്ടിലെപ്പോഴും ചുറ്റിക്കറങ്ങുന്ന 'ഉടുമ്പ്മാരി'ക്ക് വേരുകളുടെ മഹിമ തിരിച്ചറിയാം. അയാളോടൊപ്പമുള്ള അലച്ചിലുകളിൽ എല്ലായ്പ്പോഴും ഏതൊക്കെയോ വേരുകൾ ചവച്ചുകൊണ്ടിരിക്കുന്നതു ശ്രദ്ധിച്ചിട്ടുണ്ട്. മാരിയുടെ വയസ്സിനെക്കുറിച്ച് ആർക്കും വലിയ തിട്ടമില്ല. കണ്ടാലും പ്രായം തീരെ തോന്നില്ല. എപ്പോൾ വയസ്സുചോദിച്ചാലും, "ശാറെ, എനക്ക് അമ്പത് വയസ്സാച്ച്." പതിനഞ്ചു വർഷം മുമ്പ് ഞാൻ മാരിയെ കാണുമ്പോഴും അമ്പതു വയസ്സ്. ഇന്നും അമ്പതു വയസ്സ്!

പെരുമ്പാവൂരിലെ ഇരിങ്ങോൾ കാവിലേക്ക് ഒഴിവുദിനങ്ങളിലുള്ള യാത്രകളിലാണ് കാവുകളെ അറിയാൻ ശ്രമിച്ചത്. വലിയ അദ്ഭുതം തന്നെയായിരുന്നു ആ കാഴ്ച. നഗരമധ്യേ വിശുദ്ധമായി സൂക്ഷിച്ച ഒരു ഹരിത ഇടം! പൊയ്പ്പോയ കാലം ഈ നഗരപ്രദേശമൊക്കെ ഇങ്ങനെത്തന്നെയായിരുന്നു എന്നതിനുള്ള തെളിവ്!

എല്ലാ വേരുകളുടെയും അന്നംതേടിയുള്ള യാത്രകളെക്കുറിച്ച് ചിന്തിക്കുമ്പോൾ മണ്ണിലേക്ക് ഊർന്നുവീഴുന്ന ഒരിലപോലും വേരുകൾക്കായിട്ടാണല്ലോ മണ്ണടരുകളിലേക്ക് താണുപോകുന്നത് എന്നു തോന്നിക്കും. ഭൂമിയിലേക്ക് നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക് കൂടുകൾ എന്തുമാത്രം തടസ്സങ്ങളാണ് വേരുകളിൽ ഉണ്ടാക്കുന്നത്. ചില വൃക്ഷങ്ങളുടെ മുകളിലേക്കുള്ള പ്രയാണത്തെവരെ അത്തരം പ്ലാസ്റ്റിക് വസ്തുക്കൾ തടയുന്നു. ഉൾക്കിടിലത്തോടെയേ മനുഷ്യന്റെ ഇത്തരം ചെയ്തികൾ കാണാനാകൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഭൂമിയുടെ ആഴത്തിൽനിന്ന് വേരുകൾ പിഴുതെറിയുമ്പോൾ, ഭൂമിയെ ഭദ്രമായി കെട്ടിവച്ചിരിക്കുന്ന വേരുകളാണ് ഒന്നൊന്നായി അറുത്തുമാറ്റിക്കൊണ്ടിരിക്കുന്നത്. വേരുകളൊക്കെത്തന്നെ നഷ്ടപ്പെടുത്തിയതോ നഷ്ടപ്പെടുന്നതോ ആയ മനുഷ്യരെക്കുറിച്ച് ഓർക്കുന്നു. ഏതൊന്നിന്റെയും നിലനിൽപ്പുതന്നെ ഭൂമിയിലേക്ക് ആഴത്തിൽ പിടിച്ചുനിർത്തുന്ന വേരുകളിലാണല്ലോ. അത്, വേരുകൾ വിച്ഛേദിക്കുന്ന നമ്മൾക്കറിയില്ലായിരിക്കാം. അറിഞ്ഞാലും തിരക്കേറിയ ഈ ജീവിതത്തിൽ വേരുകൾക്കെന്തു പ്രസക്തിയാണ്? വേരുകൾ നിർബന്ധപൂർവം പറിച്ച് പലായനം ചെയ്യേണ്ടിവരുന്നവരെക്കുറിച്ചുള്ള വാർത്തകൾ ഇപ്പോൾ ഏറിക്കൊണ്ടിരിക്കുന്ന കാലമാണ്.

എൻ.എച്ച്. 47ലെ തൃശ്ശൂരിൽനിന്ന് ആലുവായിലേക്കുള്ള ഭാഗത്ത് ഒരുകാലത്ത് റോഡിന് ഇരുവശവും വലിയ മാവുകളും പ്ലാവുകളുമായിരുന്നു. വഴിയാത്രികർക്കും വാഹനങ്ങൾക്കും തണലേകിയും സ്വാദിഷ്ടമായ പഴങ്ങൾ നൽകിയും അവ അവിടെ നിന്നു. ഇന്നവിടെ ഒറ്റ വൃക്ഷവും കാണാൻ സാധിക്കില്ല. റോഡിനു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മധ്യേ പിടിപ്പിച്ചിരിക്കുന്ന വർണച്ചെടികൾക്കു പകരം നാട്ടുവൃക്ഷങ്ങളായിരുന്നു വേണ്ടിയിരുന്നത്. എങ്കിൽ ഭീകരനായ ആ റോഡിന്റെ വശങ്ങളിലെ ചൂടിന് ഒരാശ്വാസം നൽകാനും ഭൂമിയിലെ ജലത്തിന്റെ ശോഷണത്തിന് കുറച്ചെങ്കിലും തടയിടാനും കഴിയുമായിരുന്നു.

നമ്മുടെ നാട്ടുവൃക്ഷങ്ങളുടെ വേരുകൾക്കൊക്കെ ഭൂമിയിലെ ഈർപ്പത്തെ നിലനിർത്താനും ജലം ശേഖരിച്ചുവയ്ക്കാനുമുള്ള കഴിവുകളുണ്ട്. കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്ന ഈ കൊച്ചുകേരളം ഇവിടെ ശേഷിക്കുന്ന പച്ചപ്പിലെ വേരുകളുടെ ബലത്തിലാണ് നിൽക്കുന്നതെന്ന് അവ പിഴുതെറിയുന്നവർക്ക് അറിയില്ലായിരിക്കാം. വസിക്കാൻ ഇടമില്ലാത്ത ഇടങ്ങളിൽ പുതിയ പുതിയ പാതകളും പദ്ധതികളുമായി വരുന്നവർക്ക് മണ്ണിനെക്കുറിച്ചും വേരുകളെക്കുറിച്ചും എന്തറിയാം?

വേരുകൾ നഷ്ടപ്പെടുന്ന മണ്ണിന് യാതൊരു ദാക്ഷിണ്യവുമില്ലാതെ തുടർച്ചയായ ഇടിച്ചിലുകളോടെ പ്രതികരിച്ചുകൊണ്ടിരിക്കാനേ ഒക്കൂ. ഓരോ വേരും പിഴുതെറിയുമ്പോൾ നാം നമ്മുടെ വേരുകളാണ് നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആഗോളതാപനവും പ്രകൃതിക്ഷോഭങ്ങളുമൊക്കെത്തന്നെ പച്ചയിലേക്കും അവയുടെ വേരുകളിലേക്കും തിരിച്ചുനടത്താനുള്ള അറിവാണ് എന്ന യാഥാർഥ്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഒരു കാട്ടിൽ വൃക്ഷമായി ജനിക്കണമെന്ന് സ്വപ്നംകണ്ടിരുന്നു; വെട്ടിയകറ്റിയാലും പുതുനാമ്പുകളോടെ പുനർജനിക്കുന്ന കാട്ടാൽവൃക്ഷം; മനുഷ്യർ വയ്ക്കുന്ന കാട്ടുതീയിൽനിന്നുപോലും പുനർജനിക്കുന്ന കാട്ടാൽവൃക്ഷം.

- വേരുകളെക്കുറിച്ചുള്ള അന്വേഷണം മനുഷ്യന്റെ പ്രകൃതിബോധത്തിന്റെ വേരുകൾ തേടിയുള്ള യാത്രയായി മാറുന്നുണ്ടോ? പാഠഭാഗത്തെ ആസ്പദമാക്കി നിഗമനങ്ങൾ രൂപീകരിക്കുക.

- • “ഈ ഇലയടരുകളെല്ലാം തന്നെ അങ്ങ് താഴെയുള്ള വേരുകൾ തേടി ചെല്ലുകയാണ്; വേരുകളിലൂടെ വീണ്ടും വൃക്ഷത്തിലെത്തി പുനർജനിക്കാൻ.”



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "ഓരോ വൃക്ഷവും വേരുകളിലൂടെ ആകാശത്തോളം ഉയർന്നു നിൽക്കുന്നത് ആസ്വദിക്കണമെങ്കിൽ നാം വേരുകൾക്കൊപ്പം താഴണം" - കാട് നൽകുന്ന ജീവിത പാഠങ്ങൾ എന്തൊക്കെയാണ്? ചർച്ചചെയ്യുക.

"കാടേ നിന്നകളങ്കഹൃദയത്തിലേക്കുള്ള
ഗൂഢമാം വഴിയേതെന്നെനിക്കു കാട്ടിത്തരൂ." (ഒ.എൻ.വി.)(മൃഗയാ)

കാടിന്റെ അകളങ്കഹൃദയം എന്ന സങ്കൽപ്പം 'വേരുകൾ നഷ്ടപ്പെടുത്തുന്നവരി'ലെ ആശയങ്ങളുമായി ബന്ധിപ്പിച്ച് വിശദീകരിക്കുക.

ഒരു കാടറിവുയാത്ര സംഘടിപ്പിക്കുക. നസീറിന്റെ ഫോട്ടോകളും യാത്രയിൽ കുട്ടികൾ എടുത്ത ഫോട്ടോകളും ചേർത്ത് സ്കൂളിൽ ഒരു ഫോട്ടോ പ്രദർശനം നടത്തുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# മത്സ്യം

**ടി.പി. രാജീവൻ**

മണൽത്തരിയോളം പോന്നൊരു
മത്സ്യം
കടൽത്തിരയോട്
ഒറ്റയ്ക്ക് പൊരുതി നിന്നു.

വേലിയേറ്റങ്ങളുടെ
വൈകുന്നേരങ്ങളിൽ
അവൻ
എല്ലാ കൊടികൾക്കും മുകളിൽ
ഒഴുക്കുകൾ ഉൾവലിയുമ്പോൾ
എല്ലാ രഹസ്യങ്ങൾക്കും അടിയിൽ.

വലക്കണ്ണികൾക്ക്
അവനോളം ചെറുതാകാനായില്ല;
ചൂണ്ടക്കൊളുത്തുകൾക്ക്
അവനെപ്പോലെ വളയാനും.
വായ്ത്തലകൾക്ക്
അവന്റെ വേഗവും കിട്ടിയില്ല.

അവനെ
പരുന്തിൻ കണ്ണുകൾക്ക്
കോർത്തെടുക്കാനോ
ഉപ്പുവയലുകൾക്ക്
ഉണക്കിയെടുക്കാനോ
ധ്രുവങ്ങൾക്ക്
മരവിപ്പിക്കാനോ കഴിഞ്ഞില്ല
നക്ഷത്രങ്ങളും
അവതാരങ്ങളും
അവന്റെ
തലയ്ക്കോ വാലിനോ മുകളിലൂടെ
കടന്നുപോയി.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അവൻ
ഒരു കഥയിലും പിടികൊടുത്തില്ല
ഒരു കണ്ണാടിയിലും കാഴ്ചയായില്ല
ഒരു ചന്തയിലും നാണം കെട്ടില്ല.

കടലിന്റെ
ഭ്രാന്തുപിടിച്ച രക്തത്തിലൂടെ
ചുട്ടുപഴുത്ത സൂചിപ്പൊട്ടുപോലെ
ഓടിക്കൊണ്ടിരുന്നു;

പിന്നിൽ
തന്നേക്കാൾ വേഗത്തിൽ
കടൽ
ദഹിച്ചു ദഹിച്ചു വരുന്നത്
അറിയാതെ.

(രാഷ്ട്രതന്ത്രം)

- മനുഷ്യസ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഘടകങ്ങളെക്കുറിച്ചുള്ള എന്തൊക്കെ സൂചനകളാണ് 'മത്സ്യം' എന്ന കവിതയിലുള്ളത്?

- "കടലിന്റെ
ഭ്രാന്തു പിടിച്ച രക്തത്തിലൂടെ
ചുട്ടുപഴുത്ത സൂചിപ്പൊട്ടുപോലെ
ഓടിക്കൊണ്ടിരുന്നു;
പിന്നിൽ
തന്നേക്കാൾ വേഗത്തിൽ
കടൽ
ദഹിച്ചു ദഹിച്ചു വരുന്നത്
അറിയാതെ."

നഷ്ടപ്പെടുന്ന ലോകത്തെക്കുറിച്ചുള്ള ആധിയാണോ പ്രതിരോധ സാധ്യതയുടെ ഊർജമാണോ ഈ വരികൾ നൽകുന്നത്? സമർഥിക്കുക.

- "എത്തേണ്ടതാമിടത്തെത്തിയാലും ശരി
മദ്ധ്യേ മരണം വിഴുങ്ങിയാലും ശരി
മുന്നോട്ടു തന്നെ നടക്കും വഴിയിലെ
മുള്ളുകളൊക്കെ ചവിട്ടിമെതിച്ചു ഞാൻ"

( വള്ളത്തോൾ)

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



“മണൽത്തരിയോളം പോന്നൊരു
മത്സ്യം
കടൽത്തിരയോട്
ഒറ്റയ്ക്ക് പൊരുതിനിന്നു”

ഒരു ആശയം അവതരിപ്പിക്കുന്നതിൽ പുതുകവിതയുടെ ആഖ്യാനരീതി എങ്ങനെ വ്യത്യാസപ്പെടുന്നു? രണ്ടു കാവ്യഭാഗങ്ങളും താരതമ്യം ചെയ്തു വിശകലനം ചെയ്യുക.

- ‘‘പദങ്ങൾക്ക് സാമാന്യവ്യവഹാരത്തിലുള്ള അർഥമല്ല കവിതയിലുള്ളത്.”
  ‘മത്സ്യം’ എന്ന പദം ഈ കവിതയിൽ സൃഷ്ടിക്കുന്ന ആശയ തലങ്ങൾ എന്തൊക്കെയാണ്?
- സ്വാതന്ത്ര്യം എന്ന ആശയം ഓർമ്മയുടെ ഞരമ്പ്, മത്സ്യം എന്നീ രചനകളിൽ ഏതെല്ലാം വിധത്തിലാണ് തെളിഞ്ഞു നിൽക്കുന്നത്? ഇരു രചനകളും താരതമ്യം ചെയ്ത് നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.
- ചുവടെ നൽകിയിട്ടുള്ള വാക്യങ്ങളിലെ വിഭക്തി സൂചനകൾ കണ്ടെത്തി വിശകലനം ചെയ്യുക.
  - രാമൻകുട്ടിക്ക് പേരിട്ടത് ഇവിടത്തെയാളാ.
  - എപ്പോഴോ കത്തിത്തീർന്ന ചന്ദനത്തിരിയുടെ ഗന്ധമുണ്ടായിരുന്നു ആ മുറിക്ക്.
  - അവൻ വെള്ളം കുടിച്ചു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പഠനനേട്ടങ്ങൾ

- സർഗാത്മകരചനകളിലെ ആസ്വാദനപരമായ ഘടകങ്ങൾ തിരിച്ചറിഞ്ഞ് ലിഖിതരൂപത്തിൽ ആവിഷ്കരിക്കുന്നു.
- രചനകളിലെ വൈകാരികാംശങ്ങൾ കണ്ടെത്തി പ്രഭാഷണം നടത്തുന്നു.
- കഥയരങ്ങ്, കവിതയരങ്ങ് എന്നിവ സംഘടിപ്പിച്ച് രചനകളിലെ നൂതനപ്രവണതകൾ കണ്ടെത്തി പ്രബന്ധങ്ങൾ രചിക്കുന്നു.
- വ്യത്യസ്തവ്യവഹാരരൂപങ്ങളിലെ ഭാഷാപ്രയോഗം തിരിച്ചറിഞ്ഞ് ഉചിതസന്ദർഭങ്ങളിൽ ആവിഷ്കരിക്കുന്നു.
- വാക്യഘടന, വിന്യാസക്രമം, ചിഹ്നനം തുടങ്ങിയ ഭാഷാഘടകങ്ങൾ തിരിച്ചറിഞ്ഞ് വിവിധരചനകളിൽ പ്രയോഗിക്കുന്നു.

## എഴുത്തുകാർ

### ബാലചന്ദ്രൻ ചുള്ളിക്കാട്

മലയാളകവിതയിൽ ഭാഷയിലും പ്രമേയ സ്വീകരണത്തിലും ബിംബ കല്പനകളിലും വേറിട്ടു നിൽക്കുന്ന കവി. 1957 ൽ എറണാകുളം ജില്ലയിലെ പറവൂരിൽ ജനനം. പതിനെട്ട് കവിതകൾ, അമാവാസി, ഗസൽ, മാനസാന്തരം, ഡ്രാക്കുള, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ, പ്രതിനായകൻ, ചിദംബരസ്മരണ എന്നിവ പ്രധാന കൃതികൾ.

### കെ.ആർ. മീര

മലയാള ചെറുകഥയിലെ ശക്തമായ സ്ത്രീസാന്നിധ്യം. 1970 ഫെബ്രുവരി 19 ന് കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ജനനം. ഓർമ്മയുടെ ഞരമ്പ്, മോഹമഞ്ഞ, ആവേ മരിയ, ഗില്ലറ്റിൻ എന്നീ കഥാസമാഹാരങ്ങളും നേത്രോന്മീലനം, ആ മരത്തേയും മറന്നു മറന്നു ഞാൻ, യൂദാസിന്റെ സുവിശേഷം, മീരാസാധു, ആരാച്ചാർ എന്നീ നോവലുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2009 ൽ ചെറുകഥയ്ക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

### എൻ.എ. നസീർ

സാഹസിക വനസഞ്ചാരങ്ങളിലൂടെയും വന്യജീവി ഫോട്ടോഗ്രഫിയിലൂടെയും ശ്രദ്ധേയൻ. അറിയപ്പെടുന്ന പരിസ്ഥിതിപ്രവർത്തകനും എഴുത്തുകാരനുമായ ഇദ്ദേഹം 1962 ൽ എറണാകുളം ജില്ലയിലെ പള്ളിപ്പുറത്ത് ജനിച്ചു.

### ടി.പി. രാജീവൻ

മലയാളത്തിലെ ഉത്തരാധുനിക കവികളിൽ ശ്രദ്ധേയൻ, നോവലിസ്റ്റ്. തച്ചംപൊയിൽ രാജീവൻ എന്ന പേരിൽ ഇംഗ്ലീഷിൽ കവിതകളും ലേഖനങ്ങളും എഴുതാറുണ്ട്. 1959 ൽ കോഴിക്കോട് ജില്ലയിലെ പാലേരിയിൽ ജനനം. വാതിൽ, രാഷ്ട്രതന്ത്രം, കോരിത്തരിച്ച നാൾ, വയൽക്കരെ ഇപ്പോഴില്ലാത്ത, പ്രണയശതകം, പാലേരി മാണിക്യം; ഒരു പാതിരാ കൊലപാതകത്തിന്റെ കഥ, കെ.ടി. എൻ. കോട്ടൂർ-എഴുത്തും ജീവിതവും, പുറപ്പെട്ടു പോകുന്ന വാക്ക്, അതേ ആകാശം അതേ ഭൂമി എന്നിവ പ്രധാന കൃതികൾ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



രണ്ട്

# കാഴ്ച

പുതുകാലത്തിന്റെ മാന്ത്രികവിളക്കാണ് സിനിമ; ശാസ്ത്രത്തിന്റെ മികച്ച കണ്ടുപിടിത്തങ്ങളിലൊന്ന്; അതിന്റെ മായക്കാഴ്ചകൾ കണ്ണടച്ചു തുറക്കും വേഗത്തിൽ ലോകം കീഴടക്കി. ലോകജനതയുടെ ഭാവുകത്വത്തെയും, ഭാഗധേയത്തെത്തന്നെയും അതു നിർണയിക്കുകയുണ്ടായി. ദൃശ്യപ്രളയത്തിൽനിന്ന് ഉയർന്നുവരുന്ന വിസ്മയലോകത്താണ് ഇന്നു നമ്മുടെ ജീവിതം. അവിടെ കണ്ണഞ്ചിപ്പോകാതെ ഈ ലോകത്തെ വിശകലനം ചെയ്യാനും നമ്മുടെ കാഴ്ചയുടെ സംസ്കാരത്തെ നവീകരിക്കാനും കഴിയേണ്ടതുണ്ട്. വെറും വിനോദോപാധിയെന്ന നിലയിലല്ലാതെ, സൗന്ദര്യാത്മകതയും സാമൂഹികതയും സന്ധിക്കുന്ന കലാസൃഷ്ടികളായി ചലച്ചിത്രത്തെ സമീപിക്കണം. കാഴ്ചകളിലെ സൂക്ഷ്മസൂചനകൾ തിരിച്ചറിയാനും വ്യാഖ്യാനിക്കാനുമുള്ള പരിശീലനം നാം നേടിയെടുക്കണം. ഒപ്പം, നല്ല സിനിമയുടെ വാതിലുകൾ ശ്രദ്ധാപൂർവം തുറന്ന് അതിനകത്തേക്കു പ്രവേശിക്കാനും കഴിയണം. അതിനുസഹായകമായ ചില പാഠങ്ങളാണ് ഈ യൂണിറ്റിൽ ഉള്ളത്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചോദ്യം : സിനിമയിൽ ഗാനങ്ങളുടെ പ്രാധാന്യത്തെ താങ്കൾ എങ്ങനെയാണ് കാണുന്നത്? അതൊരവശ്യഘടകമായി തോന്നുന്നുണ്ടോ?

ഉത്തരം : സിനിമയുടെ കലാപരമായ മികവിന് പാട്ടുകൾ വേണമെന്ന് ഞാൻ കരുതുന്നില്ല. ദൃശ്യഭാഷയെ ഒരിക്കലും അത് സഹായിക്കുന്നില്ല. എന്നാൽ ഒരു വിനോദവിഭവം എന്ന നിലയിൽ പലപ്പോഴും അത് ആവശ്യമായിവരാറുണ്ട്. സിനിമ ജനങ്ങളിലേക്കെത്തിക്കുന്ന കാരണങ്ങളിലൊന്നായി വേണമെങ്കിൽ ഗാനങ്ങളെ വിലയിരുത്താം. അത് ഒരു ആലങ്കാരികഭംഗി മാത്രമേ സിനിമയ്ക്ക് നൽകുന്നുള്ളൂ. പഴയ ധർമ്മമല്ല ഇന്നു സിനിമയിൽ പാട്ടിനുള്ളത് എന്നതും പ്രധാനമാണ്.

*(ചലച്ചിത്രസംവിധായകനായ ശ്യാമപ്രസാദുമായി നടത്തിയ അഭിമുഖത്തിൽനിന്ന്.)*

- ഗാനങ്ങൾ സിനിമയിൽ നിർവഹിക്കുന്ന ധർമ്മമെന്ത്? അവ സിനിമയിൽ ഒരത്യാവശ്യ ഘടകമായി നിങ്ങൾക്കു തോന്നിയിട്ടുണ്ടോ? സംവാദം സംഘടിപ്പിക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കായലരികത്ത്

ചലച്ചിത്രം : നീലക്കുയിൽ
ഗാനരചന : പി. ഭാസ്കരൻ
സംഗീതം, ആലാപനം : കെ. രാഘവൻ



കായലരികത്ത് വലയെറിഞ്ഞപ്പൊ
വള കിലുക്കിയ സുന്ദരീ
പെണ്ണുകെട്ടിനു കുറിയെടുക്കുമ്പൊ-
ളൊരു നറുക്കിനു ചേർക്കണേ... (കായലരികത്ത്)
കണ്ണിനാലെന്റെ കരളിനുരുളിയി-
ലെണ്ണ കാച്ചിയ നൊമ്പരം
ഖൽബിലറിഞ്ഞപ്പൊളിന്ന് ഞമ്മള്
കയറുപൊട്ടിയ പമ്പരം
ചേറിൽനിന്നു ബളർന്നു പൊന്തിയ
ഹൂറി നിന്നുടെ കൈയിനാൽ, നെയ്-
ച്ചോറു വെച്ചതു തിന്നുവാൻ കൊതി-
യേറെയുണ്ടെൻ നെഞ്ചിലായ്
വമ്പെഴും നിന്റെ പുരികക്കൊടിയുടെ-
യമ്പു കൊണ്ടു ഞരമ്പുകൾ
കമ്പൊടിഞ്ഞൊരു ശീലക്കുടയുടെ
കമ്പിപോലെ വലിഞ്ഞുപോയ്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കുടവുമായ് പുഴക്കടവിൽ വന്നെന്നെ
തടവിലാക്കിയ പൈങ്കിളീ
ഒടുവിലീയെന്നെ സങ്കടപ്പുഴ
നടുവിലാക്കരുതിക്കളി
വേറെയാണു വിചാരമെങ്കില്
നേരമായതു ചൊല്ലുവാൻ
വെറുതെ ഞാനെന്തിനെരിയും വെയിലത്ത്
കയിലും കുത്തി നടക്കണ്... (കായലരികത്ത്)

- ഈ ചലച്ചിത്രഗാനത്തിൽ തെളിയുന്ന ഭാവം, ബിംബങ്ങൾ, ഈണത്തിന്റെ സവിശേഷത തുടങ്ങിയവ ചർച്ചചെയ്യുക.

- പഴയകാല സിനിമകളുടെ സ്വഭാവസവിശേഷതകളും അന്നത്തെ കേരളീയ സാമൂഹികാന്തരീക്ഷവും 'കായലരികത്ത്' എന്ന ഗാനത്തിന്റെ ദൃശ്യങ്ങളിൽ തെളിയുന്നുണ്ടല്ലോ. ചർച്ചചെയ്യുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# സിനിമയും സമൂഹവും

**ഒ.കെ. ജോണി**



ജനപ്രിയ സിനിമകൾ ഉത്തമ കലാസൃഷ്ടികളാണെന്ന് അവയുടെ നിർമ്മാതാക്കൾ പോലും അവകാശപ്പെടാറില്ല. അവ ജനങ്ങളെ ഉദ്ബുദ്ധരാക്കുന്ന കലാസൃഷ്ടികളല്ല, വിശ്രമവേളകളെ ഉല്ലാസഭരിതമാക്കുന്ന വിനോദവിഭവങ്ങൾ മാത്രമാണെന്ന് അവർ തന്നെ സമ്മതിക്കും. ജനപ്രിയസിനിമയ്ക്കെതിരെ ഉന്നയിക്കപ്പെടാറുള്ള പ്രധാന ആക്ഷേപം ഇതാണ്. കമ്പോളത്തിനു വേണ്ടി ഉൽപ്പാദിപ്പിക്കപ്പെടുന്ന കേവല വിനോദസിനിമകൾ ജീവിതയാഥാർഥ്യങ്ങളിൽനിന്നുള്ള പലായനമാണ് ജനങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നത്. കലയുടെ ഉന്നതമൂല്യങ്ങൾ ജനപ്രിയ സിനിമകളിൽ അന്വേഷിക്കേണ്ടതില്ലെന്ന തെറ്റിദ്ധാരണയിലേക്ക് ഇത് പലരെയും നയിക്കുന്നുണ്ട്. ഭൂരിപക്ഷം പ്രേക്ഷകർക്കും ഈ സിനിമകൾ ആസ്വാദ്യമാവുന്നതിന്റെ കാരണം എന്തെന്ന കാതലായ ചോദ്യത്തിൽനിന്ന് ഒഴിഞ്ഞുമാറുകയാണ്, 'ഉത്തമ സിനിമയുടെ' പക്ഷത്തു നിൽക്കുന്നവരുടെയും പതിവ്. യാഥാർഥ്യത്തിൽനിന്നുള്ള മറ്റൊരു പലായനമാണിതും. ജനപ്രിയ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സിനിമകൾ വിനിമയം ചെയ്യുന്ന അർഥതലങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. സിനിമയെ മനസ്സിലാക്കാൻവേണ്ടി മാത്രമല്ല, സിനിമ പ്രവർത്തിക്കുന്ന സമൂഹത്തെക്കുറിച്ചു കൂടി മനസ്സിലാക്കാനും ഇതാവശ്യമാണ്.

നമ്മുടെ ജനപ്രിയ സിനിമകൾ സ്വപ്നലോകത്തിന്റെ ഭ്രമാത്മകതയാണ് പൊതുവെ പ്രതിഫലിപ്പിക്കുന്നത്. അതിശയോക്തികൊണ്ട് വക്രീകരിക്കപ്പെട്ട ഉള്ളടക്കത്തെപ്പോലും തികച്ചും യാഥാർഥ്യപ്രതീതിയുണർത്തും വിധം ചിത്രീകരിക്കാൻ ചലച്ചിത്രമാധ്യമത്തിനു കഴിയുമെന്നതുകൊണ്ട് മിഥ്യകൾ സിനിമയിൽ യാഥാർഥ്യങ്ങളായി അവതരിപ്പിക്കുന്നു. ഈ മിഥ്യകളാവട്ടെ, സിനിമാനിർമ്മാതാക്കൾ പ്രേക്ഷകരുടെ മേൽ ഏകപക്ഷീയമായി അടിച്ചേൽപ്പിക്കുന്നതല്ല. നിർമ്മാതാക്കൾ കൂടി ഉൾപ്പെടുന്ന പ്രേക്ഷകസമൂഹത്തിന്റെ ഏതൊക്കെയോ ചില മാനസികാവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതുകൊണ്ടാണ് അവ ജനങ്ങളുമായി ബന്ധം സ്ഥാപിക്കുന്നത്.

വിദൂരഭൂതകാലത്തിലൂടെ രൂപപ്പെട്ടുവരുന്ന സങ്കീർണമായ മനുഷ്യാനുഭവങ്ങളുടെ പുനരാവിഷ്കാരമാണ് മിത്തുകൾ. ഈ മിത്തുകളെ സമകാലികമാക്കിയും മാറ്റിമറിച്ചും പരിഷ്കരിച്ചും സംയോജിപ്പിച്ചും കൊണ്ടാണ് സാങ്കേതികയുഗത്തിന്റെ കലയായ സിനിമ പുതിയ മിത്തുകൾ നിർമ്മിക്കുന്നത്. ഓരോ കാലത്തും സംഭവിക്കുന്ന സാമൂഹിക-രാഷ്ട്രീയ-സാമ്പത്തികപരിണാമം സിനിമയുടെ മിത്തിക്കൽ സ്വഭാവത്തിലും അഴിച്ചുപണി നടത്താറുണ്ട്. സിനിമയിൽ ചില ഘട്ടങ്ങളിൽ ചില പ്രത്യേകതരം ഉള്ളടക്കങ്ങൾ ഉടലെടുക്കുന്നതും പഴയവ പരിഷ്കരിക്കപ്പെടുന്നതും അതുകൊണ്ടാണ്. ജനപ്രിയ സിനിമ ഒരേസമയം പ്രേക്ഷകസമൂഹത്തിന്റെ ആഭ്യന്തരവൈരുധ്യങ്ങളുടെ മാന്ത്രികക്കണ്ണാടിയും അവയെ അയഥാർഥമായി പരിഹരിക്കുന്ന ആധുനികമിത്തുമാകുന്നു. പ്രേക്ഷകസമൂഹവും സിനിമാവ്യവസായവും പരസ്പരാശ്രിതത്വത്തിലൂടെ സൃഷ്ടിക്കുന്നതാണ് നിലവിലുള്ള സംസ്കാരം എന്നു പറയാം.

ജനപ്രിയ സിനിമകൾ അവലംബിക്കുന്ന നാടോടിക്കഥാഘടനകളുടെയും ആദിപ്രരൂപങ്ങളുടെയും പ്രത്യക്ഷസാന്നിധ്യമാണ് പ്രേക്ഷകരെ അവയിലേക്ക് ആകർഷിക്കുന്നത്. ടൈപ്പ് ഇതിവൃത്തങ്ങൾ, വാർപ്പുമാതൃകകളായ കഥാപാത്രങ്ങൾ (സ്റ്റീരിയോടൈപ്പ്), സ്ഥിരശൈലികളിലുള്ള (ക്ലീഷേ) പ്രതിപാദനരീതികൾ എന്നിവയിലൂടെ ജനപ്രിയ സിനിമകൾ മിത്തുകൾ നിർമ്മിക്കുന്നു. ജീവിതത്തിൽ പ്രാപ്യമാകാത്ത സുഖങ്ങളും

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അമർത്തപ്പെട്ട വാസനകളും മോഹങ്ങളും അയഥാർഥമായി സാക്ഷാൽക്കരിക്കാൻ സഹായിക്കുന്ന ഈ മിത്തുകളോട് പ്രേക്ഷകർ സ്വാഭാവികമായി താദാത്മ്യം പ്രാപിക്കുന്നു. താരാരാധനയും സിനിമയെ ചുറ്റിപ്പറ്റിയുള്ള അദ്ഭുതം നിറഞ്ഞ അപദാനങ്ങളുമെല്ലാം ചേർന്നു രൂപപ്പെടുന്ന ഈ മിത്തുകൾ യാഥാർഥ്യത്തെ തീർത്തും നിഷ്കാസനം ചെയ്യുന്നില്ല. റൊളാങ് ബാർത്ത് പറയുമ്പോലെ, മിത്ത് ഒന്നിനെയും ഒളിച്ചുവയ്ക്കുന്നില്ല; എല്ലാറ്റിനെയും വക്രീകരിക്കുകയാണ് അതിന്റെ രീതി. മിത്ത് ജീവിതത്തിന്റെ ഭാഗം തന്നെയാണ്. അതെവിടെയുമുണ്ട്-ദിനപത്രങ്ങളിലും ടെലിവിഷൻ പരിപാടികളിലും സിനിമയിലും പരസ്യങ്ങളിലുമെല്ലാം. എഴുതപ്പെട്ടതോ ഉച്ചരിക്കപ്പെട്ടതോ ആയ എന്തിനും മിത്താവാനുള്ള പ്രവണതയുണ്ട്. സമകാലികമായ ഒരു സംഭവത്തെ അതേപടി രേഖപ്പെടുത്തുന്ന വാർത്താ ഡോക്യുമെന്ററി പോലും മിത്തായി മാറുമെന്നിരിക്കെ, ചരിത്രത്തിന്റെ ചലച്ചിത്രാവിഷ്കാരത്തെക്കുറിച്ച് പറയേണ്ടതില്ല. ഝാൻസി കി റാണി, ബൈജു ബാവ്ര തുടങ്ങിയ ആദ്യകാല ഇന്ത്യൻ സിനിമകൾക്ക് ചരിത്രത്തോടെന്നതിനേക്കാൾ ഇതിഹാസ കഥകളോടാണല്ലോ അടുപ്പം. അവയുടെ ആകർഷണീയതയുടെ അടിസ്ഥാനവും ഈ മിത്തിക്കൽ പരിവേഷമാണ്.

യാഥാർഥ്യത്തെ പ്രത്യക്ഷമായോ പരോക്ഷമായോ സ്വാംശീകരിക്കുന്ന ജനപ്രിയ സിനിമകൾ ജാതി, മതം, രാഷ്ട്രീയം, ഭരണകൂടം, സാമൂഹികബന്ധങ്ങൾ, കുടുംബം, ദാമ്പത്യം, സ്ത്രീ, നന്മതിന്മകൾ എന്നിവയെക്കുറിച്ചെല്ലാം നിലവിലുള്ള പൊതുബോധത്തെ (മൂല്യങ്ങളെ) പുനരുൽപ്പാദിപ്പിക്കുകയാണ്. നിലനിൽക്കുന്ന മൂല്യധാരണകളെ ചോദ്യം ചെയ്യാനും സിനിമ സന്നദ്ധമാവാറുണ്ട്. പ്രേക്ഷകമനസ്സിൽ രൂപപ്പെട്ടുവരുന്നതോ സമൂഹം സ്വാംശീകരിച്ചു കഴിഞ്ഞതോ ആയ പുതിയ മൂല്യങ്ങൾക്കും സിനിമ ചിലപ്പോഴെല്ലാം പ്രകാശനം നൽകുന്നു. സിനിമയിലൂടെ ആഗ്രഹസഫലീകരണം പ്രതീക്ഷിക്കുന്ന പ്രേക്ഷകരെ പ്രീണിപ്പിക്കാൻ അവരുടെ അബോധവാഞ്ഛകളെ ആവിഷ്കരിക്കാറുണ്ട്. ഇതിനായി സിനിമയുടെ അവസാന ഭാഗത്ത് നായകന്റെ ഇടപെടലിലൂടെ പ്രതിസന്ധി പരിഹരിച്ച് സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതായി ചിത്രീകരിക്കുന്നു. നിലവിലുള്ള മൂല്യങ്ങളെ ധിക്കരിക്കാനുള്ള വൈമനസ്യവും അവയെ മറികടക്കാനുള്ള അബോധവാസനയും ഒരേ സമയം സാക്ഷാൽക്കരിക്കാൻ ഇത് പ്രേക്ഷകർക്ക് അവസരം നൽകുന്നു. ഈ സംഘർഷമാണ് എല്ലാ ജനപ്രിയ സിനിമകളുടെയും നാടകീയതയ്ക്ക് നിദാനം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഹിന്ദി ഉൾപ്പെടെയുള്ള എല്ലാ ഇന്ത്യൻഭാഷകളിലെയും ജനപ്രിയ സിനിമകളിലെ മുഖ്യപ്രതിപാദ്യം ഇന്നും 'കുടുംബ'മാണ്. പ്രേക്ഷകരിൽ വേരുറച്ചുപോയ കുടുംബ-ദാമ്പത്യ സങ്കൽപ്പങ്ങളെ ഇളക്കുന്നത് വ്യാപാരവിജയത്തിന് വിഘാതമാവുമെന്ന ലളിതമായ തിരിച്ചറിവാണ് ഇത്തരം 'ഫാമിലി മെലോഡ്രാമകൾ' സ്ഥിരം പാറ്റേണുകളിൽ ആവർത്തിക്കപ്പെടാൻ കാരണം. പലതരം പ്രതിസന്ധികളിലൂടെ കുടുംബത്തിനുണ്ടാകുന്ന തകർച്ചയാണ് ഇതിവൃത്തത്തിലെ ഓരോ നാടകീയ സന്ദർഭത്തിനും അടിസ്ഥാനം. നിർവഹണഘട്ടമെത്തുമ്പോഴേക്കും പ്രതിസന്ധികളെല്ലാം പരിഹൃതമായില്ലെങ്കിൽ അതിനകം നായകനുമായി താദാത്മ്യം പ്രാപിച്ചുകഴിഞ്ഞ പ്രേക്ഷകർ നിരാശരാവും. അതുകൊണ്ട് കുടുംബം, ദാമ്പത്യം തുടങ്ങിയവയെ സംബന്ധിച്ച പതിവു ഫോർമുലയിൽനിന്ന് ഇവ വ്യതിചലിക്കാറില്ല. നന്മയ്ക്കുവേണ്ടി നിലകൊള്ളുക മൂലം പലവിധ സഹനങ്ങളും പരാജയങ്ങളും ഏറ്റുവാങ്ങി ഒടുവിൽ അവയെ അതിജീവിക്കുന്ന നായക (Victimised Hero) കഥാപാത്രങ്ങളെയാണ് ഇത്തരം സിനിമകളിൽ നാം കാണുന്നത്.

സിനിമയുമായി ഇന്ത്യൻ പ്രേക്ഷകർ വച്ചുപുലർത്തുന്ന ഗാഢവും അതിനിഗൂഢവുമായ മാനസികബന്ധം അവരുടെതന്നെ മനോഭാവങ്ങളെയും അവർക്ക് ആവിഷ്കരിക്കാൻ കഴിയാതെ പോയ അഭിലാഷങ്ങളെയും സൂചിപ്പിക്കുന്നു. പ്രേക്ഷകരുടെ മനോഭാവങ്ങളുമായി തീർത്തും വിഘടിച്ചുനിൽക്കുന്ന സിനിമയുമായി അവർക്ക് താദാത്മ്യപ്പെടുക സാധ്യമല്ല. കാരണം, വൈചാരികമായല്ല, വൈകാരികമായാണ് മിത്തുകളെപ്പോലെ സിനിമയും പ്രേക്ഷകരിൽ പ്രവർത്തിക്കുന്നത്. അംഗീകൃത മൂല്യങ്ങളെയും പാരമ്പര്യങ്ങളെയും വിശ്വാസങ്ങളെയും തകിടം മറിക്കാതെതന്നെ സാമൂഹികാംഗീകാരമില്ലാത്തതും അസാധ്യവുമായ അഭീഷ്ടങ്ങളെ പ്രത്യക്ഷപ്പെടുത്താൻ സിനിമയ്ക്ക് കഴിവുണ്ട്. സിനിമ മിക്കപ്പോഴും ആസ്വാദ്യമാവുന്നത്, പ്രേക്ഷകരുടെ അബോധചോദനകൾ ഉദ്ദീപിപ്പിക്കുമ്പോഴാണ്. സ്വപ്നാവസ്ഥയിലുള്ള ആഗ്രഹങ്ങളെ യഥാതഥമായി അവതരിപ്പിക്കാനുള്ള ശേഷി സിനിമയോളം മറ്റൊരു മാധ്യമത്തിനുമില്ല. ജനപ്രിയസിനിമകളെ അവഗണിക്കാനല്ല, അപഗ്രഥിക്കാനാണ് ഈ യാഥാർഥ്യം നമ്മോട് ആവശ്യപ്പെടുന്നത്.

(സിനിമയുടെ വർത്തമാനം)

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ജനപ്രിയ സിനിമകളെ അവഗണിക്കുകയല്ല, അപഗ്രഥിക്കു കയാണ് വേണ്ടതെന്ന് ലേഖകൻ കരുതുന്നതെന്തുകൊണ്ട്?

- "സ്വപ്നാവസ്ഥയിലുള്ള ആഗ്രഹങ്ങളെ യഥാതഥമായി അവതരിപ്പിക്കാനുള്ള ശേഷി സിനിമയോളം മറ്റൊരു മാധ്യമത്തിനുമില്ല."

- "അഥവാ ശത്രു നേരിട്ടാൽ
നമുക്കായ് അടരാടിടും
വെള്ളിത്തിരയിൽ നായകൻ
നമുക്കു പകരം നിന്ന്
പ്രേമിക്കും മതിയാവോളം"
* * * *
"അവനത്രേ സിംഹാസനം
തിരശ്ശീലയ്ക്കു വെട്ടവും
നമുക്കീയിരുട്ടും പിന്നെ
കസേരത്തണുപ്പും മതി
ഇരുട്ടിൽ ചാഞ്ഞിരിപ്പതേ
പരമാനന്ദമോർക്കുകിൽ"
(പി.പി. രാമചന്ദ്രൻ - പരമാനന്ദം )

പാഠഭാഗവും കവിതയും വിശകലനം ചെയ്ത് സാമൂഹിക ജീവിതത്തിൽ സിനിമയുടെ ഇടപെടലുകളെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക.

- ടൈപ്പ് ഇതിവൃത്തങ്ങൾ
- വാർപ്പുമാതൃകകളായ കഥാപാത്രങ്ങൾ
- സ്ഥിരശൈലികളിലുള്ള പ്രതിപാദനരീതി

സിനിമകളുടെ ജനപ്രിയതയുടെ അടിസ്ഥാനം ഇവയാണെന്ന ലേഖകന്റെ നിരീക്ഷണം ചർച്ചചെയ്യുക. നിങ്ങൾക്ക് പരിചയ മുള്ള സിനിമകളെ ഇവയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കളവുപോയ സൈക്കിളും കഴിഞ്ഞുപോയ കാലഘട്ടവും

**വിജയകൃഷ്ണൻ**



ചലച്ചിത്രത്തിന്റെ രൂപഭാവങ്ങളിൽ വിപ്ലവാത്മകമായ നൂതനത ഒരുക്കിയ പ്രസ്ഥാനങ്ങളിൽ ഏറ്റവും ശക്തമായ ഒന്നത്രേ നിയോ റിയലിസം. ചലച്ചിത്രരംഗത്തു മുളച്ചുപൊന്തിയ പ്രസ്ഥാനങ്ങളിൽ മറ്റേതൊന്നിനെക്കാളും ആസ്വാദകപ്രീതിയും സ്വാധീനശക്തിയും നിയോറിയലിസത്തിനു കൈവരാൻ എന്താണു കാരണം? ജീവിതത്തോട് ഏറ്റവും പ്രകടമായ തരത്തിൽ സത്യസന്ധത പുലർത്തി എന്നതുതന്നെ. വർണപ്പൊലിമയുള്ള സ്വപ്നസാമ്രാജ്യങ്ങളേക്കാൾ വാസ്തവികതയുടെ ദുഃഖഭൂമികൾ ആസ്വാദകമനസ്സുകളെ മഥിക്കാൻ പര്യാപ്തമാവുന്നു എന്നും അതു തെളിയിച്ചു. താരതമ്യേന കുറഞ്ഞ നിർമ്മാണച്ചെലവ്, യഥാർഥമനുഷ്യരുടെ മുഖങ്ങൾ, പരിചിതമായ ജീവിതപരിതസ്ഥിതികൾ എന്നിവയൊക്കെ നവോന്മേഷമുണർത്താൻ പര്യാപ്തമായിരുന്നുതാനും.

രണ്ടാം ലോകയുദ്ധത്തിന്റെ ചുടലക്കളത്തിൽ നിന്നാണ് ഈ പ്രസ്ഥാനം പിറവിയെടുക്കുന്നത്. ഇറ്റലിയെ സംബന്ധിച്ചിടത്തോളം വിദേശശക്തികളോടു മാത്രമല്ല പൊരുതേണ്ടി വന്നത്. പുറത്തു

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സഖ്യകക്ഷികളുമായുള്ള പോരാട്ടത്തിലേർപ്പെട്ടിരിക്കെ അകത്ത് വിപ്ലവകാരികളും മുസ്സോളിനിയുടെ ഫാഷിസ്റ്റ് അനുയായികളും തമ്മിലുള്ള രൂക്ഷമായ സംഘട്ടനം തുടർന്നുകൊണ്ടിരുന്നു. ഈ ഘട്ടത്തിൽ ഭരണകൂടത്തിന്റെ ഇച്ഛയ്ക്കനുസൃതമായ ചിത്രങ്ങൾ നിർമ്മിക്കുകയായിരുന്നു ഇറ്റാലിയൻ സംവിധായകർ. അവരുടെ ക്യാമറകൾ നുണകൾക്കു പിൻപേ നുണകൾ ഉരുവിട്ടുകൊണ്ടിരുന്നു. അതിനിടയ്ക്ക് വൻ സ്റ്റുഡിയോകൾ പലതും തകർന്നു തരിപ്പണമായി. വിലപിടിപ്പുള്ള ചിത്രീകരണസാമഗ്രികളും നശിപ്പിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് ജീവിതത്തെയും കലയെയും ഒരുപോലെ സ്നേഹിച്ച അർപ്പണബോധമുള്ള ഒരു കൂട്ടം കലാകാരന്മാർ നിയോറിയലിസത്തിന്റെ കൊടിക്കൂറയുയർത്തി രംഗത്തു വന്നത്. സിനിമയിൽ തുടരെ കണ്ട ചായം തേച്ച മുഖങ്ങളും കൃത്രിമ സൗധങ്ങളും സോപ്പുകുമിളവികാരങ്ങളും അവരെ മടുപ്പിച്ചു. 'വൈരുധ്യമേറിയ ജീവിതത്തിന്റെ പ്രതിഭാസങ്ങൾ എടുത്തുകാട്ടി ജനങ്ങളെ ഉദ്ബുദ്ധരാക്കുകയാണ് മനുഷ്യസ്നേഹിയായ കഥാകൃത്തിന്റെയും സംവിധായകന്റെയും കർത്തവ്യമെന്ന് വിശ്വസിച്ച ഈ കലാകാരന്മാർ ജീവിതത്തോട് പ്രകടമായ തരത്തിൽ സത്യസന്ധത പുലർത്തി. സ്റ്റുഡിയോയുടെ നാലു ചുമരുകൾക്കുള്ളിൽ നിന്ന് ക്യാമറയുമായി അവർ തെരുവിലേക്കിറങ്ങി. യുദ്ധത്തിനും പട്ടിണിക്കും ഇരയായവരുടെ ദൈന്യമെഴുന്ന ചിത്രങ്ങൾ ചായക്കൂട്ടുകളില്ലാതെ ക്യാമറയിലേക്കു പകർത്തി.

1942 ൽ 'റോസ് സ്കാർലെറ്റ്' എന്ന ചിത്രവുമായി സംവിധാനരംഗത്തു പദമൂന്നിയ വിറ്റോറിയോ ഡിസീക്ക കന്നിക്കാഴ്ച കൊണ്ടു തന്നെ ശ്രദ്ധേയനായിത്തീർന്നു. തിരക്കഥ, നിർമ്മിതി, സംവിധാനം എന്നിങ്ങനെ ചലച്ചിത്രകലയുടെ വിവിധ വശങ്ങളിൽ വ്യാപരിച്ച പ്രതിഭയാണദ്ദേഹത്തിന്റേത്.

വിശദാംശങ്ങളിൽ പോലും പ്രകടമാവുന്ന ജീവിതാവബോധം, ഉള്ളുരുക്കുന്ന നൊമ്പരങ്ങൾക്കിടയ്ക്കും സ്വയമറിയാതെ ചിരി പടർത്തുന്ന നർമ്മബോധം, വാക്കിലോ പ്രവൃത്തിയിലോ പ്രതികരണത്തിലോ കൃത്രിമത്വത്തിന്റെ ലാഞ്ഛനകൾ പോലുമില്ലാത്ത യഥാർഥ മനുഷ്യരുടെ ചിത്രീകരണം, അഭിനയമെന്നു പേരുചൊല്ലാൻ മടി തോന്നും വിധം യഥാതഥമായ അഭിനയം- ഇങ്ങനെ അക്കമിട്ട് പറയാവുന്ന ഒട്ടേറെ സവിശേഷതകൾ കൊണ്ട് ഒറ്റപ്പെട്ടുനിൽക്കുന്ന ചിത്രമത്രേ 'ബൈസിക്കിൾ തീവ്സ്'. ഈ ചിത്രത്തിന്റെ ആകർഷണരഹസ്യങ്ങളിൽ ഏറ്റവും പ്രധാനം അതുൾക്കൊള്ളുന്ന പ്രമേയം തന്നെ. സാധാരണക്കാരന്റെ പ്രത്യാശകളും നൊമ്പരങ്ങളും, സമൂഹവും വിധിയും ഒരൊത്തുകളിയാലെന്നതുപോലെ അവനെ പരാജയപ്പെടുത്താൻ നടത്തുന്ന ശ്രമങ്ങളും നാമിവിടെ കാണുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ദരിദ്രനായ അന്റോണിയോ റിച്ചിയുടെ ജീവിതത്തിലെ ദൗർഭാഗ്യ പൂരിതമായ ഒരധ്യായമാണ് ഡിസീക്ക ഈ കൃതിയിലൂടെ അനാവരണം ചെയ്യുന്നത്. പണിയില്ലാതെ തെണ്ടി നടക്കുന്ന റിച്ചിക്ക് ഒടുവിലൊരു പണി കിട്ടി. അതു ചെയ്യാൻ സ്വന്തമായി ഒരു സൈക്കിൾ വേണം. വീട്ടിലുണ്ടായിരുന്ന പഴയ തുണികളും പുതപ്പുകളുമൊക്കെ പണയം വച്ചിട്ടാണ് അയാളുടെ ഭാര്യ നേരത്തേ പണയത്തിലായിരുന്ന സൈക്കിൾ തിരിച്ചെടുക്കാനാവശ്യമായ തുക കണ്ടെത്തിയത്. പണി ആരംഭിച്ച ആദ്യദിവസംതന്നെ സൈക്കിൾ മോഷ്ടിക്കപ്പെട്ടു. സൈക്കിൾ തേടി നടന്ന് നിരാശനായപ്പോൾ റിച്ചിയും ഒരു സൈക്കിൾ മോഷ്ടിച്ചു. എന്നാൽ സമർഥനായ മോഷ്ടാവല്ലാഞ്ഞതുകൊണ്ട് അയാൾ കൈയോടെ പിടിക്കപ്പെട്ടു. നാമമാത്രമായ ഈ ഇതിവൃത്തത്തിൽ നിന്നാണ് സിസറേ സാവ്വട്ടിനിയും ഡിസീക്കയും ചേർന്ന് മനുഷ്യവികാരങ്ങളുടെ സമസ്തഭാവങ്ങളുമിണങ്ങിയ ഒരു കലാശില്പം വികസിപ്പിച്ചെടുത്തത്.

റിച്ചിയുടെ ഉദ്യോഗത്തിലെ ആദ്യദിവസത്തെ പുറപ്പാടിലും തിരിച്ചുവരവിലും തന്നെ സാധാരണമനുഷ്യന്റെ ദുരന്തവിധിയെ ആലേഖനം ചെയ്തിട്ടുണ്ട്. അന്ന് യാത്രതിരിക്കുമ്പോൾ അയാൾ തന്റെ പുത്രനെ സൈക്കിളിനു പിന്നിലിരുത്തി കൊണ്ടുപോകുന്നുണ്ട്. “ഇന്നു വൈകുന്നേരം ബസ്സിനു കാത്തു നിൽക്കണ്ട, അച്ഛൻ പണി കഴിഞ്ഞ് ഇതിലേ വരും; അപ്പോൾ മോനെക്കൂടി കൊണ്ടുപോകാം” എന്ന് അയാൾ പറഞ്ഞു. വൈകുന്നേരം റിച്ചി സൈക്കിൾ നഷ്ടപ്പെട്ട് ആകെത്തളർന്ന് വെറും കൈയോടെ വീട്ടിലേക്കു നടക്കുകയാണ്, അക്ഷമനായി കാത്തുനിൽക്കുകയായിരുന്ന മകൻ അച്ഛന്റെ സൈക്കിളെവിടെ എന്ന് അദ്ഭുതം കൂറിയപ്പോൾ, അതു വീണു തകർന്നുപോയി എന്നൊരു കള്ളം പറഞ്ഞ് രക്ഷപ്പെടുന്നു അയാൾ. നിശ്ശബ്ദരായി അവർ വീട്ടിലേക്കു നടന്നു.

വിധിയുടെ പരിഹാസ്യതയുടെയും ദുരന്തബോധത്തിന്റെയും ഏറ്റവും മൂർത്തമായ ചിത്രം നമുക്കു ലഭിക്കുന്നത് ‘ബൈസിക്കിൾ തീവ്സി’ലെ അവസാന സീക്വൻസിലാണ്. വിഫലമായ സൈക്കിൾ തിരച്ചിലിനു ശേഷം മകനെ കൈക്കു പിടിച്ചുകൊണ്ട് റിച്ചി നടക്കുന്നു. അവർക്കു മുന്നിൽ ഒരു സൈക്കിൾ പന്തയം നടക്കുകയായിരുന്നു. റിച്ചിയെ കൊതിപിടിപ്പിക്കാനെന്നവണ്ണം അയാളുടെ കണ്ണുകൾക്കു മുന്നിലൂടെ എണ്ണമറ്റ സൈക്കിൾ ചക്രങ്ങൾ കറങ്ങിത്തിരിഞ്ഞു. ഒരു വശത്തായി പന്തയം കാണാനെത്തിയവരുടെ സൈക്കിളുകൾ വരിവരിയായി നിർത്തിയിട്ടുണ്ട്. അയാളുടെ ദാഹാർത്തമായ കണ്ണുകൾ ഓരോ സൈക്കിളിനെയും മാറി മാറിത്തഴുകി കടന്നുപോയി. പെട്ടെന്നയാളുടെ കണ്ണുകൾ ദൂരെ ഒറ്റപ്പെട്ടിരിക്കുന്ന ഒരു സൈക്കിളിന്മേൽ പതിഞ്ഞു. അടുത്തെങ്ങും ആരുമില്ല. അയാളുടെ ഉള്ളിൽ ഒരു സംഘട്ടനം നടന്നു. മകന് ബസ്സിൽക്കയ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





റിപ്പോകാനുള്ള പണം കൊടുത്തു. "നീ പൊയ്ക്കോ, അച്ഛൻ പിന്നാലേ വന്നേക്കാം" -അയാൾ പറഞ്ഞു. കുട്ടി ബസ്സു കാത്തു നിന്നു. റിച്ചി വിറയ്ക്കുന്ന കാലടികളോടെ സൈക്കിളിനു നേരെ നടന്നടുത്തു. അയാൾ ചുറ്റും ഒരിക്കൽക്കൂടി നോക്കി. ആരും കാണുന്നില്ലെന്ന് ഉറപ്പുവരുത്തി. മിന്നലിന്റെ വേഗത്തിൽ അയാൾ സൈക്കിൾ കടന്നെടുത്ത് അതിന്മേൽ ചാടിക്കയറി. നിമിഷനേരത്തിനുള്ളിൽ 'കള്ളൻ കള്ളൻ' എന്ന വിളികൾ മുഴങ്ങി. കള്ളം ചെയ്യാനറിയാത്ത അയാൾ ഗതികേടുകൊണ്ട് ചെയ്ത കള്ളം കൈയോടെ പിടിക്കപ്പെട്ടു. മർദ്ദിക്കാൻ തുടങ്ങിയ ആളുകളെ ഒരാൾ തടഞ്ഞു. തകർന്ന മനസ്സുമായി റിച്ചി മുന്നോട്ടു നടക്കുമ്പോൾ ഈ ബഹളമൊക്കെ കണ്ടു നിന്ന മകൻ കരച്ചിലിന്റെ വക്കത്തെത്തിയമട്ടിൽ ഓടിവന്ന് അച്ഛന്റെ കൈയിൽ കടന്നു പിടിച്ചു. നാലുപാടും നിന്നുയരുന്ന പരിഹാസവാക്കുകൾക്കു നടുവിലൂടെ ആ അച്ഛനും മകനും നടന്നകലുമ്പോൾ ചിത്രം അവസാനിക്കുന്നു.

റിച്ചി എന്ന മുഖ്യകഥാപാത്രത്തിന്റെ പൂർണത നേടിയ വ്യക്തിത്വം തിരക്കഥയിൽത്തന്നെ പ്രത്യക്ഷമായിക്കഴിഞ്ഞതാണ്. എന്നാൽ നിമിഷനേരത്തേക്ക് മുഖം കാട്ടുന്ന കഥാപാത്രങ്ങളെപ്പോലും അവിസ്മരണീയമാക്കിത്തീർത്തത് ഡിസീക്കയുടെ രചനാവൈദഗ്ധ്യമല്ലാതെ മറ്റൊന്നുമല്ല. റിച്ചിയുടെ ഭാര്യതന്നെ ഉത്തമോദാഹരണം. റിച്ചിയെയോ അയാളുടെ മകനെയോ പോലെ ചിത്രത്തിലെ ശ്രദ്ധാകേന്ദ്രമാകുന്നൊരു സുപ്രധാനകഥാപാത്രമല്ല അവൾ. എങ്കിൽ കൂടി അൽപ്പം ചില നിമിഷങ്ങളിൽ പ്രത്യക്ഷപ്പെടുന്ന അവളുടെ ചിത്രം മിഴിവുറ്റതാണ്. ഭർത്താവിന് ഒരു സൈക്കിൾ വാങ്ങുന്നതി



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നായി വീട്ടിലെ തുണികൾ പോലും പണയം വയ്ക്കാനവളെ പ്രേരിപ്പിക്കുന്നത് ഭാവിയെക്കുറിച്ചുള്ള പ്രത്യാശയാണ്. ആ കണ്ണുകളിൽ പ്രത്യാശയുടെ മങ്ങാത്ത തിളക്കമുണ്ട്. അതുകൊണ്ടുതന്നെയാണ് റിച്ചിക്ക് സൈക്കിൾ നഷ്ടപ്പെടുന്നത് അകക്കാമ്പു നീറ്റുന്നൊരനുഭവമായി നമ്മെ നേരിടുന്നതും. വൈകിട്ട് അച്ഛന്റെ സൈക്കിളിനു പിന്നിലിരുന്ന് വീട്ടിലേക്കു മടങ്ങാമെന്ന മകന്റെ പ്രത്യാശയാണ് നൊമ്പരത്തിനാക്കം കൂട്ടുന്ന മറ്റൊരു ഘടകം. അച്ഛന്റെ സുഖദുഃഖങ്ങളിലെ നിതാന്ത പങ്കാളിയാണീ കുട്ടി. നഷ്ടപ്പെട്ട സൈക്കിൾ തേടി റിച്ചി അലയുമ്പോൾ കൊച്ചുകാലടികൾ കൊണ്ട് വിടാതെ പിന്തുടരുകയാണവൻ. മഴ പെയ്യുന്ന ആ ദിവസം തിരക്കേറിയ അന്വേഷണത്തിനിടയിൽ നാലുപാടും നോക്കി ആരുമില്ലെന്നറിയുമ്പോൾ മൂത്രമൊഴിക്കാനായി കുട്ടി ട്രൗസർ പൊക്കുന്നതും അതേ നിമിഷം തന്നെ അച്ഛന്റെ വിളി കാതിൽ വന്നു വീഴുന്നതും അതുകേട്ട് ട്രൗസർ താഴ്ത്തിയിട്ട് അവൻ ഓട്ടം തുടരുന്നതും നിർദോഷമായ ചിരിയുയർത്തും. എന്നാൽ ദുഃഖത്തിന്റെ അഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത ചിരിയായിരിക്കും അതെന്നു മാത്രം.

സൈക്കിൾ മോഷ്ടിക്കപ്പെട്ട അന്റോണിയോ റിച്ചി എന്ന ഹതഭാഗ്യനായ ഒരു വ്യക്തിയുടെ മാത്രം കഥയല്ല 'സൈക്കിൾ മോഷ്ടാക്കൾ'. ചിത്രം തുടങ്ങുമ്പോൾ തൊട്ട് അവസാനിക്കുന്നതു വരെ നാം കാണുന്ന ആൾക്കൂട്ടം ഇതിലെ പ്രധാന കഥാപാത്രമാണ്. കഥാനായകന്റെ പ്രശ്നം തന്നെയാണ് ആൾക്കൂട്ടം എന്ന ഈ കഥാപാത്രവും പ്രതിഫലിപ്പിക്കുന്നത്. എന്തെങ്കിലും ഒരു പണിക്കു വേണ്ടി ആകുലരായി തടിച്ചുകൂടിയ ജനസഞ്ചയത്തെയാണ് ചിത്രാരംഭത്തിൽ നാം കാണുന്നത്. അതേ പ്രശ്നം തന്നെയാണ് റിച്ചിയെയും ആൾക്കൂട്ടത്തിൽ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നത്. പിന്നീട് റിച്ചി മരിയയുമൊത്ത് ഷീറ്റുകൾ പണയം വയ്ക്കാൻ ചെന്നപ്പോൾ ആ പണയപ്പീടികയിലും സ്വന്തമായുള്ളതെല്ലാം പണയവസ്തുക്കളായി കൊണ്ടുവരുന്ന ആൾക്കൂട്ടത്തെയാണു കാണുന്നത്. പണയപ്പീടികയിലെ ജോലിക്കാരൻ റിച്ചിയുടെ ഷീറ്റ് കൊണ്ടുവയ്ക്കാൻ പോകുന്ന പാനിങ് ഷോട്ടിൽ, അട്ടിയട്ടിയായി വച്ചിരിക്കുന്ന പണയവസ്തുക്കൾ നമ്മുടെ ദൃഷ്ടിയിൽ പെടുന്നു. അടുത്ത ഷോട്ടിൽ റിച്ചി നേരത്തേ പണയം വച്ചിരുന്ന സൈക്കിൾ തിരിച്ചു കൊണ്ടുവരുമ്പോൾ പുതുതായി പണയം വയ്ക്കപ്പെട്ട സൈക്കിളുകൾ ഉള്ളിലേക്ക് നീങ്ങുന്നതു കാണുന്നു. ഈ ദൃശ്യങ്ങളൊക്കെ റിച്ചിയുടെ പ്രശ്നം അതേ തോതിൽ അനുഭവിക്കുന്ന ആയിരങ്ങളുടെ സാന്നിധ്യം നമ്മെ ബോധ്യപ്പെടുത്തുന്നു.

മരിയ ഒരു കൈനോട്ടക്കാരിയെ കാണാൻ പോകുന്നുണ്ട്. അവിടെയും വന്നുകൂടിയിട്ടുണ്ട് അസംഖ്യമാളുകൾ. മരിയയെപ്പോലെത്തന്നെ പ്രശ്നങ്ങളുടെ പരിഹാരം തേടിയാണ് അവരെല്ലാം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അവിടെ എത്തിയിരിക്കുന്നത്. സൈക്കിൾ നഷ്ടപ്പെട്ടശേഷം മോഷ്ടാവിനെ തിരയാൻ മാനിക്കോണിയുടെ സഹായം തേടി റിച്ചി പൊളിറ്റിക്കൽ ക്ലബ്ബിലെത്തുമ്പോൾ അവിടെയും തൊഴിലില്ലായ്മയെക്കുറിച്ചുള്ള പ്രഭാഷണം കേൾക്കാൻ കൂടിനിൽക്കുന്ന ജനക്കൂട്ടത്തെ നാം കാണുന്നു. ആകുലമായ ഇത്തരമൊരു ജനസഞ്ചയം റിച്ചിയും കൂട്ടരും സൈക്കിൾ തിരയുന്ന ആ മാർക്കറ്റിലുമുണ്ട്. മാർക്കറ്റിൽ കള്ളനോട് സംസാരിച്ചു നിൽക്കുന്നതായി കണ്ട വൃദ്ധനെ പിന്തുടർന്ന് റിച്ചിയും മകനും പള്ളിയിലെത്തുമ്പോൾ ജനക്കൂട്ടത്തിന്റെ ഈ ആകുലാവസ്ഥ വർധമാനമാകുന്നു. ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി പുച്ഛവും സഹതാപപ്രകടനങ്ങളും കുലീനസ്ത്രീകളുടെ പൊങ്ങച്ചങ്ങളും സഹിച്ചു നിൽക്കുന്ന ജനതതിയാണവിടെ. പിന്നീട് റിച്ചി കള്ളനെ പിടികൂടുന്നിടത്തുമെത്തുന്നുണ്ട് ആൾക്കൂട്ടം. സ്വയം നിസ്സഹായത സഹിച്ചുകൊണ്ട് മറ്റുള്ളവരുടെ നിസ്സഹായതയെ പരിഹസിക്കുന്നവരാണ് ഇക്കൂട്ടത്തിൽ എന്നതാണൊരു പ്രത്യേകത. ഏറ്റവുമൊടുവിൽ റിച്ചി സ്വയം ഒരു കള്ളനായിത്തീരുമ്പോഴും ആൾക്കൂട്ടം അയാളെ വളയുന്നുണ്ട്.

റിച്ചിയുടെ വ്യഥകൾ ആൾക്കൂട്ടത്തിൽ പ്രതിഫലിക്കുന്നു എന്നു പറഞ്ഞതുകൊണ്ട് റിച്ചിയും ആൾക്കൂട്ടവും ഒരേ ചേരിയിൽ നിൽക്കുന്നു എന്നർഥമില്ല. വാസ്തവത്തിൽ പലപ്പോഴും ആൾക്കൂട്ടം റിച്ചിയുടെ ശത്രുപക്ഷത്താണുള്ളത്. ആൾക്കൂട്ടം അയാളെ ഒറ്റപ്പെടുത്തുന്നു; പരിഹസിക്കുന്നു; ആക്രമിക്കാനൊരുങ്ങുന്നു. തന്റെ സൈക്കിൾ നഷ്ടപ്പെട്ടുവെന്ന് റിച്ചി വിളിച്ചു കൂവുമ്പോൾ അയാളെ സഹായിക്കാൻ ആരുമെത്തുന്നില്ല. അതേസമയം കള്ളനുവേണ്ടി വാദിക്കാനും അയാളെ രക്ഷിക്കാനും പലരുമുണ്ടുതാനും. ഒടുക്കം റിച്ചിയൊരു സൈക്കിൾ മോഷ്ടിക്കുമ്പോൾ ജനക്കൂട്ടം അയാളെ കൈയോടെ പിടികൂടുന്നു.

ആൾക്കൂട്ടത്തെപ്പോലെതന്നെ ഈ ചിത്രത്തിലെ പ്രധാന ഘടകമാണ് സൈക്കിളുകളും. ഒരു സൈക്കിൾ സ്വന്തമായുണ്ടായിരിക്കുക; അതു സുരക്ഷിതമായിരിക്കുക എന്നതാണല്ലോ 'സൈക്കിൾ മോഷ്ടാക്കളിലെ' മർമ്മപ്രധാനമായ കാര്യം. ഇക്കാര്യത്തിന്റെ അസാധ്യതയിൽ ആകുലനായിത്തീരുന്ന കഥാനായകന്റെ കൺമുന്നിലൂടെ എണ്ണമറ്റ സൈക്കിളുകൾ കടന്നുപോകുന്നുണ്ട്. പണയപ്പീടികയിൽവച്ചും മാർക്കറ്റിൽവച്ചും സൈക്കിളുകളുടെ നീണ്ടനിരകൾ നാം കാണുന്നു. ആദ്യ ദൃശ്യത്തിൽ അയാളോട് സൗമനസ്യം കാട്ടുകയും പിന്നത്തെ ദൃശ്യത്തിൽ അയാളെ പരിഹസിക്കുകയും ചെയ്യുന്ന സൈക്കിളുകൾ അന്തരംഗത്തിൽ അയാളെ പ്രലോഭിപ്പിക്കുകയാണ്. സൈക്കിൾ മത്സരം, കളി കാണാൻ വന്നവരുടെ നീണ്ട നിര എന്നിവയെല്ലാം അയാളിൽ പ്രലോഭനത്തിന്റെ നിലയ്ക്കാത്ത



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഓളങ്ങളുയർത്തുമ്പോൾ കൂട്ടത്തിൽ നിന്നകന്ന് ഒറ്റപ്പെട്ടിരിക്കുന്ന ഒരു സൈക്കിൾ കവർന്നെടുക്കുക ഒരു സ്വാഭാവികപ്രക്രിയയായി മാറുന്നു.

ആവർത്തനത്തിന്റെ അസാധാരണമായൊരു താളം 'സൈക്കിൾ മോഷ്ടാക്കൾ'ക്കുണ്ട്. ഒരു സൈക്കിൾ മോഷണത്തിൽ തുടങ്ങുന്ന ചിത്രം മറ്റൊരു സൈക്കിൾ മോഷണത്തിലാണല്ലോ അവസാനിക്കുന്നത്. ചിത്രത്തിന്റെ ആദ്യഭാഗത്ത്, കൈവന്ന ഭാഗ്യത്തിന്റെ ഉപകാരസ്മരണയുമായി മരിയ കൈനോട്ടക്കാരിയുടെ അടുത്ത് പോകുമ്പോൾ അതിനെ പുച്ഛിക്കുകയാണ് റിച്ചി. അതേ റിച്ചി തന്നെ ഭാഗ്യം കൈവിട്ടുപോയ്ക്കഴിഞ്ഞപ്പോൾ കൈനോട്ടക്കാരിയെ സമീപിക്കുന്നു.

റിച്ചിയും മകനും തമ്മിലുള്ള സൗന്ദര്യപ്പിണക്കം കഴിഞ്ഞ് മകൻ ഒരു പാലത്തിനരികിലിരിക്കുകയും റിച്ചി വൃദ്ധനെ തേടി നടക്കുകയും ചെയ്യുന്നു. പെട്ടെന്ന്, സഹായിക്കണേ എന്ന ആർത്തനാദം കേട്ട് റിച്ചി സംഭ്രാന്തനാവുന്നു. വെള്ളത്തിൽനിന്ന് ഏതോ മൃതദേഹം പൊക്കിയെടുക്കുന്നതു കണ്ട അയാളുടെ സംഭ്രാന്തി അനുനിമിഷം വർധിക്കുന്നു. ശരീരം ബ്രൂണോയുടേതല്ല എന്നു ബോധ്യം വരുന്ന നിമിഷത്തിൽത്തന്നെ മുങ്ങിയവനെ പിടിച്ചു കയറ്റിയ ആളുകളുടെ ശബ്ദം മുഴങ്ങുന്നു: "മരിച്ചിട്ടില്ല അല്ലേ?" "... ഇല്ല.... അവനു കുഴപ്പമൊന്നുമില്ല." ഈ വാക്കുകൾ ബ്രൂണോയ്ക്ക് ബാധകമാണെന്നതുപോലെ റിച്ചിയുടെ ജീവിതസ്വപ്നത്തിനും ബാധകമാണ്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അന്ത്യരംഗത്തിൽ അച്ഛനും മകനും കൈകോർക്കുന്ന നിമിഷത്തിലും മരിച്ചിട്ടില്ലാത്ത പ്രത്യാശ തലമുറകളിലേക്കു പകരുന്നതു നാം കാണുന്നു. 'സൈക്കിൾ മോഷ്ടാക്കളിൽ'മറ്റെന്തിനേക്കാളും സുപ്രധാനമാണീ പ്രത്യാശ. എന്തെന്നാൽ, തുടക്കത്തിൽത്തന്നെ റിച്ചി ദമ്പതിമാരുടെ കാഴ്ചപ്പാടിനു മുന്നിൽ പ്രത്യാശയുടെ വാതിൽ കൊട്ടിയടയ്ക്കപ്പെടുന്നതിന്റെ ചിത്രീകരണമുണ്ട്. പണയംവച്ച സൈക്കിൾ വീണ്ടുകിട്ടിയ ശേഷം റിച്ചി മരിയയെ തന്റെ ജോലിസ്ഥലത്തെ ലോക്കറുകൾ കാട്ടിക്കൊടുക്കാൻ വേണ്ടി ജനലിലൂടെ പൊക്കിപ്പിടിക്കുന്നു. അന്നേരം ആരോ ഷട്ടറുകൾ വലിച്ചുതാഴ്ത്തിയിടുന്നു. അതിനാൽ റിച്ചി കാട്ടിക്കൊടുക്കാനാഗ്രഹിച്ച സൗഭാഗ്യത്തിന്റെ കാഴ്ച മരിയയുടെ കണ്ണിൽനിന്നു മറയുന്നു. അത്തരത്തിൽ മറഞ്ഞുപോയ സൗഭാഗ്യത്തിന്റെ വീണ്ടെടുപ്പ് ചിത്രത്തിന്റെ ഒരു ദൃഢപ്രതീക്ഷയാണ്.

(ചലച്ചിത്രസമീക്ഷ)

- താഴെ കൊടുത്തിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ 'സൈക്കിൾ മോഷ്ടാക്കൾ' എന്ന സിനിമയെ വിശകലനം ചെയ്യുക.
    - ആൾക്കൂട്ടം കഥാപാത്രമെന്ന നിലയിൽ
    - സൈക്കിൾ നൽകുന്ന അർഥസൂചനകൾ
    - സിനിമയിൽ പ്രത്യക്ഷമാവുന്ന സാമൂഹികപ്രശ്നങ്ങൾ
    - കുടുംബബന്ധങ്ങൾക്കു നൽകിയിരിക്കുന്ന പ്രാധാന്യം
    - 
- 'സൈക്കിൾ മോഷ്ടാക്കളി'ൽ മറ്റെന്തിനേക്കാളും പ്രധാനമായിരിക്കുന്നത് പ്രത്യാശയാണെന്ന് വിജയകൃഷ്ണൻ നിരീക്ഷിക്കുന്നു. ചിത്രത്തെ വിശകലനം ചെയ്ത് നിങ്ങളുടെ നിലപാട് വ്യക്തമാക്കുക.
- ഒ.കെ. ജോണി ജനപ്രിയ സിനിമകളുടേതായി നിരീക്ഷിച്ച സ്വഭാവങ്ങളിൽനിന്ന് 'സൈക്കിൾ മോഷ്ടാക്കൾ' വേറിട്ടുനിൽക്കുന്നതെങ്ങനെ? ചർച്ചചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കൈപ്പാട്

*മലയാളം/ഡോക്യുമെന്ററി/30 മിനിറ്റ്*

തിരക്കഥ, സംവിധാനം: **ബാബു കാമ്പ്രത്ത്**



കാടിനെക്കുറിച്ചും വന്യജീവികളെക്കുറിച്ചും നാം ഏറെ ആകുലപ്പെടാറുണ്ട്. അതേസമയം നമ്മുടെ ചുറ്റുവട്ടത്തെ പാരിസ്ഥിതികപ്രശ്നങ്ങളെക്കുറിച്ച് നാം ഒട്ടും വേവലാതിപ്പെടാറുമില്ല. ഈ സമീപനത്തെ മറികടന്നുകൊണ്ടാണ് 'കൈപ്പാട്' എന്ന ഡോക്യുമെന്ററി സിനിമ കേരളത്തിലെ മറഞ്ഞുപോകുന്ന കൈപ്പാടുകളെക്കുറിച്ചുള്ള ഉൽക്കണ്ഠകൾ പങ്കുവയ്ക്കുന്നത്. കൈപ്പാടുകൾ എത്രമാത്രം പാരിസ്ഥിതികപ്രാധാന്യമുള്ളവയാണെന്നും അവ തദ്ദേശവാസികളുടെ ജീവിതോപാധിയാവുന്നതെങ്ങനെയെന്നുമുള്ള തിരിച്ചറിവിലേക്ക് ഈ സിനിമ നമ്മെ നയിക്കുന്നു.

***അവാർഡുകൾ***

- ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച പരിസ്ഥിതി ചിത്രത്തിനുള്ള വസുധ പുരസ്കാരം
- വാതാവരൺ പരിസ്ഥിതി ചലച്ചിത്രോത്സവ പുരസ്കാരം
- പ്രതിരോധ സിനിമയ്ക്കുള്ള ജോൺ എബ്രഹാം അവാർഡ്
- സംസ്ഥാന സർക്കാറിന്റെ ടെലിവിഷൻ പുരസ്കാരം- 2010
- രാജ്യാന്തര ഹ്രസ്വചലച്ചിത്രമേളയിൽ മികച്ച ഡോക്യുമെന്ററിക്കുള്ള അവാർഡ്

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കേൾക്കുന്നുണ്ടോ?

*മലയാളം/ഹ്രസ്വചിത്രം/ 25 മിനിറ്റ്*

തിരക്കഥ, സംവിധാനം: **ഗീതു മോഹൻദാസ്**



കേൾക്കാതിരിക്കാനാവാത്ത ശബ്ദത്തിലൂടെ, കാണാതിരിക്കാനാവാത്ത കാഴ്ചകളെ തേടുന്ന 25 മിനിറ്റ്. കാഴ്ചശക്തി തീരെയില്ലാത്ത ഹസ്നയെന്ന കുട്ടിയുടെ ഉൾക്കണ്ണിലൂടെ കടന്നുപോവുകയാണ് 'കേൾക്കുന്നുണ്ടോ?' എന്ന ഹ്രസ്വചിത്രം. കാഴ്ചയില്ലാത്ത കുട്ടിയുടെ വർണാഭമല്ലാത്ത ലോകത്തെ പ്രത്യാശ പകരുന്ന ദൃശ്യങ്ങളിലൂടെ ശക്തമായി ആവിഷ്കരിക്കാനാണ് സംവിധായിക ശ്രമിക്കുന്നത്. പരിസ്ഥിതിയെ മാനിക്കാതെയുള്ള വികസനമുന്നേറ്റങ്ങൾക്കിടെ നഷ്ടമാകാനിടയുള്ളതൊക്കെ ഭാവനാലോകത്ത് തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്ന ഹസ്ന എന്ന അഞ്ചരവയസ്സുകാരിയാണ് ചിത്രത്തിലെ കേന്ദ്രകഥാപാത്രം.

***അവാർഡുകൾ***

- ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലെ മികച്ച ഹ്രസ്വചിത്രം
- മികച്ച ബാലതാരത്തിനുള്ള ദേശീയ അവാർഡ്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- 'സൈക്കിൾ മോഷ്ടാക്കൾ' എന്ന സിനിമയിലും 'കേൾക്കുന്നുണ്ടോ?' എന്ന ഹ്രസ്വചിത്രത്തിലും കുട്ടികൾക്ക് നിർണായക സ്ഥാനം നൽകിയത് എന്തുകൊണ്ടാവാം? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

- കാഴ്ചയില്ലാത്ത കുട്ടിയുടെ അനുഭവലോകമാണ് 'കേൾക്കുന്നുണ്ടോ?' എന്ന ഹ്രസ്വചിത്രത്തിലുള്ളത്. എങ്ങനെയെല്ലാമാണ് ശബ്ദങ്ങളുടെ സാധ്യതകൾ ഈ സിനിമയിൽ ഉപയോഗിച്ചിരിക്കുന്നത് എന്നു കണ്ടെത്തി കുറിപ്പ് തയാറാക്കുക.

- 'കേൾക്കുന്നുണ്ടോ?' എന്ന ചിത്രത്തിൽ ആനിമേഷൻ ദൃശ്യങ്ങൾക്കുള്ള പ്രാധാന്യം ശ്രദ്ധിച്ചല്ലോ. അവയുടെ അർഥതലങ്ങൾ വ്യക്തമാക്കിക്കൊണ്ട് സിനിമയുടെ ഭാവതലത്തെ സമ്പന്നമാക്കുന്നതിൽ ഈ ദൃശ്യങ്ങൾക്കുള്ള പ്രാധാന്യം വിശദമാക്കുന്ന കുറിപ്പു തയാറാക്കുക.

- "നമുക്ക് കാടിനെക്കുറിച്ചും അതിന്റെ വന്യജീവിതത്തെക്കുറിച്ചും നല്ല ധാരണയുണ്ട്. എന്നാൽ നാം ജീവിക്കുന്ന ചുറ്റുപാടുകളുടെ ജൈവപ്രകൃതിയെക്കുറിച്ച് ഒന്നുമറിയില്ല. നാമതിനെ അവഗണിച്ചാൽ, പരിരക്ഷിക്കാതിരുന്നാൽ സ്വന്തം കാലിനടിയിലെ മണ്ണ് ചോർന്നുപോകും; നാം പോലുമറിയാതെ..."

  'കൈപ്പാട്' എന്ന ആധാരചിത്രം അവസാനിക്കുന്നത് ഈ ഓർമ്മപ്പെടുത്തലോടെയാണ്. ഒരു കൃഷിസ്ഥലം എന്നതിനപ്പുറം കൈപ്പാട് നിലത്തെ പരസ്പരാശ്രിതമായ ജൈവപ്രകൃതിയായി ചിത്രീകരിച്ചു എന്നതാണ് ഈ ഡോക്യുമെന്ററിയുടെ സവിശേഷത. ചിത്രം വിശകലനം ചെയ്ത് കുറിപ്പെഴുതുക.

- 'കൈപ്പാട്', 'കേൾക്കുന്നുണ്ടോ?' എന്നീ ചിത്രങ്ങളെ പ്രമേയതലത്തിൽ ബന്ധിപ്പിക്കുന്ന ഘടകങ്ങളെന്തെല്ലാമാണ്? അവ വ്യത്യസ്ത രീതിയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെയാണ്? ചർച്ചചെയ്യുക.

- പ്രാദേശികമായ ഒരു ആവാസവ്യവസ്ഥയുടെ സൂക്ഷ്മമായ ചിത്രീകരണമാണല്ലോ 'കൈപ്പാട്'. നാം ശ്രദ്ധിക്കാതെ പോകുന്ന നിരവധി കാര്യങ്ങൾ നമ്മുടെ ചുറ്റുപാടും സംഭവിക്കുന്നുണ്ട്. അവയിൽ കൗതുകമുള്ളതോ പൊതുശ്രദ്ധ പതിയേണ്ടതോ ആയ ദൃശ്യങ്ങൾ കണ്ടെത്തി, അവയ്ക്ക് യോജിച്ച ശബ്ദവിവരണം തയാറാക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- ചലച്ചിത്രഗാനങ്ങൾ കാതിന്റെ കല എന്നതിൽനിന്നു മാറി കണ്ണിന്റെ കലയായിത്തീരുന്നു. മാധ്യമങ്ങളുടെ പരിണാമം, സാങ്കേതികവിദ്യയുടെ വളർച്ച എന്നിവയെ മുൻനിർത്തി ഗാനരംഗങ്ങളുടെ പ്രസക്തി വിശകലനം ചെയ്യുക.

- നമ്മുടെ വിവേചനശക്തിയെയും തിരഞ്ഞെടുക്കാനുള്ള കഴിവിനെയും കീഴടക്കിക്കൊണ്ടാണ് പരസ്യങ്ങൾ നമ്മുടെ രുചികളെയും അഭിരുചികളെയും നിയന്ത്രിക്കുന്നത്. നിങ്ങൾക്കു പരിചയമുള്ള പരസ്യചിത്രങ്ങളിലെ ഭാഷയും ദൃശ്യങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- ലോകത്തിലെ മികച്ച ചിത്രങ്ങളും ഡോക്യുമെന്ററികളും ഉൾപ്പെടുത്തി സ്കൂളുകളിൽ ചലച്ചിത്രമേള സംഘടിപ്പിക്കുക. മേളയിൽ കണ്ട സിനിമകളെക്കുറിച്ചുള്ള ആസ്വാദനക്കുറിപ്പുകളുടെ ഒരു സമാഹാരം തയാറാക്കുകയും വേണം.

- ചുവടെ നൽകിയിട്ടുള്ള വാക്യങ്ങളിൽ കാലസൂചന നൽകാനുപയോഗിച്ചിട്ടുള്ള അംശങ്ങൾ കണ്ടെത്തി ചർച്ചചെയ്യുക.

  - ഈ ഘട്ടത്തിൽ ഭരണകൂടത്തിന്റെ ഇച്ഛയ്ക്കനുസൃതമായി ചിത്രങ്ങൾ നിർമ്മിക്കുകയായിരുന്നു ഇറ്റാലിയൻ സംവിധായകർ.
  - അവർ വന്നും പോയുമിരുന്നു.
  - അവൾ ആഴ്ചതോറും വീട്ടിൽപ്പോകും.
  - ശനിയാഴ്ചകളിൽ കലാപരിശീലനം നടന്നുവരുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പഠനനേട്ടങ്ങൾ

- ജനപ്രിയസിനിമകൾ അപഗ്രഥിച്ച് വിമർശനാത്മകമായ നിരൂപണങ്ങളെഴുതുന്നു.
- ക്ലാസിക് സിനിമകൾക്ക് ആസ്വാദനക്കുറിപ്പുകൾ തയാറാക്കുന്നു
- സംസ്കാരപഠനത്തിനുള്ള ഉപാധി എന്ന നിലയിൽ ചലച്ചിത്രഗാനങ്ങൾ അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.
- ചലച്ചിത്രഗാനങ്ങൾ, ചലച്ചിത്രങ്ങൾ ഇവയെപ്പറ്റി സ്വരൂപിച്ച ധാരണകളുടെ അടിസ്ഥാനത്തിൽ ആമുഖപ്രഭാഷണം, പ്രസംഗം, അഭിപ്രായക്കുറിപ്പ് തുടങ്ങിയവ തയാറാക്കുന്നു.
- സിനിമയുടെ സ്വാധീനം വിശദമാക്കുന്ന ചർച്ചകൾ, സംവാദങ്ങൾ, പ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കുകയും അവയിൽ പങ്കെടുക്കുകയും റിപ്പോർട്ടുകൾ തയാറാക്കുകയും ചെയ്യുന്നു.
- ചലച്ചിത്രങ്ങളുമായി ബന്ധപ്പെട്ട വിവിധവ്യവഹാരരൂപങ്ങൾ വിശകലനം ചെയ്ത് സിനോപ്സിസ്, ശബ്ദവിവരണം തുടങ്ങിയവ തയാറാക്കുന്നു.
- ഡോക്യുമെന്ററിചിത്രം, ഹ്രസ്വചിത്രം എന്നിവയുടെ തിരക്കഥകൾ രചിക്കുന്നു.

## എഴുത്തുകാർ

### പി. ഭാസ്കരൻ

കവി, ഗാനരചയിതാവ്, ചലച്ചിത്രസംവിധായകൻ എന്നീ നിലകളിൽ പ്രശസ്തൻ. കേരളീയമായ ബിംബകല്പനയിലൂടെ ചലച്ചിത്രഗാന ശാഖയെ സ്വതന്ത്രവും സമ്പന്നവുമാക്കിയ ഇദ്ദേഹം 1924 മെയ് 21 ന് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ ജനിച്ചു. 2007 ഫെബ്രുവരി 25 ന് മരണം. ഓർക്കുക വല്ലപ്പോഴും, ഒറ്റക്കമ്പിയുള്ള തംബുരു, വയലാർ ഗർജ്ജിക്കുന്നു, ഒസ്യത്ത്, പാടുന്ന മൺതരികൾ, ഓടക്കുഴലും ലാത്തിയും, നാഴിയുരിപ്പാല് തുടങ്ങിയവയാണ് പ്രധാന കൃതികൾ. ഓടക്കുഴൽ പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, വള്ളത്തോൾ പുരസ്കാരം മുതലായവ ലഭിച്ചിട്ടുണ്ട്.

### ഒ.കെ. ജോണി

ചലച്ചിത്രനിരൂപകനും മാധ്യമപ്രവർത്തകനും. 1957 ഓഗസ്റ്റ് 22ന് വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ ജനനം. സിനിമയുടെ വർത്തമാനം, നിശ്ശബ്ദനിലവിളികൾ എന്നിവ പ്രധാന കൃതികൾ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### വിജയകൃഷ്ണൻ

മലയാള ചലച്ചിത്രസംവിധായകനും നിരൂപകനും കഥാകൃത്തും. 1952 നവംബർ 5 ന് തിരുവനന്തപുരത്ത് ജനനം. ചലച്ചിത്രസമീക്ഷ എന്ന കൃതി ഏറ്റവും മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള 1982ലെ ദേശീയപുരസ്കാരം നേടി. സംസ്ഥാന ചലച്ചിത്ര പുരസ്കാരം, ഫിലിം ക്രിട്ടിക്ക് അവാർഡ്, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം മുതലായവ ലഭിച്ചിട്ടുണ്ട്. കാലത്തിൽ കൊത്തിയ ശില്പങ്ങൾ, ചലച്ചിത്രത്തിന്റെ പൊരുൾ, മാറുന്ന പ്രതിച്ഛായകൾ, കറുപ്പും വെളുപ്പും വർണങ്ങളും, ലോകസിനിമ, സിനിമയുടെ കഥ തുടങ്ങിയ സിനിമാസംബന്ധിയായ പുസ്തകങ്ങളും സാർത്ഥവാഹകസംഘം, നിധി, പടയോട്ടം, നാലാമത്തെ സാലഭഞ്ജിക, കിഴവൻ മാർത്താണ്ഡന്റെ കുതിര തുടങ്ങിയ സർഗാത്മകരചനകളും ഉൾപ്പെടെ നിരവധി കൃതികളുടെ കർത്താവാണ്. നിധിയുടെ കഥ, ദലമർമ്മരങ്ങൾ തുടങ്ങിയവ പ്രധാന ചലച്ചിത്രങ്ങൾ.

### ബാബു കാമ്പ്രത്ത്

പരിസ്ഥിതിപ്രവർത്തകനും ഡോക്യുമെന്ററി സംവിധായകനും. 1969 ജനുവരി 12 ന് കണ്ണൂർജില്ലയിലെ പയ്യന്നൂരിൽ ജനനം. ബിഹൈന്റ് ദ മിസ്റ്റ് എന്ന ഡോക്യുമെന്ററിക്ക് 2012 ലെ നോൺ ഫീച്ചർ വിഭാഗത്തിൽ മികച്ച സാമൂഹികപ്രതിബദ്ധതയുള്ള ചിത്രത്തിനുള്ള ദേശീയ അവാർഡ് ലഭിച്ചിരുന്നു. കേരള ചലച്ചിത്ര അക്കാദമി അവാർഡ്, സംസ്ഥാന ടെലിവിഷൻ അവാർഡ് എന്നിവയും ലഭിച്ചു. കാനം, കൈപ്പാട് എന്നിവ മറ്റു ചിത്രങ്ങൾ.

### ഗീതു മോഹൻദാസ്

ഡോക്യുമെന്ററി-ഹ്രസ്വചിത്ര സംവിധായികയും ചലച്ചിത്രനടിയും. 1981 ഫെബ്രുവരി 14 ന് ജനനം. ഗീതു മോഹൻദാസ് സംവിധാനം ചെയ്ത 'കേൾക്കുന്നുണ്ടോ?' 2009ലെ ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച ഹ്രസ്വചിത്രമായി തിരഞ്ഞെടുക്കപ്പെട്ടു. 1986 ൽ മികച്ച ബാലനടിക്കും 2004 ൽ മികച്ച നടിക്കുമുള്ള സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മൂന്ന്

# ഉള്ളറിവ്

കവിതചൊല്ലിയും കഥവായിച്ചും നാം രസിച്ചു. അതെ, സാഹിത്യപഠനത്തിന്റെ ആദ്യഘട്ടം ആസ്വാദനപ്രധാനമാണ്. പിന്നീടത് സൂക്ഷ്മതലത്തിലുള്ള അപഗ്രഥനത്തിലേക്കും വിമർശന ചിന്തയിലേക്കും വികസിക്കണം. അതിന് ആഴത്തിലുള്ള വായന ആവശ്യമുണ്ട്; സാഹിത്യവിശകലനത്തിനുതകുന്ന എല്ലാ ഉപാധികളെയും ഉൾക്കൊണ്ടുകൊണ്ടുള്ള വായന. അപ്പോൾ മാത്രമേ ഒരു കൃതിയെ വിഭിന്നതലങ്ങളിൽ അപഗ്രഥിക്കാനും മനസ്സിലാക്കാനും കഴിയൂ. പ്രമേയത്തിലോ ആഖ്യാനതന്ത്രത്തിലോ ഊന്നിയുള്ള വിശകലനമാവാം; കൃതിയിലെ സൂചനകളെ വ്യത്യസ്ത വിജ്ഞാനമേഖലകളുമായി ബന്ധിപ്പിച്ച് പുതിയ തെളിച്ചങ്ങൾ സൃഷ്ടിക്കാം; അർഥത്തിന്റെയും ധ്വനിയുടെയും വിശാലപ്രപഞ്ചങ്ങളിലേക്കു കടക്കാം. വായനയുടെ വിശാല സാധ്യതകൾ അത്തരത്തിലൊക്കെ വളർത്തിയെടുക്കാനുതകുന്ന രചനകളാണ് ഈ യൂണിറ്റിൽ ഉള്ളത്.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"താമരക്കുളങ്ങൾതൻ വക്കിലെത്തോപ്പിൽക്കൂടി
പ്രേമവേദനപാകി മറയും ഋതുക്കളേ
എകാന്ത വനനദീതീരങ്ങൾ തേടി, ഗാന-
നൗകകൾ തുഴഞ്ഞുപോം പറവപ്പറ്റങ്ങളേ
കരളിൻ കലമ്പലറ്റാനന്ദ സുധ തേടി
കവിതാസമാധിയിലുറച്ച മലകളേ
കഴിഞ്ഞതെല്ലാം മറന്നെനിക്കു കേറിപ്പറ്റാൻ
കതകു തുറക്കുമോ? വിളക്കു കൊളുത്തുമോ?'

(ഇരുട്ടിലെ മനുഷ്യൻ) - പി. കുഞ്ഞിരാമൻനായർ

"കവിത നൽകുന്നത് കേവലാശയങ്ങളല്ല; അനുഭൂതികളുടെ മായികലോകങ്ങളാണ്" - തന്നിരിക്കുന്ന കാവ്യഭാഗം എന്തെന്തു വായനാനുഭവങ്ങളാണ് നമുക്കു നൽകുന്നത്? ചർച്ചചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ

**എം.എൻ. വിജയൻ**

പദക്കസർത്തല്ല കവിതയെങ്കിൽ, വാക്കുകളുടെ നൃത്തമല്ല കവിതയെങ്കിൽ, മറ്റെന്താണ് എന്ന് എനിക്കിനിയും മനസ്സിലായിട്ടില്ല. കൈകാലുകളുടെ കസർത്ത് 'ബാലേ' ആയിത്തീരാം. സ്വരക്കസർത്ത് സംഗീതമാകാം. പക്ഷേ പദക്കസർത്ത്, അതുമാത്രം കവിതയായിക്കൂടാ? ചലനത്തെ നൃത്തത്തിലെന്നതുപോലെ, നാദത്തെ ഗാനത്തിലെന്നതുപോലെ, കല്ലിനെ ശില്പത്തിലെന്നതുപോലെ അദ്ഭുതാത്മകമായി, സുഭഗമായി, അർഥഗർഭമായി വാക്കുകളെക്കൊണ്ടു നൃത്തം ചെയ്യിക്കലല്ലെങ്കിൽ കവിത പിന്നെ എന്താണ്? കവിതയിലെ ഈ നൃത്തം മുഖ്യമായി ശബ്ദത്തിന്റേതല്ല, അർഥത്തിന്റേതാണ് എന്നു മാത്രമേ വ്യത്യാസമുള്ളൂ. 'പറയാനുള്ളതു നേരെച്ചൊവ്വേ പറഞ്ഞിട്ട് പോകുക' എന്ന മൂഢകാവ്യസിദ്ധാന്തത്തിനു നമ്മുടെയിടയിൽ ഇനിയും പ്രചാരമുണ്ട്.

കേറ്റിയെഴുന്നള്ളിച്ച ആനയുടെ മദംപൊട്ടി എന്നു നിങ്ങൾക്കു പറയാം. പക്ഷേ,

> "പൊൽത്തിടമ്പേറിദ്ദേവൻ
> പെരുമാറുമപ്പെരും
> മസ്തകകടാഹത്തിൽ
> മന്ത്രിപ്പൂ പിശാചുക്കൾ"

എന്ന വരി എഴുന്നള്ളിച്ച ആനയുടെ കഥ മാത്രമല്ല. ദേവൻ പെരുമാറുന്ന മസ്തകം ഫ്രോയ്ഡിന്റെ മാന്യമായ സൂപ്പർ ഈഗോയെ നിങ്ങളെ അനുസ്മരിപ്പിക്കാം. വികാരങ്ങൾ കലങ്ങിക്കുത്തിച്ചാടുന്ന തലയ്ക്കുമീതെയാണാ സുന്ദരനായ സൗവർണദേവൻ. ഈ ഭാവബന്ധം മനശ്ശാസ്ത്രപരമായ ഒരു മാനമാകുന്നു. താഴെ കാതിൽ പിശാചുക്കൾ മന്ത്രിക്കുമ്പോൾ, നിങ്ങൾ ഉൽപ്പത്തിക്കഥയിൽ ഈവിന്റെ കാതിൽ മന്ത്രിച്ച സർപ്പത്തെ ഓർക്കാം. അത് അതിന്റെ പൗരാണികമാനവും. ഇവ രണ്ടും ഇണങ്ങിച്ചേരുകയും ആധുനികമനുഷ്യന്റെ മാനസികാവസ്ഥയിൽ ആ ഭീമമൃഗത്തിന്റെ ചേതന വന്നു ലയിക്കുകയും ചെയ്യുന്നു. ഇതു പദക്കസർത്താണ്.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സംശയമില്ല. പക്ഷേ, ഇതു കവിതകൂടിയാകാൻ പറ്റുകയില്ല എന്നു വിവരമുള്ളവരോടു ചോദിച്ചതിനുശേഷം ഉറപ്പിച്ചുപറഞ്ഞാൽ മതി.

പണ്ടത്തെ കവിത, പദങ്ങളുടെ ലളിതനൃത്തമായിരുന്നിരിക്കാം. ഇന്നതു പുതിയ വിജ്ഞാനചക്രവാളങ്ങളുടെയും അനുഭൂതിമണ്ഡലങ്ങളുടെയും വികാസത്താൽ സങ്കീർണമായിത്തീർന്നിരിക്കുന്നു. വിജ്ഞാനവികാസത്താലും ജീവിതരംഗങ്ങളുടെ വൈചിത്ര്യ-വൈപുല്യങ്ങളാലും സങ്കീർണമായിത്തീർന്നിട്ടുള്ള ആധുനികലോകത്തിന്റെ മനസ്സാക്ഷിയായി മാറാൻ കഴിയാതെ, പട്ടുമെത്തയിലായാലും പഴംപായിലായാലും കുത്തിയിരുന്നു മുറുക്കി കഥപറയുന്നവരെ ഉത്തിഷ്ഠമാനപ്രതിഭന്മാരായെണ്ണുക വിഷമമാണ്. "പുസ്തകം തിന്നുന്നവൻ പുസ്തകപ്പുഴുവാകാം. പക്ഷേ, മണ്ണുതിന്നുന്നവൻ ഞാഞ്ഞൂലായിത്തീരുന്നു."

* * * * * *

അവ്യവസ്ഥിതത്വം (Ambiguity) കവിതയുടെ സ്വഭാവമാണ്. അർഥമുള്ളത് കവിതയല്ല; അർഥത്തിനപ്പുറമുള്ളതാണ് കവിത. വാക്കിന് ഒരർഥത്തിൽ കവിഞ്ഞ് മറ്റൊരർഥമില്ലെങ്കിൽ അത് കവിതയാകുന്നില്ല. പെൻസിൽ എന്ന പദം സാധാരണ പ്രയോഗിക്കുമ്പോൾ നമുക്ക് ഒന്നും തോന്നുന്നില്ല. എന്നാൽ അതിനുപകരം തൂലിക എന്ന പദം പ്രയോഗിക്കുമ്പോഴോ? തൂവൽ മുളയ്ക്കുന്നത് പക്ഷിയുടെ ശരീരത്തിൽ നിന്നാണ്. പണ്ട് തിരുവിതാംകൂറിലെ രാജാക്കന്മാർ ഡക്കറേറ്റീവ് ഓബ്ജക്റ്റ് ആയി ഒട്ടകപ്പക്ഷിയുടെ തൂവൽ കിരീടത്തിലണിഞ്ഞിരുന്നു. തൂവൽ പറിച്ചെടുക്കുമ്പോൾ നോവും. തൂവലിലൂടെ വിരിയുന്നത് ജീവരക്തം തന്നെയാണെന്ന് വൈലോപ്പിള്ളി പറഞ്ഞിട്ടുണ്ട്. തൂവലിന് ഒരു അർഥമേയുള്ളൂവെങ്കിൽ കവിതയിൽ അതിന് ഒരർഥമല്ല; അനേകം അർഥങ്ങളെ നിഷ്പാദിപ്പിക്കുന്ന വാഗ്ബിന്ദുക്കളാണ് കവി തിരഞ്ഞെടുക്കുന്നത്.

കുഞ്ചൻനമ്പ്യാർ വാഴത്തോട്ടത്തെ വിവരിച്ചത് ഓർക്കുക. 'പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ' എന്നു തുടങ്ങുന്ന വരികളിൽ മരതകവും ഗോമേദകവും വൈഡൂര്യവുമൊക്കെ കടന്നുവരുന്നു. ഈ ബോധം സാർവജനീനമായ ഒന്നല്ല; ചില ചരിത്രഘട്ടങ്ങളിൽ തോന്നുന്നതാണ്. ചങ്ങമ്പുഴയ്ക്ക് വാഴക്കുലയെ രത്നക്കുലകളോട് താരതമ്യപ്പെടുത്താനായില്ല. അത് മലയപ്പുലയന്റെ ആശയായി, പ്രതീക്ഷയുടെ കൂമ്പായി മാറുന്നു. അത് മറ്റാർക്കോ വെട്ടിക്കൊണ്ടു പോകാനുള്ളതായിരുന്നു.

മേഘം യക്ഷനെ രതിക്രീഡകൾ അനുസ്മരിപ്പിച്ചു. യക്ഷന്റെ പ്രശ്നം ശൈശവ ഭാവനകളെക്കൊണ്ട് തിരസ്കൃതനായ ഒരു മുതിർന്ന മനുഷ്യന്റെ പ്രശ്നമാണ്. അദ്ദേഹം രാമഗിരിയിലേക്ക് വലിച്ചെ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



റിയപ്പെട്ടു. ആദ്യത്തെ മഴക്കാറ് കാമത്തിന്റെ സാക്ഷാൽക്കാരമാണ്. ഉത്തരേന്ത്യയെ സംബന്ധിച്ചിടത്തോളം അതിന് വേറെയും പ്രത്യേകതകളുണ്ട്. ഹിമാലയൻ ചുരങ്ങൾ വഴി പോയ കച്ചവടക്കാർ യാക്കിന്നു പുറത്തു കയറി മടങ്ങിവരുന്ന കാലമാണത്. നമുക്കിവിടെ മഴയില്ലാത്ത കാലമില്ല. മഴക്കാറ് കാണുമ്പോഴൊക്കെ അനുരാഗമുണ്ടാവുകയാണെങ്കിൽ നമുക്ക് മറ്റൊന്നിന്നും നേരമുണ്ടാകില്ല. ഇതേ മേഘം വള്ളത്തോളിന് നൽകിയത് മറ്റൊരനുഭവമാണ്. 1920കളിൽ ദേശീയപ്രസ്ഥാനം കൊടുമ്പിരിക്കൊണ്ട കാലത്ത് അദ്ദേഹത്തിന് അത് നൂൽക്കാനുള്ള പരുത്തിയായാണ് തോന്നിയത്. ഒരു പ്രസ്ഥാനത്തിന്റെ അനുബന്ധമായാണ് അദ്ദേഹം ആ കാഴ്ച കണ്ടത്. ചരിത്രം പലപ്പോഴും നമ്മുടെ കാഴ്ചയെ സ്വാധീനിക്കുന്നു. ഒരേ ലോകത്തെ തൊഴിലാളിക്കും മുതലാളിക്കും വെവ്വേറെ കാണാം. ലോകം സമാധാനത്തിന്റെ പീഠഭൂമിയാണെന്ന് ഒരു സന്ന്യാസിക്ക് തോന്നും. എന്നാൽ ഹിരോഷിമയിലുള്ളവർക്ക് അങ്ങനെ തോന്നണമെന്നില്ല. എല്ലാവരും ഒരേപോലെ കാണാത്തതാണ് കലാകാരൻ തിരഞ്ഞെടുക്കുന്ന സിംബലുകൾ.

കവി പ്രയോഗിക്കുന്ന പ്രതീകങ്ങളിൽ അവ്യവസ്ഥിതത്വം ഉണ്ട്. ജിയുടെ 'അന്വേഷണം' എന്ന കവിതയിലെ കാറ്റ്, വൈലോപ്പിള്ളിയുടെ 'മാമ്പഴ'ത്തിന്റെ ഒടുവിൽ ഒരിക്കലും പിടികൊടുക്കാത്തവനായി അമ്മയെ ആശ്ലേഷിക്കുന്ന തൈക്കുളിർകാറ്റ് എന്നിവ ഇതിന്റെ നല്ല ഉദാഹരണങ്ങളാണ്.

നാം തന്നെ ഉണ്ടാക്കുന്നതും ഉണ്ടുതീർക്കുന്നതുമായ ഈ ലോകത്തിൽ ഒരു സന്ധ്യകൂടിയുണ്ട് എന്നു പറയുന്നവർ പിന്നീട് കവികളായിത്തീരുന്നു. നമ്മുടെ അനുഭവങ്ങളിൽ ചിലതുകൂടി അവർ കൂട്ടിച്ചേർക്കുന്നു. കാളിദാസൻ ചിലതും ഷേക്സ്പിയർ പലതും ഇങ്ങനെ ചേർത്തിരിക്കുന്നു. ഇവരിൽവച്ച് ഒരു നന്മയെങ്കിലും കാണുന്നവനെ നല്ല കവിയെന്നും ഒരുപാട് കണ്ടെത്തുന്നവനെ മഹാകവിയെന്നും ഐ.എ. റിച്ചാർഡ്സ് വിളിക്കുകയുണ്ടായി. ആയിരം നിറമുള്ള പൂക്കൾ, എണ്ണമറ്റ രസഭേദങ്ങൾ, ആസ്വാദനത്തിന്റെ അനവധി തലങ്ങൾ. ലോകത്തെ വളർന്നുകൊണ്ടേയിരിക്കുന്ന ഒരു ഓർക്കസ്ട്രയായി മാറ്റുന്നവർ; ജീവിതം അവസാനിക്കുന്നില്ല എന്നു പറയുന്നവർ; മനുഷ്യന്റെ അനുഭവങ്ങൾക്ക് അതിരുകളില്ല എന്നു വീണ്ടും വീണ്ടും വിളിച്ചറിയിക്കുന്നവർ. കവികൾ തന്നിഷ്ടംപോലെ ലോകങ്ങൾ ഉണ്ടാക്കുന്നു എന്നു പറയുന്നത് ഇക്കാരണം കൊണ്ടാകാം. അവരെ നമുക്ക് ഇനിയും ആവശ്യമുണ്ട്.

**– എം. എൻ. വിജയന്റെ സമ്പൂർണകൃതികൾ**

**(വാല്യം–2)**

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



“ചലനത്തെ നൃത്തത്തിലെന്നതുപോലെ, നാദത്തെ ഗാനത്തിലെന്നതുപോലെ, കല്ലിനെ ശില്പത്തിലെന്നതുപോലെ അദ്ഭുതാത്മകമായി, സുഭഗമായി, അർഥഗർഭമായി വാക്കുകളെക്കൊണ്ടു നൃത്തം ചെയ്യിക്കലാണ് കവിത” - ഈ അഭിപ്രായത്തെ പി. കുഞ്ഞിരാമൻനായരുടെ കാവ്യഭാഗം അടിസ്ഥാനമാക്കി പരിശോധിക്കുക.

‘മദം പൊട്ടിയ ആന’ എന്ന കേവലാശയത്തെ ഒരു കവി ആവിഷ്കരിച്ചിരിക്കുന്നതു കണ്ടല്ലോ.
‘കുളത്തിലെ വെള്ളം തെളിഞ്ഞു’ എന്ന ഒരാശയം മറ്റൊരു കവി വർണിച്ചിരിക്കുന്നതു നോക്കൂ.

“വിണ്ടല നീല നിറങ്ങളെല്ലാം
കുണ്ടുകുളത്തിൽ വിരുന്നു വന്നു.”

നിങ്ങൾക്കു പരിചിതമായ കാവ്യഭാഗങ്ങളിൽനിന്ന് ഇത്തരം ഉദാഹരണങ്ങൾ കണ്ടെത്തി ‘കവിതയുടെ ഭാവഭംഗി’ എന്ന വിഷയത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

“ദയയൊരു ലവലേശം പോലുമില്ലാത്ത ദേശം
പരമിഹ പരദേശം പാർക്കിലത്യന്തമോശം
പറകിൽ നഹി കലാശം പാർക്കിലിങ്ങേകദേശം
സുമുഖി! നരകദേശം തന്നെയാണാ പ്രദേശം”
(വെണ്മണി അച്ഛൻ നമ്പൂതിരി)

“കടലിന്റെ
ഭ്രാന്തുപിടിച്ച രക്തത്തിലൂടെ
ചുട്ടുപഴുത്ത സൂചിപ്പൊട്ടുപോലെ
ഓടിക്കൊണ്ടിരുന്നു;
പിന്നിൽ
തന്നേക്കാൾ വേഗത്തിൽ
കടൽ
ദഹിച്ചു ദഹിച്ചു വരുന്നത്
അറിയാതെ.”
(ടി.പി. രാജീവൻ)

രണ്ടു കാലഘട്ടങ്ങളിലെ കാവ്യരചനയുടെ ഉദാഹരണങ്ങളാണ് ഇവ. ഇവയെ അടിസ്ഥാനമാക്കി മറ്റുദാഹരണങ്ങൾകൂടി കണ്ടെത്തി താഴെ കൊടുത്തിരിക്കുന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"പണ്ടത്തെ കവിത പദങ്ങളുടെ ലളിതനൃത്തമായിരുന്നിരിക്കാം. ഇന്നത് പുതിയ വിജ്ഞാനചക്രവാളങ്ങളുടെയും അനുഭൂതി മണ്ഡലങ്ങളുടെയും വികാസത്താൽ സങ്കീർണമായി ത്തീർന്നിരിക്കുന്നു."

പുലരിയെക്കുറിച്ചുള്ള രണ്ടു കവികളുടെ ഭാവന നോക്കൂ:

"കിഴക്കുദിക്കിലെ ചെന്തെങ്ങിൽ
കരിക്കു പൊന്തിയ നേരത്ത്
മുരിക്കിൻ തയ്യേ നിന്നുടെ ചോട്ടിൽ
മുറുക്കിത്തുപ്പിയതാരാണ്?"

"രാക്കരിക്കിൻ കണ്ണു കുത്തി-
ത്തള്ളും വെള്ളം തെറിക്കവേ
ചിരിച്ചുകൊണ്ടൊന്നു കണ്ണു
ചിമ്മിപ്പോയ് പുലർതാരക."

മുകളിൽ കൊടുത്ത കാവ്യഭാഗങ്ങൾ പരിശോധിച്ച് എം.എൻ. വിജയന്റെ ഈ അഭിപ്രായം വിശകലനം ചെയ്യുക:
"എല്ലാവരും ഒരേപോലെ കാണാത്തതാണ് കലാകാരൻ തിരഞ്ഞെടുക്കുന്ന സിംബലുകൾ."

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഊഞ്ഞാലിൽ

**വൈലോപ്പിള്ളി**



ഒരു വെറ്റില നൂറുതേച്ചു നീ തന്നാലുമീ-
ത്തിരുവാതിരരാവു താംബൂലപ്രിയയല്ലോ
മഞ്ഞിനാൽ ചൂളീടിലും മധുരം ചിരിക്കുന്നൂ
മന്നിടം; നര ചൂഴും നമുക്കും ചിരിക്കുക!
മാമ്പൂവിൻ നിശ്വാസമേറ്റോർമ്മകൾ മുരളുമ്പോൾ
നാം പൂകുകല്ലീ വീണ്ടും ജീവിത മധുമാസം!



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മുപ്പതുകൊല്ലം മുമ്പ് നീയുമീ മന്ദസ്മിത-
മുഗ്ധയാം പൊന്നാതിരമാതിരിയിരുന്നപ്പോൾ
ഇതുപോലൊരു രാവിൽത്തൂമഞ്ഞും വെളിച്ചവും
മധുവുമിറ്റിറ്റുമീമുറ്റത്തെ മാവിൻചോട്ടിൽ
ആരുമേ കാണാതിരുന്നുഴിഞ്ഞാലാടീലേ നാം
നൂറുവെറ്റില തിന്ന പുലരി വരുവോളം
ഇന്നുമാ മുതുമാവിന്നോർമ്മയുണ്ടായീ പൂക്കാ-
നുണ്ണിതൻ കളിമ്പമൊരൂഞ്ഞാലുമതിൽക്കെട്ടീ
ഉറക്കമായോ നേർത്തേയുണ്ണിയിന്നുറങ്ങട്ടേ,
ചിരിച്ചു തുള്ളും ബാല്യം ചിന്ത വിട്ടുറങ്ങട്ടെ
പൂങ്കിളി കൗമാരത്തിന്നിത്തിരി കാലം വേണം
മാങ്കനികളിൽനിന്നു മാമ്പൂവിലെത്തിച്ചേരാൻ.[1]

വീശുമീ നിലാവിന്റെ വശ്യശക്തിയാലാകാം
ആശയൊന്നെനിക്കിപ്പോൾത്തോന്നുന്നു, മുന്നേപ്പോലെ
വന്നിരുന്നാലും നീയീയുഴിഞ്ഞാൽപ്പടിയിൽ, ഞാൻ
മന്ദമായ്ക്കല്ലോലത്തെത്തെന്നൽപോലാട്ടാം നിന്നെ
ചിരിക്കുന്നുവോ? കൊള്ളാം, യൗവനത്തിന്റേതായ്, ക-
യ്യിരിപ്പുണ്ടിന്നും നിനക്കാമനോഹരസ്മിതം!

അങ്ങിനെയിരുന്നാലും, ഈയൂഞ്ഞാൽ പടിയിന്മേൽ-
ത്തങ്ങിന ചെറുവെള്ളിത്താലിപോലിരുന്നാലും!
കൃശമെൻ കൈകൾക്കു നിന്നുദരം മുന്നേപ്പോലെ,
കൃതസന്തതിയായി സ്ഥൂലയായ് നീയെങ്കിലും.
നമ്മുടെ മകളിപ്പോൾ നൽക്കുടുംബിനിയായി
വൻപെഴും നഗരത്തിൽ വാഴ്കിലും സ്വപ്നം കാണാം
ആതിരപ്പെണ്ണിന്നാടാനമ്പിളി വിളക്കേന്തു-
മായിരംകാൽമണ്ഡപമാകുമീ നാട്ടിൻപുറം!
ഏറിയ ദുഃഖത്തിലും ജീവിതോല്ലാസത്തിന്റെ
വേരുറപ്പിവിടേപ്പോൽക്കാണുമോ വേറെങ്ങാനും?

പാഴ്മഞ്ഞാൽ ചൂളീടിലും പഞ്ഞത്താൽ വിറയ്ക്കിലും
പാടുന്നു, കേൾപ്പീലേ നീ? പാവങ്ങളയൽ സ്ത്രീകൾ?
പച്ചയും ചുവപ്പുമാം കണ്ണുമായ്, പോരിൻ വേട്ട-
പ്പക്ഷിപോലതാ പാറിപ്പോകുമാ വിമാനവും
ഒരു ദുഃസ്വപ്നം പോലെ പാഞ്ഞുമാഞ്ഞുപോ,[2]മെന്നാൽ
തിരുവാതിരത്താരത്തീക്കട്ടയെന്നും മിന്നും[3]
മാവുകൾ പൂക്കും മാനത്തമ്പിളി വികസിക്കും

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മാനുഷർ പരസ്പരം സ്നേഹിക്കും, വിഹരിക്കും
ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ-
യുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം!

ആലപിക്കുക നീയുമതിനാൽ മനം നൃത്ത-
ലോലമാക്കുമഗ്ഗാനം 'കല്യാണി കളവാണി'[4]
പണ്ടുനാളെപ്പോലെന്നെപ്പുളകം കൊള്ളിച്ചു നിൻ
കണ്ഠനാളത്തിൽ സ്വർണക്കമ്പികൾ തുളുമ്പവേ,
മെല്ലെവേ നീളും പാട്ടിന്നീരടികൾ തന്നൂഞ്ഞാൽ-
വള്ളിയിലങ്ങോട്ടിങ്ങോട്ടെൻ കരളാടീടവേ,
വെൺനര കലർന്നവളല്ല നീയെൻ കണ്ണിന്നു
'കണ്വമാമുനിയുടെ കന്യ'യാമാരോമലാൾ,
പൂനിലാവണി മുറ്റമല്ലിതു, ഹിമാചല-
സാനുവിൻ മനോഹര മാലിനീനദീതീരം;
വ്യോമമല്ലിതു സോമതാരകാകീർണം, നിന്റെ-
യോമന വനജ്യോത്സ്ന പൂത്തുനിൽക്കുവതല്ലോ.
നിഴലല്ലിതു നീളെപ്പുള്ളിയായ് മാഞ്ചോട്ടിൽ, നി-
ന്നിളമാൻ ദീർഘാപാംഗൻ വിശ്രമിക്കുകയത്രേ!

പാടുക, സർവാത്മനാ ജീവിതത്തിനെ സ്നേഹി-
ച്ചീടുവാൻ പഠിച്ചൊരീ നമ്മുടെ ചിത്താമോദം
ശുഭ്രമാം തുകിൽത്തുമ്പിൽപ്പൊതിഞ്ഞുസൂക്ഷിക്കുമീ-
യപ്സരോവധൂ, തിരുവാതിര, തിരിക്കവേ.
നാളെ നാം നാനാതരം വേല[5]യെക്കാട്ടും പകൽ-
വേളയിൽ ക്ഷീണിച്ചോർമ്മിച്ചന്തരാ ലജ്ജിക്കുമോ?
എന്തിന്? മർത്ത്യായുസ്സിൽ സാരമായതു ചില
മുന്തിയ സന്ദർഭങ്ങൾ- അല്ല മാത്രകൾ- മാത്രം.
ആയതിൽ ചിലതിപ്പോളാടുമീയൂഞ്ഞാലെണ്ണീ
നീയൊരു പാട്ടുംകൂടിപ്പാടിനിർത്തുക, പോകാം.

– ശ്രീരേഖ

---

1 തീറ്റിക്കൊതിയുള്ള കാലഘട്ടത്തിൽനിന്ന് ശൃംഗാരപ്രധാനമായ കാലത്തിലേക്ക് എത്തിച്ചേരാൻ.

2 രണ്ടാംലോകയുദ്ധത്തിന്റെ അന്തരീക്ഷം

3 'തിരുവാതിര തീക്കട്ടപോലെ' എന്നു പഴമൊഴി.

4 "കല്യാണി കളവാണി ചൊല്ലുനീയാരെന്നതും
..........
കണ്വമാമുനിയുടെ മകളല്ലോ ഞാൻ"- ഇത്യാദി.

5 നിർവഹിക്കേണ്ടതായ കൃത്യങ്ങൾ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- കാലം പോകെ കൂടുതൽ ദൃഢവും ആഹ്ലാദപ്രദവുമായിത്തീരുന്ന ദാമ്പത്യബന്ധത്തിന്റെ ഹൃദ്യമായ ആവിഷ്കാരമാണ് 'ഊഞ്ഞാ ലിൽ'. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയാറാക്കുക.

- "നിയമം നിറവേറ്റലെത്രയിദ്ദാമ്പത്യത്തിൽ
  നയമെത്രയാണഭിനയമെത്രയാണെന്നോ"

  (കണ്ണീർപ്പാടം)

  മുകളിൽ കൊടുത്ത കാവ്യഭാഗത്തിലെ ജീവിതദർശനം തന്നെയാണോ 'ഊഞ്ഞാലിൽ' എന്ന കവിതയിലും വൈലോപ്പിള്ളി ആവിഷ്കരിക്കുന്നത്?

- "കവിതയിൽ ഒരർഥമല്ല, അനേകം അർഥങ്ങളെ നിഷ്പാദിപ്പിക്കുന്ന വാഗ്ബിന്ദുക്കളാണ് കവി തിരഞ്ഞെടുക്കുന്നത്."
  ഒരേ മാനത്ത് പ്രത്യക്ഷപ്പെടുന്ന വിമാനവും തിരുവാതിര നക്ഷത്രവും ഏതേത് അർഥസാധ്യതകളിലേക്കാണ് നയിക്കുന്നത്? മേൽക്കൊടുത്ത പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുക.

- "കൊലക്കുടുക്കാക്കാവുന്ന കയറിനെ ഊഞ്ഞാലാക്കിത്തീർക്കാൻ കഴിയും എന്ന അരനൂറ്റാണ്ടു മുൻപത്തെ ദർശനം വർത്തമാനകാലത്തും പ്രസക്തമാണ്" - അഭിപ്രായക്കുറിപ്പ് തയാറാക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# അനർഘനിമിഷം

**വൈക്കം മുഹമ്മദ് ബഷീർ**

നീയും ഞാനും എന്നുള്ള യാഥാർഥ്യത്തിൽനിന്ന്, അവസാനം നീ മാത്രമായി അവശേഷിക്കുവാൻ പോകയാണ്.

നീ മാത്രം.

യാത്രയ്ക്കുള്ള സമയം വളരെ അടുത്തുകഴിഞ്ഞു.

പെയ്യുവാൻ പോകുന്ന കാർമേഘത്തെപ്പോലെ ഈ ഓർമ്മ എന്റെ അന്തരംഗം പൊട്ടുമാറ് വിങ്ങിനിൽക്കുന്നു.

ഈ വാസ്തവം എന്റെ സുഹൃത്തുക്കളാരും അറിയുന്നില്ല. പണ്ടേപ്പടി അവർ എന്റെ അടുത്തു വരുന്നു; തമാശകൾ പറഞ്ഞ് അവരെ ചിരിപ്പിക്കാൻ നിർബന്ധിക്കുന്നു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അവർക്കുവേണ്ടി എന്തൊക്കെയോ തമാശ ഞാൻ പറയുന്നു. അവരോടൊപ്പം ചിരിക്കുന്നു. എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല.

ഞാൻ ഇവിടെ ഇല്ലായ്മയിൽ ലയിക്കുവാൻ പോകുന്നു.

ഇല്ലായ്മ.

അപ്രധാനമായ ഒരു സംഭവം. അതോ, അതിപ്രധാനമായതോ? എന്തോ..... ഉണ്ടായി – അതാണോ പ്രധാനം? എന്തായാലും രണ്ടിന്റെയും ഇടയിലെ അനർഘനിമിഷമാണു ഞാൻ. വർത്തമാനകാലത്തിന്റെ വക്കത്തു നിൽക്കുന്ന ഭൂതകാലം.

ഇന്നലെയിലേക്കു പരിപൂർണമായി ലയിക്കാറായ ഇന്ന്. യുഗങ്ങൾ....മന്വന്തരങ്ങൾ....അനന്തമായ......ശാശ്വതമായ ഇന്നലെയിൽ.

യാത്ര പറയുകയാണ്.

കഴിഞ്ഞു – ഇല്ല, കഴിയാൻ പോകുന്നു.

അടുത്ത നിമിഷംമുതൽ ഞാൻ വിസ്മൃതിയിൽ ലയിച്ചുപോയ കോടാനുകോടി ഇന്നലെയിൽ.

പരിചിതരായവർ ഒരുപാട്, ഒരുപാടുപേർ പൊയ്ക്കഴിഞ്ഞു.

അവരെങ്ങോട്ടാണാവോ പോയത്?

എനിക്കുമുമ്പേ പോയ അനന്തകോടി! – ഓർമ്മ വെറുതെവെറുതെ ആരംഭത്തിൽ ചെന്നുതൊടുന്നു. ആരംഭം.....!

അപാരതയുടെ, അദ്ഭുതരഹസ്യത്തിന്റെ അജ്ഞാതമായ അതിരിൽ ഞാൻ എത്തിച്ചേർന്നതുപോലെ. ദാ, ഒരു മുഴക്കം....നാദബ്രഹ്മത്തിന്റെ അനന്തമനന്തമായ വിഭ്രമം.

ശ്രദ്ധിക്കുന്നുണ്ടോ?

കാലമിത്രയും നീ എന്നെ അപാരമായ കാരുണ്യത്തോടെ സ്നേഹിച്ചു; സഹിച്ചു. എന്നെപ്പറ്റി നിനക്കെല്ലാം അറിയാം. ഇനിയും സൗകര്യംപോലെ വായിക്കാവുന്ന ഒരു ലഘുഗ്രന്ഥമാണല്ലോ ഞാൻ.

നീ എനിക്കിപ്പോഴും ഒരു മഹാരഹസ്യം.

കാലമിത്രയുമായിട്ടും.......ഒന്നും എനിക്കു നിന്നെപ്പറ്റി അറിയാൻ കഴിഞ്ഞില്ല. അറിയാതെ നിന്നെ ഞാൻ സ്നേഹിച്ചു. അറിയാതെ നിന്നെ ഞാൻ വെറുത്തു. അറിഞ്ഞുകൊണ്ടു നിന്നെ ഞാൻ വേദനപ്പെടുത്തിയോ?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എങ്കിലും, എങ്കിലും നീ എന്നെ സ്നേഹിച്ചു; സഹിച്ചു.

ഞാൻ നിന്നോടു പല രഹസ്യങ്ങളും പറഞ്ഞിട്ടുണ്ട്. നീ എന്റെ എല്ലാ പ്രവൃത്തികളും കണ്ടിട്ടുണ്ട്. എന്നെ നീ പരിഹാസപാത്രമാക്കുമോ?

ഞാൻ പോകയാണ്.

നിന്നെ സ്നേഹിച്ചുകൊണ്ടാണെന്നു മനസ്സിലാക്കണം. നീയും ഞാനുമായി പരിചയപ്പെട്ടതെന്നാണ്? പരിചയപ്പെട്ടോ? ഞാൻ ശ്രമിച്ചു. ഒടുവിൽ സ്നേഹിക്കാൻ മാത്രം പഠിച്ചു. ഇല്ല. ഒന്നും ശരിക്കറിഞ്ഞുകൂടായിരുന്നു. അജ്ഞത. കാര്യമായി ഒന്നും അറിഞ്ഞില്ല.

വന്നതുപോലെത്തന്നെ ഞാൻ തനിയെ പോകയാണ്.

യാത്രയ്ക്കുള്ള സമയം വളരെ വളരെ അടുത്തുകഴിഞ്ഞു.

നീയും ഞാനും എന്നുള്ള യാഥാർഥ്യത്തിൽനിന്ന് അവസാനം നീ മാത്രമായി അവശേഷിക്കുവാൻ പോകയാണ്.

നീ മാത്രം.

**(അനർഘനിമിഷം)**

"ചില നിമിഷത്തിലേകാകിയാം പ്രാണൻ
അലയുമാർത്തനായ് ഭൂതായനങ്ങളിൽ
ഇരുളിലപ്പോഴുദിക്കുന്നു നിൻ മുഖം
കരുണമാം ജനനാന്തരസാന്ത്വനം"
(സന്ദർശനം - ബാലചന്ദ്രൻ ചുള്ളിക്കാട്)

"കാലമിത്രയും നീ എന്നെ അപാരമായ കാരുണ്യത്തോടെ സ്നേഹിച്ചു; സഹിച്ചു. എന്നെപ്പറ്റി നിനക്കെല്ലാം അറിയാം. ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ലഘുഗ്രന്ഥമാണല്ലോ ഞാൻ."
(അനർഘനിമിഷം - ബഷീർ)

'സന്ദർശന'വും 'അനർഘനിമിഷ'വും വൈകാരികതലത്തിൽ ചില സമാനതകൾ പുലർത്തുന്നു. ചർച്ചചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "നീയും ഞാനും എന്ന യാഥാർഥ്യത്തിൽനിന്ന് അവസാനം നീ മാത്രമായി അവശേഷിക്കുവാൻ പോകയാണ്, നീ മാത്രം."

  "യാത്രയ്ക്കുള്ള സമയം വളരെ വളരെ അടുത്തുകഴിഞ്ഞു. പെയ്യുവാൻ പോകുന്ന കാർമേഘത്തെപ്പോലെ ഈ ഓർമ്മ എന്റെ അന്തരംഗം പൊട്ടുമാറ് വിങ്ങിനിൽക്കുന്നു."

  വാക്കുകളുടെ നൃത്തഭംഗിയാണ് കവിതയെങ്കിൽ ഈ പാഠഭാഗം കവിതയാകാൻ വെമ്പുന്ന ഗദ്യമാണ്. മുകളിൽ കൊടുത്ത പാഠഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

- "എന്റെ ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല" - ചിരിക്കകത്തുള്ള ദുഃഖം എന്ന ബഷീറിന്റെ പരികല്പന മനുഷ്യജീവിതത്തെ കുറിച്ച് ചില ദർശനങ്ങൾ അവതരിപ്പിക്കുന്നുണ്ട്. പരിശോധിക്കുക.
- "എന്തിനു മർത്ത്യായുസ്സിൽ സാരമായതു ചില മുന്തിയ സന്ദർഭങ്ങൾ- അല്ല, മാത്രകൾ മാത്രം" - വൈലോപ്പിള്ളി പറയുന്ന മനുഷ്യായുസ്സിലെ 'ചില മുന്തിയ സന്ദർഭങ്ങൾ' തന്നെയാണോ ബഷീർ പറയുന്ന അനർഘനിമിഷവും? രണ്ടു പാഠഭാഗവും വിശകലനം ചെയ്ത് ലഘൂപന്യാസം തയാറാക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ലാത്തിയും വെടിയുണ്ടയും

**ലളിതാംബിക അന്തർജനം**

പുരാണങ്ങളിൽ ഒരു പക്ഷിയുണ്ടല്ലോ- ഗരുഡൻ. ഭഗവാന്റെ വാഹനമായ ആ വിഹഗം ആകാശത്തിന്റെ ഉന്നതങ്ങളിൽ ചുറ്റിച്ചുറ്റിപ്പറക്കും. എത്രത്തോളം ഔന്നത്യത്തിലെത്തുന്നോ, അത്രത്തോളം വ്യക്തമാണ് താഴെയുള്ള കാഴ്ചകൾ. സ്മരണകൾക്കും ഇങ്ങനെയൊരു സ്വഭാവമുണ്ട്. കാലമേറെ ചെല്ലുന്തോറും അതിന്റെ തെളിമ കൂടിക്കൂടി വരുന്നു.

ആയിരത്തിത്തൊള്ളായിരത്തിനാൽപ്പത്തിരണ്ടു കാലത്തെ ഒരു സംഭവത്തെപ്പറ്റി അവരോർത്തു. യുദ്ധത്തിന്റെ തീജ്ജ്വാലകൾ രാജ്യത്തിന്റെ അകത്തും പുറത്തും ആളിപ്പടർന്നിരുന്നു. ക്വിറ്റിന്ത്യാസമരം പ്രഖ്യാപിച്ച കാലം. നേതാക്കന്മാർ മിക്കവരും തടങ്ങലിലായി. നിരോധനാജ്ഞകൾ ലംഘിക്കപ്പെട്ടു. വെടിവെപ്പുകളും ലാത്തിച്ചാർജും അട്ടിമറികളുംകൊണ്ടു നാടാകെ ഒരു സമരമുഖമായി മാറിയിരുന്നു. ഒരു ഭാഗത്തു തോക്കും ലാത്തിയും കണ്ണീർവാതകവും ധരിച്ച പട്ടാളത്തിന്റെ നിർദ്ദയമായ നരവേട്ട.

മറുഭാഗത്തു സ്വാതന്ത്ര്യത്തിനുള്ള അടങ്ങാത്ത മോഹവും ഇച്ഛാശക്തിയും മാത്രം ആയുധമാക്കിയ നിസ്സഹായരായ ജനങ്ങൾ. ഇവർ തമ്മിലുള്ള സംഘട്ടനം രോമാഞ്ചജനകമായിരുന്നു. ഇക്കാലത്തു തങ്ങൾ താമസിച്ചിരുന്ന മഹാനഗരത്തിലെ ഉയർന്ന ഫ്ളാറ്റുകളിലൊന്നിലിരുന്നു പലേ കാഴ്ചകളും താൻ നേരിട്ടു കണ്ടിട്ടുണ്ട്.

സിറ്റിയിൽ പട്ടാളനിയമം പ്രഖ്യാപിച്ച സമയമായിരുന്നു അത്. നാലുപേരിൽ കൂടുതൽ കൂടിനിന്നു സംസാരിച്ചുകൂടാ, മുദ്രാവാക്യം വിളിച്ചുകൂടാ; ജാഥകൾ പാടില്ല. പോലീസും പട്ടാളവും നിരന്തരം റോന്തുചുറ്റിക്കൊണ്ടിരുന്നു. പട്ടാളവണ്ടിയുടെ അലർച്ചയല്ലാതെ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മറ്റൊരു ശബ്ദവും എങ്ങും കേൾക്കാനില്ല. നേരം പ്രഭാതമാവുന്നതേയുള്ളൂ.

മുന്നിലുള്ള മണിമാളികയ്ക്കുമേലേ മഞ്ഞിന്റെ മൂടുപടം വീണുകിടന്നു. താൻ ഉണർന്നതേയുണ്ടായിരുന്നുള്ളൂ. ജനാലവിരിയിലൂടെ അലസമായി പുറത്തേക്കു നോക്കി. വായും മൂക്കും പൊത്തിപ്പിടിച്ചു വരിഞ്ഞുകെട്ടിയിട്ട പെരുമ്പാമ്പിനെപ്പോലെ വിരസമായ നിരത്തു നീണ്ടുകിടക്കുന്നു.

ടോംഗകളില്ല. കാറുകളില്ല, പദയാത്രക്കാരില്ല. ദൂധ്‌വാലാകളുടെ നിലവിളിപോലും കേൾക്കാനില്ല. ഭൂകമ്പത്തിനുമുമ്പുള്ള നിശ്ചലാവസ്ഥപോലെ എല്ലാം സ്തംഭിച്ചു നിൽക്കുന്നു.

പ്രധാനവീഥിയിൽനിന്നു ക്ലോക്ക് ടവറിലേക്കു തിരിയുന്ന വഴിയിൽ പെട്ടെന്ന് ഒരു ബഹളം കേൾക്കായി: നൂറുനൂറു മൃദുകണ്ഠങ്ങളിൽനിന്ന് ഒരുമിച്ചുയർന്ന ജയഘോഷങ്ങൾ........

'ഭാരത് മാതാ കീ ജയ്!... മഹാത്മാഗാന്ധി കീ ജയ്!...

ക്വിറ്റ് ഇന്ത്യാ!... ക്വിറ്റ്... ക്വിറ്റ്... ക്വിറ്റ് ഇന്ത്യാ!.......'

ചുവന്ന കുപ്പായം ധരിച്ച് ചുവന്ന നിക്കറിട്ട് ചുവന്ന തൊപ്പിയുമണിഞ്ഞ് ത്രിവർണപതാകയും വീശിവീശി കുഞ്ഞാറ്റക്കിളികളുടെ ഒരു സംഘം കടന്നുവരുന്നു. നഗരത്തിലെ പതിനാറുവയസ്സിനു താഴെയുള്ള കുട്ടികൾ സംഘടിച്ച് വീരവാനരസേന എന്നൊരു വിപ്ലവസംഘം ഉണ്ടാക്കിയിട്ടുള്ളതായി താൻ കേട്ടിരുന്നു. ധനികന്മാരുടെയും ദരിദ്രരുടെയും രാജാക്കന്മാരുടെയും പ്രജകളുടെയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെവരെ സന്താനങ്ങൾ ആ ഗൂഢസംഘത്തിൽ ചേർന്നിട്ടുള്ളതായി റിപ്പോർട്ടുണ്ട്. രാജ്യത്തിന്റെ നാനാഭാഗത്തുമുള്ള സമരരംഗങ്ങളെ യോജിപ്പിച്ചിരുന്നതു പുതിയ തലമുറയിലെ ഈ പുളകപ്പൂൺപുകളാണത്രേ. അപ്പുവും മധുവും ഇവരോടു ചേരാതിരിക്കുവാൻവേണ്ടി എത്ര ശ്രമപ്പെട്ടാണു നാട്ടിലേക്ക് അയച്ചതെന്ന് അവരോർത്തു. അവിടെയും അവർ ഗൂഢസംഘങ്ങളുണ്ടാക്കുകയായിരിക്കുമോ എന്നു മിസിസ് നായർ സംഭ്രമത്തോടെ ചിന്തിച്ചിട്ടുണ്ട്.

വാനരസേനയിലെ അംഗങ്ങളെ പിന്തുടർന്നു വന്നത് വെള്ള ഖദർസാരിയും വെള്ള ബ്ലൗസും ധരിച്ചു സ്വാതന്ത്ര്യഗീതികൾ പാടിയ നാരീസേവാസമിതിയിലെ അംഗങ്ങളായിരുന്നു.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അവരുടെ പിറകെ, 'സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം' എന്ന മുദ്രാവാക്യവുമായി രാജ്യത്തിന്നുവേണ്ടി സമർപ്പണം ചെയ്ത രക്തസാക്ഷിസംഘത്തിലെ വീരയുവാക്കൾ.

മുദ്രാവാക്യങ്ങളുടെ മുഴക്കവും പട്ടാളവണ്ടികളുടെ ഇരമ്പലും സ്വാതന്ത്ര്യഗാനങ്ങളുടെ പല്ലവിയുംകൊണ്ട് അന്തരീക്ഷം മുഖരിതമായി. "പോവട്ടെ ഞാൻ, വിടൂ-വിടില്ല, കടന്നുകൂടാ" എന്ന മട്ടിൽ പോലീസും വാളണ്ടിയർമാരുംകൂടെ കടുവയും പുലിയും കളിക്കുകയാണ്. ഇടയ്ക്ക് ആരോ ക്ലോക്ക്ടവറിന്റെ മേലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു പേടിപ്പെടുത്തുന്ന സ്വരത്തിൽ വിളിച്ചു: "അയ്യോ! അതാ നോക്കൂ! അവൻ... അവൻ...ആ കുട്ടി..." പത്തോ പന്ത്രണ്ടോ വയസ്സായ ഒരോമനക്കുട്ടൻ ആകാശചുംബിയായ ആ മണിമേടയുടെ മുകളിലേക്കു സ്വാതന്ത്ര്യപതാകയും മാറത്തടക്കിക്കൊണ്ടു വലിഞ്ഞുകയറുകയാണ്. അവർ ആകാശം ഞടുങ്ങുമാറു വിളിക്കുന്നു: 'ഭാരത് മാതാ കീ ജയ്!'

പട്ടാളക്കാർ തോക്കു ചൂണ്ടിക്കൊണ്ട് ആജ്ഞാപിച്ചു: "താഴത്തിറങ്ങൂ മറയാ! ഇല്ലെങ്കിൽ ഞങ്ങൾ താഴെയിറക്കും!" അവൻ പുച്ഛമായി ഒന്നു ചിരിച്ച് കീഴോട്ടു നോക്കി. പട്ടാളക്കാരെയും ജനക്കൂട്ടത്തെയും മാറിമാറി കടാക്ഷിച്ചു. എന്നിട്ട് അപകടംപിടിച്ച ആ ചരിവിലൂടെ അള്ളിപ്പിടിച്ചു കയറുവാൻ തുടങ്ങി. പ്രഭാതസൂര്യന്റെ ചെങ്കതിരുകൾ തട്ടി ക്ലോക്ക്ടവറിന്റെ മുകൾഭാഗം ചോരയിൽ കുളിച്ചതുപോലെ തോന്നി. ചുവന്ന ഖദർഷർട്ട്, ചുവന്ന ഖദർനിക്കർ, വെളുത്തു ചുവന്ന കവിളുകൾ. ആകാശത്തിന്റെ മടിയിൽനിന്നു ഞെട്ടറ്റു താഴെവീണ സൂര്യന്റെ ഒരു കുട്ടിയെപ്പോലെ തോന്നിച്ചു, ആ ബാലനെ കണ്ടാൽ. മിനുസമുള്ള മേൽപ്പുരയിലൂടെ ഇഴഞ്ഞുകയറുമ്പോൾ അറിയാതെ കാലൊന്നിടറിയാൽ മതി, ശ്രദ്ധ തിരിഞ്ഞാൽ മതി, താഴെ വീണു തകരും.

"അരുതു മകനേ, അരുത്! താഴെയിറങ്ങൂ!" എന്നു വിളിച്ചുപറയാൻ തോന്നി തനിക്ക്.

ആളുകൾ വീർപ്പടക്കി കാത്തുനിന്നു. അവനെ പ്രസവിച്ച അമ്മ ധന്യയാണ്. അവരെപ്പെറ്റ രാജ്യം അഭിമാന്യവും. അനേകായിരം ആളുകളുടെ ആശംസകളും വഹിച്ചുകൊണ്ട് ആ ബാലൻ മേലോട്ടു മേലോട്ടു കയറിപ്പോയി. മണിമാളികയുടെ മുകളിലെത്തി. ജനക്കൂട്ടത്തെ നോക്കി കൈവീശി ചിരിച്ചു. സ്വാതന്ത്ര്യ പതാകയെടുത്തു നിവർത്തി ഉയരത്തിൽ കുത്തി. ദിഗന്തം മുഴക്കുമാറുള്ള മുദ്രാവാക്യങ്ങൾ പിന്നേയും മുഴങ്ങുന്നു:

'ഭാരത് മാതാ കീ ജയ്!... വീരകുമാർ കീ ജയ്!...'



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ഇന്ത്യയുടെ അഭിമാനംപോലെ ചിറകടിച്ചാടുന്ന ത്രിവർണ പതാകയ്ക്കരികെ, വിജയിയായ അഭിമന്യുവിനെപ്പോലെ ആ ബാലൻ നിൽക്കുകയായിരുന്നു. പെട്ടെന്ന് പട്ടാളത്തോക്കുകൾ ഗർജിച്ചു. വെടിയുണ്ടകൾ ചീറി. ആയിരം മിന്നൽപ്പിണരുകൾ ഒരുമിച്ച് ആകാശത്തേക്കുയരുംപോലെ... ക്ലോക്ക്ടവറിന്റെ മുകളിൽ ചിരിച്ചുകൊണ്ടിരുന്ന മാലാഖ രക്തകണങ്ങളുതിർത്തുകൊണ്ട് ഒരു വെള്ളിൽപ്പക്ഷികണക്കെ കറങ്ങിക്കറങ്ങി താഴെ വന്നു വീഴുന്നു.

അത്യുഗ്രമായ ആരവം. തുടർന്നു പട്ടാളവും ജനക്കൂട്ടവുമായി സംഘട്ടനം! ലാത്തിച്ചാർജ്! വെടിവയ്പ്! ആളുകൾ അത്യുച്ചത്തിൽ വിളികൂട്ടി: "അവൻ ഞങ്ങളുടെയാണ്! അവനെ ഞങ്ങൾക്കു വേണം! അവനെ... ഇന്ത്യയുടെ വീരകുമാരനെ!"

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ക്ലോക്ക്ടവറിന്റെ ചുവട്ടിലുള്ള ഭാഗം മുഴുവൻ സുശക്തമായ പോലീസ് ബന്തവസ്സിലായിരുന്നു. പക്ഷേ, ആൾക്കൂട്ടത്തെ ചിതറിമാറ്റിക്കൊണ്ട് നാരീസേവാസമിതിയിലെ ഒരു യുവതി മുന്നോട്ടു നുഴഞ്ഞുകയറി. പട്ടാളക്കാരെ തട്ടിയിട്ടുകൊണ്ട് അവർ ആ ബാലന്റെ ശരീരം വാരിയെടുത്തു. വാടിയ താമരത്തണ്ടു പോലെയുള്ള ആ ശരീരത്തിൽനിന്നും അപ്പോഴും ജീവൻ അറ്റിരുന്നില്ല. അവർ അവനെ മാറോടണച്ചു ചുംബിച്ചു. അവന്റെ ഹൃദയത്തിൽ നിന്നൊലിച്ച രക്തംകൊണ്ട് അവരുടെ തൂവെള്ളസ്സാരി മുഴുവൻ ചുവപ്പായി മാറി. ഒരേസമയത്തു കരയുകയും ചിരിക്കുകയും ചെയ്യുന്ന ഭാരതമാതാവിനെപ്പോലെ ഉജ്ജ്വലയും ഗംഭീരവദനയുമായിരുന്നു ആ യുവതി. പട്ടാളക്കാർ അവരിൽനിന്ന് ആ കുട്ടിയെ പിടിച്ചുവാങ്ങുവാൻ ശ്രമിച്ചു. ലാത്തിത്തല്ലേറ്റു തല പൊട്ടി ചോരയൊലിച്ചിരുന്നു. രക്താംബരം കീറിമുറിഞ്ഞ് കഷണങ്ങളായി





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചിതറിപ്പോയി. പോലീസുകാർ വലിച്ചിഴച്ചു നിലത്തു വീഴ്ത്തിയിട്ടും ആ കുട്ടിയുടെ ശരീരത്തെ അവർ ഹൃദയത്തോട് അമർത്തിപ്പിടിച്ചിരുന്നു. നിറഞ്ഞ കൺപീലികളിൽ ഒരിറ്റു കണ്ണീർപോലുമില്ലാതെ, നെറ്റിയിൽനിന്നു ചോരയൊലിപ്പിച്ച്, തലയുയർത്തിനിന്ന ആ യുവതിയുടെ കണ്ണുകളിൽനിന്ന് അഗ്നി ജ്വലിച്ചു, ചുണ്ടുകൾ വിറച്ചു. ആ ഛായ, ആ നോട്ടം - ആരുടേതാണിത്? ആരുടെ?

മിസിസ് നായർക്ക് ഈ രംഗം ഓർത്തപ്പോൾത്തന്നെ വീണ്ടും തലചുറ്റൽ വന്നു. എത്ര ദുർബലയാണു താൻ! എത്ര ഹീനയാണ്! അന്ന് ആ ജനക്കൂട്ടത്തിലേക്കോടിയിറങ്ങി, എന്തുകൊണ്ടു പറഞ്ഞില്ല: “ഞാനും ഇന്ത്യക്കാരിയാണ്. ഞാനും നിങ്ങളുടെ കൂടെയാണ്. ആ കുട്ടി എന്റെയുംകൂടിയാണ്. എന്നെയും കൂട്ടൂ സഹോദരീ.”

സുഖം ഒരു മാരകമായ ലഹരിയാണെന്ന് മിസിസ് നായർക്ക് തോന്നി. അതിൽനിന്ന് അത്രവേഗം മോചനമില്ല. എങ്കിലും അന്നു വൈകിട്ടു ഭർത്താവു വന്നപ്പോൾ ചോദിച്ചു:

“ആ സ്ത്രീ മരിച്ചുവോ?”

“ഏതു സ്ത്രീ?”

“ഇന്നു രാവിലെ ലാത്തിയടിയേറ്റു വീണ ആ സ്ത്രീ. ആ കുട്ടിയുടെ ശരീരവുംകൊണ്ട് ജനക്കൂട്ടത്തിലേക്കു വന്ന സ്ത്രീ?”അദ്ദേഹം ഉച്ചത്തിൽ ചിരിച്ചു: “ഓ... അതോ... അങ്ങനെ എത്രയെത്ര സ്ത്രീകൾ ലാത്തിയടിയേറ്റു വീണു മരിക്കുന്നു, മാനഭംഗപ്പെടുന്നു! അവരുടെയൊക്കെ ഭാവി എന്താണെന്നു നമുക്കറിയുമോ? അറിയേണ്ട ആവശ്യവുമില്ലല്ലോ!”

പിന്നെ ഭർത്താവിന്റെ സ്നേഹിതനായ ഒരു പോലീസുദ്യോഗസ്ഥനിൽനിന്നാണറിഞ്ഞത്. അയാൾ പറഞ്ഞു:

“ഓ, ദേവീബഹനോ! അവർ മരിച്ചില്ല. പക്ഷേ, അവരുടെ കൂട്ടുകാരികളായ നാലഞ്ചു സ്ത്രീകൾ പോലീസ് മർദ്ദനമേറ്റ് ചതഞ്ഞരഞ്ഞുപോയി! ദേവീബഹൻ ബോധരഹിതയായി കുറേനാൾ ജയിൽ ആസ്പത്രിയിൽ കിടന്നു. പിന്നെ സേവാശ്രമത്തിലേക്കുതന്നെ മടങ്ങിയിരിക്കണം. അതോ മറ്റുവല്ല ലാത്തിച്ചാർജിലും അകപ്പെട്ടു മരിച്ചോ? ഒന്നുമറിഞ്ഞുകൂടാ.” തുടർന്ന് അയാളിൽനിന്നുതന്നെ മറ്റു ചില വിവരങ്ങളും കിട്ടി. ഗാന്ധിജിയുടെ അന്തേവാസിനിയാണത്രേ ദേവീബഹൻ. സ്വദേശം കേരളം. സാമൂഹ്യപ്രവർത്തനത്തിൽ വളരെ പേരെടുത്ത സ്ത്രീയാണ് അവർ; ഗാന്ധിജിയുടെ പ്രിയപ്പെട്ട അനുയായി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



താൻ നടുങ്ങിപ്പോയി. ദേവീബഹൻ എന്നു വച്ചാൽ ദേവകീ മാനമ്പള്ളി, തേതിയേടത്തി. അവരാണോ ഇവർ? ഏടത്തിയെ ആശ്രമത്തിൽ പ്പോയി കാണണമെന്നു താൻ വളരെ ആഗ്രഹി ച്ചിരുന്നതാണ്. പക്ഷേ, ഭർത്താവ് അനുകൂലി ച്ചില്ല. തന്റെ ഉദ്യോഗ നിലയ്ക്ക് അതു ദോഷ മാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. പോരെ ങ്കിൽ അവർ എവിടെയുണ്ടെന്ന് ഇവിടെ ആർക്കും അറിയുകയുമില്ലതാനും.

മിസിസ് നായർ വിചാരിച്ചു: സ്വാതന്ത്ര്യലബ്ധിക്കു ശേഷം യാതനയുടെ വേതനവും പറഞ്ഞു മുന്നോട്ടുവന്ന കൂട്ടത്തിലൊന്നും ദേവീബഹനെ കണ്ടിരുന്നില്ലല്ലോ. അവർ മന്ത്രിയായില്ല, നേതാവായില്ല, ചുരുങ്ങിയപക്ഷം ഒരു കമ്മറ്റി മെമ്പർ പോലുമായില്ല. പക്ഷേ, അന്ന് ഭാവിഭാരത ത്തിന്റെ പ്രതീകത്തെ മാറോടണച്ചുകൊണ്ടു ചോരയിൽ കുളിച്ചുനിന്ന നിസ്വാർഥയായ വീരനായിക പിന്നെയും ഒന്നുരണ്ടുതവണകൂടി തന്റെ ശ്രദ്ധയിൽ വരുകയുണ്ടായി. സാമുദായിക ലഹളയുടെ കൂത്തരങ്ങായ കിഴക്കൻ ബംഗാളിൽ അഹിംസയുടെ ആചാര്യനുമൊത്തു സഞ്ചരിച്ച ഒരു സ്ത്രീയുടെ ചിത്രത്തിന്ന് അദ്ഭുതകരമായി ദേവകീ മാനമ്പള്ളിയുടെ ഛായയുണ്ടായിരുന്നു. മധ്യപ്രദേശത്തെ ഒരു ആശ്രമത്തിൽ ഗ്രാമീണ വനിതകളുടെ പുനരുദ്ധാരണത്തിനുവേണ്ടി പ്രവർത്തിച്ചിരുന്ന മാതാവിന്റെ വിവരണത്തിലും ഈ സാദൃശ്യമുണ്ട്. തന്റെ ഈ തരംനോക്കൽ കണ്ട് അദ്ദേഹം പറയും: “ഇതു മായയാണു തങ്കം, മതിവിഭ്രമമാണ്. നീ അവരെപ്പറ്റിത്തന്നെ ചിന്തിച്ച്, കാണുന്നതെല്ലാം അവരായിത്തീർന്നി രിക്കുന്നു.” ഇന്നു സുമിത്രാനന്ദസരസ്വതിയായി ആ മതിവിഭ്രമം പിന്നെയും തന്നെ ആവേശി ച്ചിരിക്കയാണോ? ഇല്ല, തേതിയേടത്തീ, ഇത്തവണ ഞാൻ നിങ്ങളെ വിടുകയില്ല. ദേവകീ മാനമ്പള്ളിക്ക് തങ്കംനായരിൽനിന്നു മോചനമില്ല. നമ്മൾ ഒരു കാലഘട്ടത്തിന്റെ രണ്ടു





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മുഖങ്ങളാണ്. പുതിയ തലമുറയ്ക്കു രണ്ടമ്മമാരുണ്ട്. നമ്മുടെ കുട്ടികളെ നിങ്ങൾ സ്വീകരിക്കുകയില്ലേ!

(അഗ്നിസാക്ഷി)

- "അപ്പുവും മധുവും ഇവരോട് ചേരാതിരിക്കാൻ എത്ര ശ്രമപ്പെട്ടാണ് നാട്ടിലേക്ക് അയച്ചതെന്ന് അവരോർത്തു."
  "എത്ര ദുർബലയാണു താൻ! എത്ര ഹീനയാണ്! അന്ന് ആ ജനക്കൂട്ടത്തിലേക്കോടിയിറങ്ങി, എന്തുകൊണ്ടു പറഞ്ഞില്ല– 'ഞാനും ഇന്ത്യക്കാരിയാണ്. ഞാനും നിങ്ങളുടെ കൂടെയാണ്."
  ഒരേ കഥാപാത്രത്തിന്റെ ഈ വ്യത്യസ്ത നിലപാടുകൾക്ക് പിന്നിലെ യുക്തിയെന്ത്?

- "വിജയിയായ അഭിമന്യുവിനെപ്പോലെ ആ ബാലൻ നിൽക്കുകയായിരുന്നു."
  "ഒരേ സമയത്ത് കരയുകയും ചിരിക്കുകയും ചെയ്യുന്ന ഭാരതമാതാവിനെപ്പോലെ ഉജ്ജ്വലയും ഗംഭീരവദനയുമായിരുന്നു ആ യുവതി."

  സാദൃശ്യകല്പനകൊണ്ട് കഥാസന്ദർഭത്തിനു കൈവരുന്ന മിഴിവെന്തെന്ന് വിശകലനം ചെയ്യുക.

- 'ഒരേ കാലഘട്ടത്തിന്റെ രണ്ടു മുഖങ്ങൾ' നോവൽഭാഗത്ത് ചിത്രീകരിക്കപ്പെടുന്നുണ്ട്. ഇവയിലേതാണ് പുതുതലമുറയ്ക്ക് സ്വീകാര്യമായിത്തീരുന്നത്? ചർച്ചചെയ്യുക.
- വാക്യങ്ങൾ വിശകലനം ചെയ്ത് രൂപവും അർഥവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൂ.
  - ഞാൻ എത്രനേരമായി കാത്തിരിക്കുന്നു.
  - അവൾ എന്തൊക്കെ വേദനകളാണ് അനുഭവിച്ചത്!
  - അവൻ എത്രനേരംകൊണ്ട് അവിടെ എത്തും?
  - എന്തൊക്കെയാണ് ഞാൻ അവിടെ ചെയ്യേണ്ടത്?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പഠനനേട്ടങ്ങൾ

- സൗന്ദര്യശാസ്ത്ര ഉപാധികൾ ഉപയോഗിച്ച് സാഹിത്യകൃതികൾ വിശകലനം ചെയ്തുകൊണ്ട് ലേഖനങ്ങൾ, ഉപന്യാസങ്ങൾ, ആമുഖക്കുറിപ്പ് എന്നിവ തയാറാക്കുന്നു.
- സാഹിത്യകൃതികൾക്ക് ആസ്വാദനക്കുറിപ്പ്, നിരൂപണം മുതലായവ തയാറാക്കുന്നു.
- സാഹിത്യകൃതികളുടെ സാംസ്കാരികപരിസരം, സാമൂഹികാന്തരീക്ഷം തുടങ്ങിയവ വിശകലനം ചെയ്ത് ലഘുപഠനങ്ങൾ, പ്രബന്ധങ്ങൾ എന്നിവ തയാറാക്കുന്നു.
- സാഹിത്യകൃതികളിലെ പദപ്രയോഗങ്ങൾ, ശൈലികൾ, ഇമേജുകൾ, ബിംബങ്ങൾ തുടങ്ങിയവ ആസ്വാദനത്തെ ഏതെല്ലാം രീതിയിൽ സ്വാധീനിക്കുന്നു എന്ന് കണ്ടെത്തി വാചികവും ലിഖിതവുമായ രൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

## എഴുത്തുകാർ

### എം.എൻ. വിജയൻ

മലയാളത്തിലെ പ്രമുഖ മനോവിജ്ഞാനീയ നിരൂപകനും പ്രഭാഷകനും. ചരിത്രം, സാമൂഹികശാസ്ത്രം, തത്ത്വശാസ്ത്രം, മനശ്ശാസ്ത്രം എന്നിവ സാഹിത്യനിരൂപണത്തിലും സാമൂഹികവിമർശനത്തിലും പ്രയോഗിച്ച് മലയാളത്തിൽ പുതിയ അപഗ്രഥനരീതി സൃഷ്ടിച്ചു. 1930 ജൂൺ 8ന് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ ജനിച്ചു. മരണം 2007 ഒക്ടോബർ 3ന്. ചിതയിലെ വെളിച്ചം, മനുഷ്യർ പാർക്കുന്ന ലോകങ്ങൾ, മരുഭൂമികൾ പൂക്കുമ്പോൾ, കവിതയും മനശ്ശാസ്ത്രവും, ശീർഷാസനം, അടയുന്ന വാതിൽ തുറക്കുന്ന വാതിൽ, വാക്കും മനസ്സും, ഫാഷിസത്തിന്റെ മനശ്ശാസ്ത്രം മുതലായവ പ്രധാന കൃതികൾ.

### വൈലോപ്പിള്ളി ശ്രീധരമേനോൻ

കേരളീയജീവിതത്തെ സമഗ്രതയിൽ ആവിഷ്കരിച്ച കവി. 1911 മെയ് 11ന് എറണാകുളം ജില്ലയിലെ കലൂരിൽ ജനിച്ചു. മരണം 1985 ഡിസംബർ 22ന്. കന്നിക്കൊയ്ത്ത്, കുടിയൊഴിക്കൽ, ശ്രീരേഖ, ഓണപ്പാട്ടുകാർ, മകരക്കൊയ്ത്ത്, വിത്തും കൈക്കോട്ടും, കടൽക്കാക്കകൾ, കയ്പവല്ലരി, വിട, അന്തി ചായുന്നു മുതലായവയാണ് പ്രധാന കാവ്യസമാഹാരങ്ങൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, ആശാൻപ്രൈസ്, വയലാർ അവാർഡ്, വള്ളത്തോൾ പുരസ്കാരം തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### വൈക്കം മുഹമ്മദ് ബഷീർ

ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരൻ. 1908 ജനുവരി 21 ന് കോട്ടയം ജില്ലയിലെ വൈക്കം തലയോലപ്പറമ്പിൽ ജനിച്ചു. മരണം 1994 ജൂലൈ 5ന്. ബാല്യകാലസഖി, പാത്തുമ്മായുടെ ആട്, പ്രേമലേഖനം, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, മതിലുകൾ, ഭൂമിയുടെ അവകാശികൾ, ആനവാരിയും പൊൻകുരിശും, ശബ്ദങ്ങൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, വിശ്വവിഖ്യാതമായ മൂക്ക്, നീലവെളിച്ചം, അനുരാഗത്തിന്റെ ദിനങ്ങൾ, ജന്മദിനം, മുച്ചീട്ടുകളിക്കാരന്റെ മകൾ, അനർഘനിമിഷം, വിഡ്ഢികളുടെ സ്വർഗം, മാന്ത്രികപ്പൂച്ച, താരാസ്പെഷ്യൽസ്, ആനപ്പൂട മുതലായവയാണ് പ്രധാന കൃതികൾ. പത്മശ്രീ പുരസ്കാരം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പുകൾ തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

### ലളിതാംബിക അന്തർജനം

1909 മാർച്ച് 30 ന് കൊല്ലം ജില്ലയിൽ കോട്ടവട്ടത്ത് ജനിച്ചു. കഥാകൃത്തും നോവലിസ്റ്റും. അഗ്നിസാക്ഷി, ലളിതാംബിക അന്തർജനത്തിന്റെ കഥകൾ, സീതമുതൽ സത്യവതിവരെ, ആത്മകഥയ്ക്കൊരാമുഖം, ഗോസായി പറഞ്ഞ കഥ, തേൻതുള്ളികൾ എന്നിവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ സമ്മാനം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1987 ഫെബ്രുവരി 6 ന് അന്തരിച്ചു.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നാല്

# ഉറവ്

മലയാളിയുടെ മനസ്സിൽ നിന്നുറവെടുത്ത ചൊല്ലുകളും ഈണങ്ങളും കഥകളും ഭാവനകളുമെല്ലാം ചേർന്നാണ് നമ്മുടെ സാഹിത്യം രൂപമെടുത്തത്. ഏറെക്കാലം അത് ജനതയുടെ നാവിൻ തുമ്പത്തു മാത്രം നിലകൊണ്ടു. ശിലകളിലും ചെപ്പേടുകളിലും ഓലകളിലും മലയാളം വിരിഞ്ഞത് പിന്നീടാണ്. വൈവിധ്യമാർന്ന വഴികളിലൂടെ മലയാളസാഹിത്യം തുടക്കം തൊട്ടേ മുന്നേറി; ഭാഷയെ നിരന്തരം നവീകരിച്ചും പ്രമേയസ്വീകരണത്തിൽ പുതിയ സാധ്യതകൾ ആരാഞ്ഞും നവചക്രവാളങ്ങൾ കണ്ടെത്തി. കാലത്തോടൊപ്പം രചനാസങ്കേതങ്ങൾ പുതുക്കപ്പെട്ടു. സ്വീകാര്യത നേടിയ പ്രവണതകൾ പ്രസ്ഥാനങ്ങളായി പരിണമിച്ചു. മലയാളസാഹിത്യം കൈവരിച്ച ഭാവവികാസത്തിന്റെ കണ്ണികൾ ഈ യൂണിറ്റിൽ പരിചയപ്പെടാം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആദ്യമാരും ശ്രദ്ധിച്ചില്ല
എല്ലാവരുമുണരുന്നതിനു മുമ്പ് ഗ്രാമത്തിലെ കൊല്ലൻ
അവന്റെ ഉലയിൽ തീയൂതി
ഉലയിൽ തീ ചെമന്നു
ഉലയിൽ കിടന്ന് തീ ചെമന്നു
ഉലയിൽ കിടന്ന് ഇരുമ്പ് ചെമന്നു
ഉലയിൽ കിടന്ന് തീപോലെ പകലും ചെമന്നു

* * * * *

പഴുത്ത ഇരുമ്പിൽനിന്ന് പകൽ വളരുന്നു
പഴുത്ത ഇരുമ്പിൽനിന്ന് കാലം മാറുന്നു
പഴുത്ത ഇരുമ്പിൽ കൂടം തട്ടി ആയിരം രൂപങ്ങൾ വളരുന്നു
പഴുത്ത ഇരുമ്പിൽ കൂടം തട്ടി പകൽ പകലാവുന്നു
ആദ്യമാരും ശ്രദ്ധിച്ചില്ല

(ചരിത്രം) - ഡി. വിനയചന്ദ്രൻ

ആദ്യമാരും ശ്രദ്ധിക്കാത്ത ചില തുടക്കങ്ങളാണ് ലോകത്തിനു വെളിച്ചമായതെന്ന കവികൽപ്പന മാനവജീവിതത്തിന്റെ ഏതെല്ലാം തലങ്ങളെ സ്പർശിക്കുന്നു? ചർച്ചചെയ്യൂ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# പീലിക്കണ്ണുകൾ

**ചെറുശ്ശേരി**



ഗോകുലനാഥനായ് നിന്നൊരു നന്ദനോ-
ടാകുലനാകാതെ ചൊന്നാൻ പിന്നെ:
"നമ്മുടെ ദേശത്തു പോവതിന്നായിട്ടു
ചെമ്മേ തുടങ്ങേണം താതനിപ്പോൾ
യാദവന്മാർക്കെല്ലാം മോദത്തെ നൽകി നി-
ന്നാദരവോടു തഴപ്പിച്ചുടൻ
അമ്മയെക്കാണ്മാനായ് ഞാനും വരുന്നതു-
ണ്ടുണ്മയിച്ചൊന്നതു തേറിനാലും

അച്ഛനുമമ്മയും മറ്റിവനുണ്ടല്ലോ
ഇച്ഛയിൽ നൽകുവാനെന്നു നണ്ണി
ദീർഘമായുള്ളൊരു കാലമിന്നിങ്ങനെ
പാർക്കുമിങ്ങെന്നുള്ളതോർക്കവേണ്ടാ
അച്ഛനായുള്ളതു നീയൊഴിച്ചില്ലെനി-
ക്കച്യുതന്തന്നുടെ പാദത്താണ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പെറ്റു വളർത്തൊരു തായായി നിന്നതു
മുറ്റുമെനിക്കു മറ്റാരുമല്ലേ;
ആറ്റിലും തീയിലും വീഴാതെകണ്ടെന്നെ-
പ്പോറ്റി വളർത്തതു നിങ്ങളല്ലോ.
ഇങ്ങനെയുള്ള ഞാനെന്നെ മറക്കിലും
നിങ്ങളേയെന്നും മറക്കയില്ലേ."

നന്ദനോടിങ്ങനെ ചൊന്നുടൻ തന്നുടെ
ചങ്ങാതിമാരോടു ചൊന്നാൻ പിന്നെ:
"അച്ഛന്നു ചങ്ങാതമായിട്ടു നിങ്ങളു-
മിച്ഛയിൽ പോകേണമമ്പാടിയിൽ.
പാരാതെ പോന്നങ്ങു വന്നതുമുണ്ടു ഞാൻ
നാരായണന്തന്റെ പാദത്താണ.
നിങ്ങളുമായുള്ള ലീലകൾ ചിന്തിച്ചാ-
ലെങ്ങനെ ഞാനിങ്ങു നിന്നുകൊൾവൂ?
കാളിന്ദീതീരത്തെക്കാനനംതന്നിലെ-
ക്കായ്കളെത്തിന്നല്ലോ ഞാൻ വളർന്നു.
എന്നുമതിന്നുള്ളൊരിച്ഛ പുലമ്പിയു-
ണ്ടെന്നുള്ളിലെന്നതു തേറിനാലും"
ഇങ്ങനെ ചൊന്നു തൻ ചങ്ങാതിമാരുള്ളിൽ
പൊങ്ങിന വേദന പോക്കിപ്പിന്നെ
നന്മകലർന്നുള്ള രത്നവും ചേലയും
നന്ദന്നുമെല്ലാർക്കും നൽകിനിന്നാൻ.

അമ്മയ്ക്കു നൽകുവാൻ ചെമ്മുള്ള ചേലകൾ
നന്ദന്തകൈയിലേ നൽകിച്ചൊന്നാൻ:
"നൽച്ചേല നാലുമെന്നമ്മതകൈയിലേ
ഇച്ഛയിൽ നൽകേണമിന്നുതന്നെ.
എന്നമ്മതന്നോടു ചൊല്ലണം പിന്നെ നീ
എന്നെ മറക്കൊല്ലായെന്നിങ്ങനെ.
പാൽവെണ്ണയുണ്ണാഞ്ഞു വേദനയുണ്ടുള്ളിൽ
പാരമെനിക്കെന്നു ചൊൽക പിന്നെ.
വെണ്ണയും പാലുമിങ്ങാരാനും പോരുന്നോ-
രുണ്ടെങ്കിൽ മെല്ലെ വരുത്തവേണം;
വാഴപ്പഴങ്ങളും വണ്ണംതിരണ്ടവ
കേഴുവനല്ലായ്കിലെന്നു ചൊൽവൂ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചിറ്റാടയുണ്ടു ഞാൻ പെട്ടകംതന്നുള്ളിൽ
മറ്റാരും കാണാതെ വച്ചു പോന്നൂ;
ഊനപ്പെട്ടില്ലല്ലീയെന്നതേ ചിന്തിച്ചു
ദീനമാകുന്നുതെന്മാനസത്തിൽ.
മഞ്ഞൾ പിഴിഞ്ഞുള്ള കൂറകളൊന്നുമേ
മങ്ങാതെ മാനിച്ചുകൊള്ളേണം നീ,
വെറ്റില തിന്നു ചൊരുക്കിനനേരത്തു
തെറ്റെന്നു പൂട്ടുവാൻ ചെന്നേനല്ലോ
കൂലിയായന്നതിന്നമ്മതാൻ നൽകിന
ചേലയും മാലുറ്റു പോകൊല്ലാതെ.

പിള്ളരേ നുള്ളിനാനെന്നങ്ങു ചൊല്ലീട്ടു
പീലികൊണ്ടെന്നെയടിച്ചാളമ്മ
കേണുകൊണ്ടന്നു വഴക്കായിപ്പോയി ഞാ-
ന്നൂണിന്നു വാരാതെ നിന്നനേരം
തെണ്ടമായെന്നതിന്നന്നു നീ നൽകിന
കണ്ടിക്കഞ്ചേല മറക്കൊല്ലാതെ.
പൊങ്ങിനോരോശ പുലമ്പിനിന്നീടുന്ന
കിങ്ങിണിയെങ്ങാനും വീഴൊല്ലാതെ
പാവകളൊന്നുമേ പാഴായിപ്പോകാതെ
പാലിച്ചുകൊള്ളേണം പാരാതെ നീ.
ചേണുറ്റു നിന്നുള്ളോരോണവില്ലൊന്നുമേ
ഞാണറ്റുപോകൊല്ല ഞാൻ വരുമ്പോൾ."

(കൃഷ്ണഗാഥ)

*നണ്ണി - വിചാരിച്ച്, ചങ്ങാതം - ചങ്ങാത്തം*
*കണ്ടിക്കഞ്ചേല - കടുംപച്ച നിറമുള്ള ചേല, ഓശ - ശബ്ദം*

- കൃഷ്ണന്റെ ബാല്യകാലസ്മരണകളിൽ തെളിയുന്ന ചിത്രങ്ങൾ തിരഞ്ഞെടുക്കുന്നതിൽ കവി കാണിച്ച ഔചിത്യം ചർച്ച ചെയ്യുക.

- "ആറ്റിലും തീയിലും വീഴാതെ കണ്ടെന്നെ-
പ്പോറ്റി വളർത്തതു നിങ്ങളല്ലോ.
ഇങ്ങനെയുള്ള ഞാനെന്നെ മറക്കിലും
നിങ്ങളേയെന്നും മറക്കയില്ലേ"

  അച്ഛനമ്മമാരുടെ സ്നേഹവായ്പും കരുതലും സൂചിപ്പിക്കുന്ന ഇത്തരം വരികൾ പാഠഭാഗത്തുനിന്നു കണ്ടെത്തി കുറിപ്പു തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



“ബാല്യത്തെ ആവിഷ്കരിക്കുകയല്ല, അനുഭവിപ്പിക്കുകയാണ് ചെറുശ്ശേരി കൃഷ്ണഗാഥയിൽ” - അനുഭവങ്ങളെ അനുഭൂതിയാക്കുന്ന രചനാതന്ത്രങ്ങളെക്കുറിച്ച് ചർച്ചചെയ്യുക.

- നാട്ടുമുദ്ര പതിഞ്ഞ വാക്കുകൾ
- തെളിഞ്ഞ കാവ്യഭാഷ
- മയവും  ലയവുമുള്ള പദങ്ങളുടെ തിരഞ്ഞെടുപ്പ്
-

പാഠഭാഗത്തെ അടിസ്ഥാനമാക്കി കൃഷ്ണഗാഥയുടെ മേൽപ്പറഞ്ഞ സവിശേഷതകൾ കൂടി കണ്ടെത്തി ലഘുപ്രബന്ധം തയാറാക്കുക.

“ഞാനമെങ്കൽ വിളയിച്ചു തെളിയിച്ചിനിയ ചൊൽ
നായികേ! പരവയിൽ ത്തിരകൾ നേരുടനുടൻ
തേനുലാവിനപതങ്കൾ വന്തു തിങ്ങി നിയതം
ചേതയുൾത്തുടർന്നു തോന്റും വണ്ണമിന്റു മുതലായ്
ഊനമറ്റെഴുമിരാമചരിതത്തിലൊരുതെ-
ല്ലൂഴിയിൽ ചെറിയവർക്കറിയുമാറുര ചെയ്വാൻ
ഞാനുടക്കിനതിനേണനയനേ നടമിടെൻ
നാവിലിച്ചയൊടുവച്ചടിയിണക്കമലതാർ”

(രാമചരിതം)

“നരപാലകർ ചിലരതിനു വിറച്ചാർ
നലമുട ജാനകി സന്തോഷിച്ചാൾ
അരവാദികൾ ഭയമീടുമിടിധ്വനി-
യാൽ മയിലാനന്ദിപ്പതു പോലെ”

(കണ്ണശ്ശരാമായണം)

(കാവ്യരചനാവേളയിൽ ഉചിതപദങ്ങൾ തന്നനുഗ്രഹിക്കണമെന്ന് സരസ്വതീദേവിയോട് കവി നടത്തുന്ന പ്രാർഥനയാണ് ‘രാമചരിത’ഭാഗത്തിലുള്ളത്. ശ്രീരാമൻ ത്രയംബകചാപം ഖണ്ഡിച്ചപ്പോൾ സീതാദേവിക്കുണ്ടായ ആഹ്ലാദം വർണിക്കുന്ന ഭാഗമാണ് ‘കണ്ണശ്ശരാമായണ’ത്തിലേത്.)

ഈ കാവ്യഭാഗങ്ങൾ പരിശോധിച്ച് ‘രാമചരിത’ത്തിൽനിന്ന് കണ്ണശ്ശകൃതികളിലൂടെ വളർന്ന് ‘കൃഷ്ണഗാഥ’യിലെത്തുമ്പോൾ ഭാഷയ്ക്കുണ്ടാകുന്ന രൂപപരിണാമങ്ങൾ നിരീക്ഷിക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# അനുകമ്പ

**ശ്രീനാരായണഗുരു**

ഒരു പീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നൽകുകുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും.

അരുളാൽ വരുമിമ്പമൻപക-
ന്നൊരു നെഞ്ചാൽ വരുമല്ലലൊക്കെയും
ഇരുളൻപിനെ മാറ്റുമല്ലലിൻ
കരുവാകും കരുവാമിതേതിനും.

അരുളൻപനുകമ്പ മൂന്നിനും
പൊരുളൊന്നാണിതു ജീവതാരകം
'അരുളുള്ളവനാണു ജീവി'യെ-
ന്നുരുവിട്ടീടുകയീ നവാക്ഷരി.

അരുളില്ലയതെങ്കിലസ്ഥി തോൽ
സിര നാറുന്നൊരുടമ്പു താനവൻ;
മരുവിൽ പ്രവഹിക്കുമംബുവ-
പ്പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം.

(അനുകമ്പാദശകം)

*അരുളാൽ - കാരുണ്യത്താൽ, ഇമ്പം - സന്തോഷം*
*അൻപകന്നൊരു നെഞ്ചാൽ - കാരുണ്യമില്ലാത്ത ഹൃദയംകൊണ്ട്*
*ഇരുളൻപിനെ മാറ്റും - ഇരുട്ട് (അജ്ഞാനം) കാരുണ്യമില്ലാതാക്കും*
*അല്ലലിൻ കരുവാകും - ദുഃഖത്തിനു കാരണമാകും*
*ജീവതാരകം - ജീവിയെ സംസാരസാഗരം കടത്തിത്തരുന്നത്*
*ഉടമ്പ് - ശരീരം*



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- 'അരുളുള്ളവനാണു ജീവി' എന്നു പറയുന്നതിന്റെ പൊരുൾ എന്താണ്?

- 'അനുകമ്പാദശക'ത്തിലെ ഫലശ്രുതി ഇതാണ്:

  "അരുമാമറയോതുമർഥവും
  ഗുരുവോതും മുനിയോതുമർഥവും
  ഒരു ജാതിയിലുള്ളതൊന്നു താൻ
  പൊരുളോർത്താലഖിലാഗമത്തിനും."

  ഗുരുവിന്റെ സാമൂഹികവീക്ഷണത്തിന്റെ കാതലായ ദർശനം ഈ വരികളിലുണ്ട്. ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# മുഹ്‌യിദ്ദീൻമാല

## ഖാസി മുഹമ്മദ്

കാലം കൃത്യമായി രേഖപ്പെടുത്തിയ, അറബിമലയാള സാഹിത്യത്തിലെ പ്രഥമകൃതിയായ മുഹ്‌യിദ്ദീൻമാല (1607) കോഴിക്കോട് സ്വദേശിയായ ഖാസി മുഹമ്മദിന്റെ രചനയാണ്. ക്രി. വ. 1077 -1165 കാലയളവിൽ ബാഗ്ദാദിൽ ജീവിച്ച ശൈഖ് മുഹ്‌യിദ്ദീൻ അബ്ദുൽഖാദിർ ജീലാനി എന്ന സൂഫീശ്രേഷ്ഠന്റെ അപദാനങ്ങൾ വാഴ്ത്തുന്ന ഈ കാവ്യത്തിലെ രണ്ടു ഭാഗങ്ങൾ:

ശൈഖ് അബ്ദുൽ കാദിരികൈലാനി എന്നോവർ
ശൈഖൻമാർക്കെല്ലാർക്കും ഖുത്തുബായി[1] വന്നോവർ
അല്ലാഹു സ്നേഹിച്ച മുഹ്‌യിദ്ദീൻ എന്നോവർ[2]
അറ്റം ഇല്ലാത്തോളം മേൽമ[3] ഉടയോവർ
മേൽമയിൽ സ്വൽപ്പം പറയുന്നു ഞാനിപ്പോൾ
മേൽമ പറകീലോ പലബണ്ണം ഉള്ളോവർ
പാലിലെ വെണ്ണപോൽ ബൈത്താക്കി[4] ചൊല്ലുന്നേൻ
പാക്കിയം[5] ഉള്ളോവർ ഇതിനെപ്പടിച്ചോവർ[6]
കണ്ടൻ അറിവാളൻ[7] കാട്ടിത്തരും പോലെ
ഖാസി മുഹമ്മദ്, അതെന്നു പേരുള്ളോവർ
കോഴിക്കോട്ടത്തുറ തന്നിൽ പിറന്നോവർ
കോർവ[8] ഇതൊക്കെയും നോക്കി എടുത്തോവർ

* * * *

അറിവും നിലയും അതേതും ഇല്ലാത്തോർക്ക്
അറിവും നിലയും നിറയെ കൊടുത്തോവർ
നിലയും അറിവും അതൊക്കെയും ഉള്ളോരെ
നിലയും അറിവും പറിച്ചു കളഞ്ഞോവർ
നില ഏറെക്കാട്ടി നടന്നോരു ശൈഖിനെ[9]
നിലത്തിന്റെ താഴെ നടത്തിച്ചു വച്ചോവർ
ഉണർച്ചയിൽ ഉണ്ടാകാൻ പോകുന്ന ദോഷത്തെ
ഉറക്കിൽ കിനാവാക്കി കാട്ടിക്കൊടുത്തോവർ
പാമ്പിന്റെ കോലത്തിൽ ജിന്നുകൾ ചെന്നാരെ
ബയമേതും[10] കൂടാതെ പറിച്ചിട്ടെറിഞ്ഞോവർ

---

1. നേതാവായി 2. എന്നവർ 3. മേന്മ 4. കാവ്യമാക്കി 5. ഭാഗ്യം
6. പഠിച്ചവർ 7. പണ്ഡിതൻ 8. രചന 9. ഗുരുവിനെ 10. ഭയമേതും



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ജിന്നൊരു പൈതലെ കൊണ്ടുപോയ് വിട്ടാരെ
ജിന്നെ വിളിപ്പിച്ചതിനെ കൊടുത്തോവർ
പലരും പലബണ്ണം[11] തിമ്മാൻ[12] കൊതിച്ചാരെ
പാങ്ങോടെ[13] അങ്ങനെ തന്നെ തീറ്റിച്ചോവർ
പെയ്യും മഴയൊടും ഒഴുകുന്ന ഹാറോടും[14]
പോരും അതെന്നാരെ പോരിച്ചു വച്ചോവർ
കനിയില്ലാ കാലം കനിയെ കൊടുത്തോവർ
കരിഞ്ഞ മരത്തിന്മേൽ കായായ് നിറച്ചോവർ

---

11. പലവിധം 12. തിന്നാൻ 13. നന്നായി 14. നദിയോടും

"ഗഹനമായ ആശയങ്ങൾ അതീവ ലളിതമായ ഭാഷയിലും ഹൃദ്യമായ ഇശലിലും ആവിഷ്കരിക്കുന്നതാണ് 'മുഹ്‌യിദ്ദീൻ മാല'യുടെ ജനപ്രിയതയ്ക്ക് ഹേതു" - പാഠഭാഗം പ്രയോജനപ്പെടുത്തി കുറിപ്പ് തയാറാക്കുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# വാസനാവികൃതി

**വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ**



രാജശിക്ഷ അനുഭവിച്ചിട്ടുള്ളതിൽ എന്നെപ്പോലെ ഭാഗ്യഹീനന്മാരായി മറ്റാരും ഉണ്ടായിട്ടില്ല. എന്നെക്കാൾ അധികം ദുഃഖം അനുഭവിച്ചവരും അനുഭവിക്കുന്നവരും ഇല്ലെന്നല്ല ഞാൻ പറയുന്നത്. എന്നാൽ എന്നെപ്പോലെ വിഡ്ഢിത്തം പ്രവർത്തിച്ചു ശിക്ഷായോഗ്യന്മാരായി വന്നിട്ടുള്ളവർ ചുരുക്കമായിരിക്കും. അതാണ് ഇനിക്കു സങ്കടം. ദൈവം വരുത്തുന്ന ആപത്തുകളെ അനുഭവിക്കുന്നതിൽ അപമാനമില്ല. അധികം ബുദ്ധിയുള്ള പോലീസ് ഉദ്യോഗസ്ഥന്മാരാൽ തോൽപ്പിക്കപ്പെടുന്നതും



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സഹിക്കാവുന്ന സങ്കടമാണ്. താൻ തന്നെ ആപത്തിനുള്ള വല കെട്ടി ആ വലയിൽ ചെന്നുചാടുന്നത് ദുസ്സഹമായിട്ടുള്ളതല്ല. എന്നുമാത്രമല്ല, കുടുങ്ങുന്ന ഒരു കെണിയാണെന്ന് ബുദ്ധി മാന്മാരായ കുട്ടികൾക്കുകൂടി അറിയാവുന്നതായിരുന്നാൽ പിന്നെയുണ്ടാകുന്ന സങ്കടത്തിന് ഒരതിരും ഇല്ല. ഇതാണ് അവമാനം അവമാനം എന്നു പറയുന്നത്.

എന്റെ വീട് കൊച്ചിശ്ശീമയിലാണ്. കാടരികായിട്ടുള്ള ഒരു സ്ഥലത്താണെന്നു മാത്രമേ ഇവിടെ പറയാൻ വിചാരിക്കുന്നുള്ളൂ. ഒരു തറവാട്ടിൽ ഒരു താവഴിക്കാർ കറുത്തും വേറൊരു താവഴിക്കാർ വെളുത്തും കണ്ടിട്ടുള്ള അനുഭവം നിങ്ങൾക്കുണ്ടാ യിരിക്കണം. എന്റെ തറവാട്ടിലും ഇതുപോലെയാണ്. എന്നാൽ നിറഭേദമുള്ളത് ദേഹത്തിനല്ല, മര്യാദയ്ക്കാണ്. എല്ലാ കാലത്തും ഒരുവകക്കാർ മര്യാദക്കാരും മറ്റേ വകക്കാർ അമര്യാദക്കാരു മായിട്ടാണ്. ഈ വേർതിരിവ് ഇന്നും ഇന്നലെയും ആയി തുടങ്ങി യതല്ല, കാരണവന്മാരുടെ കാലത്തേ ഉള്ളതാണ്. അമര്യാദാത്താ വഴിയിലാണ് എന്റെ ജനനം. ഇക്കണ്ടക്കുറുപ്പ്, രാമൻ നായർ എന്നിങ്ങനെ രണ്ടു ദിവ്യപുരുഷന്മാരെ നിങ്ങളിൽ ചിലരെങ്കിലും കേട്ടിരിക്കാതിരിക്കയില്ല. അവരിൽ ആദ്യം പറഞ്ഞ മനുഷ്യൻ എന്റെ നാലാം അച്ഛനാണ്; നാലു തലമുറ മുമ്പിലത്തെ ഒരു അമ്മാവനും ആണ്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കു തന്നെയാകുന്നു ആ പേര് എനിക്കിട്ടിട്ടുള്ളതും. അതുകൊണ്ട് 'ദ്വേധാ നാരായണീയം' എന്നു പട്ടേരി പറഞ്ഞതുപോലെ, മക്കത്തായ വഴിക്കും മരുമക്കത്തായ വഴിക്കും ഇനിക്കു കള്ളനാവാനുള്ള യോഗവും വാസനയും അതികേമമായിരുന്നു.

എന്റെ പാരമ്പര്യമാഹാത്മ്യത്തെ എല്ലാവരും പൂർണമായി അറിവാൻ വേണ്ടി നാലാമച്ഛനായ ഇക്കണ്ടക്കുറുപ്പിന്റെ മുത്തച്ഛനായിരുന്നു ഇട്ടിനാരായണൻ നമ്പൂതിരിയെന്നു കൂടി ഇവിടെ പറയേണ്ടതായി വന്നിരിക്കുന്നു. ഇട്യാറാണന്റെ കഥ കേൾക്കാത്ത വിഡ്ഢിയുണ്ടെങ്കിൽ അവനായിട്ട് ഇതു ഞാൻ എഴുതുന്നില്ല. ബാല്യത്തിൽത്തന്നെ എന്നെ അമര്യാദാ ത്താവഴിയിൽനിന്നു വേർപെടുത്തുവാൻ വീട്ടിലുള്ളവരിൽ ചിലർ ഉത്സാഹിച്ചു. സാധിച്ചില്ലെങ്കിൽ അവരുടെ പ്രയത്നക്കുറവല്ലെന്ന് ഞാൻ സത്യം ചെയ്ത് കയ്പീത്തുകൊടുക്കാം. എന്റെ വാസനാബലം എന്നു മാത്രമേ പറവാനുള്ളൂ. വിദ്യാഭ്യാസ വിഷയത്തിൽ ഞാൻ വലിയ മടിയനായിരുന്നു എന്ന് ഒരിക്കലും പറഞ്ഞുകൂടാ. എന്റെ സഹപാഠികളിൽ അധികം പേരും

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എന്നെക്കാൾ ബുദ്ധികുറഞ്ഞവരായിരുന്നു എന്നുള്ളതിലേക്ക് ഞങ്ങളുടെ ഗുരുനാഥൻ തന്നെയാണ് സാക്ഷി. പത്തുകൊല്ലം കൊണ്ട് മുപ്പതുസർഗം കാവ്യം പഠിച്ച 'ഗണാഷ്ടകവ്യുൽപ്പത്തി' മാത്രമായി അവശേഷിക്കുന്ന ഗംഭീരന്മാർ മലയാളത്തിൽ പലേടത്തും ഉണ്ട്. ഞാൻ അഞ്ചെട്ടു സർഗം കാവ്യം പഠിച്ചിട്ടുണ്ട്. വ്യുൽപ്പന്നനായിയെന്ന് മേനി പറയത്തക്ക അറിവ് ഇനിക്കുണ്ടായില്ല. എങ്കിലും വ്യാഖ്യാനമുണ്ടെങ്കിൽ മറ്റു സഹായം കൂടാതെ ഒരുവിധം ഭാവം മനസ്സിലാകത്തക്ക വ്യുൽപ്പത്തി ഇനിക്കുണ്ടായി. ഇതു സമ്പാദിച്ചപ്പോഴേക്കും രണ്ടുവഴിക്കും കൂടി കിട്ടീട്ടുള്ള വാസനകൊണ്ട് ഇതിലൊന്നിലും ഇനിക്കു മോഹമില്ലാതെ ത്തീർന്നു.

കാടരികിൽ വീടായതുകൊണ്ട് ഇടയ്ക്കിടെ കാട്ടിൽപോകുവാനും പല മൃഗങ്ങളുമായി നേരിടുവാനും സംഗതി വന്നതിനാൽ ബാല്യം മുതൽക്കുതന്നെ പേടി എന്ന ശബ്ദത്തിന് എന്നെ സംബന്ധിച്ചിടത്തോളം അർഥം ഇല്ലാതെവശായി. വായിക്കുന്ന കാലത്തുതന്നെ കോണം കക്കാറും പ്രഹരം കൊള്ളാറും ഉണ്ട്. എങ്കിലും ഇരുപതു വയസ്സു കഴിഞ്ഞപ്പോഴേക്കും എന്റെ പ്രകൃതം അശേഷം മാറി. ചില്ലറ കളവുവിട്ട് വൻതരത്തിൽ മോഹം തുടങ്ങി. വിലപിടിച്ച സാധനമായാലേ എന്റെ നോട്ടം ചെല്ലുകയുള്ളൂ. ചെന്ന ദിക്കിലെല്ലാം ഈരാറു പന്ത്രണ്ടുതന്നെ. ഇങ്ങനെ വളരെ ദ്രവ്യം സമ്പാദിച്ചു. എന്റെ പ്രവൃത്തിയിൽ ഞാൻ പിന്തുടർന്നിരുന്നത് നാലാം അച്ഛനെയല്ല.

കളവ് ചെയ്യുന്നത് രണ്ടു വിധമാണ്. ഒന്ന് ദീവട്ടിക്കൊള്ള, മറ്റേത് ഒറ്റയ്ക്കുപോയി കക്കുക. ഇതു രണ്ടും തമ്മിലുള്ള വ്യത്യാസം തെളിനായാട്ടും തെണ്ടിനായാട്ടും പോലെയാകുന്നു. തെളിനായാട്ടായാൽ ഒരു മൃഗത്തെയെങ്കിലും കണ്ടെത്താതിരിക്കയില്ല. എന്നാൽ അത് ഇവനു തന്നെ വെടിവയ്ക്കുവാൻ തരമാകുന്നത് നിശ്ചയമില്ല. പങ്കിട്ടു കിട്ടുന്ന ഓഹരിയും വളരെ ചുരുക്കമായിരിക്കും. മൃഗത്തിന്റെ ചോടു നോക്കി പോകുന്നതായാൽ കിട്ടുവാൻ താമസവും കണ്ടെത്തിയാൽ വൈഷമ്യവും ഉണ്ടെന്നു പറയുന്നതു ശരിയായിരിക്കാം. അസ്വാധീനത്തിങ്കലും വൈഷമ്യത്തിലും അല്ലേ രസം. കണ്ടെത്തിക്കിട്ടിയാൽ പ്രയോഗത്തിന്നു പങ്കുകാരില്ല. അതുകൊണ്ട് ഒറ്റയ്ക്കുള്ളതായിരിക്കുകയാണ് നല്ലത് എന്ന് ഇനിക്കു തോന്നി. നാലാമച്ഛൻ ഈ അഭിപ്രായക്കാരനായിരുന്നില്ല. അദ്ദേഹം പ്രാചീനൻതന്നെ; ഞാൻ നവീനനും. എന്നാൽ ഇട്യാറാണൻ മുത്തച്ഛൻ തിരുമനസ്സുകൊണ്ട് എന്റെ മതക്കാരനാ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



യിരുന്നു. ഇത്രവളരെക്കാലം മുമ്പുതന്നെ ഇദ്ദേഹത്തിനു നവീനബുദ്ധിയുണ്ടായിരിക്കുന്നത് വിചാരിക്കുമ്പോൾ ഇദ്ദേഹത്തിനെ അമാനുഷൻ എന്ന് ഇരിങ്ങാലക്കുട ഗ്രാമക്കാർ പറയുന്നത് അത്ര കഷ്ടമല്ല.

വീട്ടിൽനിന്നു ചാടിപ്പോന്നതിൽപ്പിന്നെ അഞ്ചു കൊല്ലത്തോളം ഞാൻ പുറത്തിറങ്ങി സമ്പാദിച്ചു. അപ്പോഴേക്ക് കൊച്ചി രാജ്യത്ത് പുതിയ പോലീസ് ഏർപ്പെടുത്തി. അക്കാലത്ത് തൃശ്ശിവപേരൂർക്ക് സമീപം ഒരു ദിക്കിൽ ഞാനൊരു കളവുനടത്തി. അത് ഗന്തർ സായ്പിന്റെ പരിവാരങ്ങൾക്ക് അശേഷം രസമായില്ലപോൽ. കളവുണ്ടായത് ഒരില്ലത്താണ്. ഗൃഹസ്ഥന്റെ മകനായിരുന്നു ഇനിക്ക് ഒറ്റ്. ഈ കള്ളൻ പാശികളിക്കാരനായിരുന്നു. അതിൽ വളരെ കടം പറ്റി. വീട്ടുന്നതിന് നിവൃത്തിയും ഉണ്ടായിരുന്നില്ല. എന്നിട്ടാണ് എന്നെ ശരണം പ്രാപിച്ചത്.

അച്ഛൻ നമ്പൂതിരി ഉണരാതിരിപ്പാൻ കറുപ്പുകൂടിയ മരുന്നു ഞാൻ കുറേ കൊടുത്തിട്ടുണ്ടായിരുന്നു. അതു വൈകുന്നേരത്തെ പാലിലിട്ടുകൊടുപ്പാനാണ് ശട്ടം കെട്ടിയിരുന്നത്. നാലിൽ ഒന്നു മാത്രമേ കൊടുക്കാവു എന്ന് പ്രത്യേകം താക്കീതു ചെയ്തിട്ടുണ്ടായിരുന്നു. അകത്തുകടന്ന് ഒതുക്കാവുന്നതെല്ലാം ഞാൻ കൈക്കലാക്കി. നമ്പൂതിരിയുടെ തലയ്ക്കൽ ഒരു ആഭരണപ്പെട്ടി വച്ചിരുന്നതും തട്ടണമെന്ന് കരുതി അടുത്തു ചെന്നു. അദ്ദേഹം ഉണരുമോ എന്നു വളരെ ഭയമുണ്ടായിരുന്നു. അതുണ്ടായില്ല. എങ്ങനെയാണ് ഉണരുന്നത്? ഒരിക്കലും ഉണരാത്ത ഉറക്കമാണ് അദ്ദേഹം ഉറങ്ങിയിരുന്നത്. ആ മഹൻ മഹാപാപി തന്റെ മനോരഥം സാധിക്കുന്നതിന്ന് ഒരു തടസ്സവും വരരുതെന്നു വിചാരിച്ച് ഞാൻ കൊടുത്ത മരുന്നു മുഴുവനെ പാലിലിട്ടു കൊടുത്തു.

ഞാൻ എടുത്ത മുതലിൽ ആഭരണപ്പെട്ടി മുഴുവൻ എന്റെ സ്നേഹിതയായ കല്യാണിക്കുട്ടിക്കു കൊടുത്തു. അവൾക്ക് എന്നേയും ഇനിക്ക് അവളേയും വളരെ അനുരാഗമുണ്ടായിരുന്നു. പെട്ടിയിൽനിന്ന് ഒരു പൂവെച്ചമോതിരം എടുത്ത് ഒരു ദിവസം രാത്രി എന്റെ എടത്തെക്കൈയിന്റെ മോതിരവിരലിന്മേൽ ഇടുവിച്ചു. അതു മുതൽക്ക് ആ മോതിരത്തെപ്പറ്റി ഇനിക്ക് അതിപ്രേമമായിരുന്നു. കുറച്ചു ഊരാഞ്ചാടിയായിരുന്നാലും ഞാൻ കയ്യിൽ നിന്ന് ഊരാറില്ല.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നമ്പൂതിരിയുടെ ഇല്ലത്തെ കളവുകഴിഞ്ഞതിൽ വച്ച് എന്റെ മേൽ പോലീസുകാർക്ക് അൽപ്പം സംശയം തോന്നി. ഉടനെ കൊടുങ്ങല്ലൂർ തലേക്കെട്ടും കളവുപോയി. അടുത്തകാല ത്തിന്നുള്ളിൽ വേറെ രണ്ടുമൂന്നു കളവുകളും നടന്നു. പോലീസുകാരുടെ അന്വേഷണം കൊണ്ടുപിടിച്ചു. എല്ലാം കൂടി ഇനിക്കവിടെ ഇരിപ്പാൻ തരമില്ലെന്നു തോന്നി. കുറച്ചു ദിവസത്തേക്ക് ഒഴിഞ്ഞുപോകണമെന്നു നിശ്ചയിച്ച് മദിരാശിക്ക് പുറപ്പെട്ടു. അവിടെച്ചെന്നാൽ യാതൊരു വിദ്യയും എടുക്കണ മെന്നുണ്ടായിരുന്നില്ല. എന്റെ ഒരു കോടതി പൂട്ടൽപോലെ വിചാരിച്ചാണ് ഞാൻ പുറപ്പെട്ടത്. കോടതി പൂട്ടിയാൽ പിന്നെ ഉദ്യോഗസ്ഥന്മാർക്ക് സൗഖ്യവും സൗന്ദര്യവും തെണ്ടി സഞ്ചരിക്കുകയല്ലേ തൊഴിൽ. അതുപോലെ ഞാനും ചെയ്‌വാൻ നിശ്ചയിച്ചു. മദിരാശിയിൽ ചെന്ന് ഒരു മാസത്തോളം കാഴ്ച കണ്ടുനിന്നു.

ഒരു ദിവസം ഗുജിലിത്തെരുവിൽ ചെന്നപ്പോൾ അതിസൗഭാഗ്യ വതിയായ തേവിടിശ്ശി സാമാനം വാങ്ങുവാൻ വന്നിരുന്നു. അപ്പോൾ ആ പീടികയിൽ കുറച്ചു ജനത്തിരക്കും ഉണ്ടായി. അതിനിടയിൽ ഒരു വിഡ്ഢ്യാൻ പകുതിവായയും തുറന്ന് കറപറ്റിയ കോന്ത്രമ്പല്ലും പുറത്തുകാട്ടി ആ തേവിടിശ്ശിയുടെ മുഖം നോക്കിനിന്നിരുന്നു. ഈ മന്നന്റെ നില കണ്ടപ്പോൾ ഇവനെ ഒന്നു പറ്റിക്കാതെ കഴിയില്ലെന്നു നിശ്ചയിച്ചു. വേണ്ടാസനത്തിനു പുറപ്പെടണ്ടാ എന്നു വച്ചിരുന്ന നിശ്ചയം തൽക്കാലം മറന്നു പോയി. ഉടനെ ഞാനും ആ കൂട്ടത്തിലേക്ക് അടുത്തുചെന്നു. അവന്റെ പോക്കറ്റിൽ എന്റെ എടത്തെ കയ്യിട്ടു. ഈ ജാതി കളവിൽ സാമർഥ്യമുണ്ടാകണമെങ്കിൽ അർജുനന്റെ സവ്യസാചിത്വവും അഭ്യസിച്ചിരിക്കണം. രണ്ടുകൈകൊണ്ടും ഒരുപോലെ പ്രയോഗി പ്പാൻ സാമർഥ്യം ഇല്ലാഞ്ഞാൽ പലതരങ്ങളും തെറ്റിപ്പോകുവാൻ ഇടയുണ്ട്. പോക്കറ്റിൽനിന്ന് നോട്ടുപുസ്തകവും എടുത്ത് ഞാൻ വലത്തോട്ട് മാറി മടങ്ങിപ്പോരികയും ചെയ്തു.

ഭക്ഷണം കഴിഞ്ഞ് രാത്രി കിടന്നുറങ്ങുമ്പോൾ കല്യാണിക്കുട്ടിയെ സ്വപ്നം കണ്ട് ഞെട്ടി ഉണർന്നു. ഏകസംബന്ധി ജ്ഞാനമപര സംബന്ധിസ്മാരകമെന്ന ന്യായേന മോതിരത്തെപ്പറ്റി ഓർമ്മ വന്നു. തപ്പിനോക്കിയപ്പോൾ കൈയിന്മേൽ കണ്ടില്ല. ഇനിക്കു വളരെ വ്യസനമായി. എവിടെപ്പോയിരിക്കാമെന്ന് വളരെ ആലോചിച്ചു. ഒരു തുമ്പും ഉണ്ടായില്ല. പിറ്റേന്നാൾ കാലത്തേ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എഴുന്നേറ്റ് തലേ ദിവസം നടന്ന വഴികളും ഭവനങ്ങളും പരിശോധിച്ചു. പലരോടും ചോദിക്കയും ചെയ്തു. താഴത്തു വീണത് ആരോ കൊണ്ടുപോയിരിക്കണമെന്ന് നിശ്ചയിച്ച് പോലീസ് സ്റ്റേഷനിൽ ചെന്ന് അറിവ് കൊടുത്തു. വല്ല വിധേനയും അവരുടെ കൈവശത്തിൽ വരുവാൻ സംഗതിയുണ്ടെന്നു കരുതിയാണ് ആ കഥയില്ലായ്മ പ്രവർത്തിച്ചത്.

അന്ന് ഉച്ചതിരിഞ്ഞ സമയത്ത് ഒരു കോൺസ്റ്റബിൾ ഞാൻ താമസിക്കുന്നേടത്തു വന്നു. അയാളെ കണ്ടപ്പോൾത്തന്നെ എന്റെ മോതിരം കിട്ടിയെന്ന് ഇനിക്കു തോന്നി. മടക്കിത്തരുവാനുള്ള മടികണ്ടപ്പോൾ വല്ല സമ്മാനവും കിട്ടണമെന്നാണെന്നു വിചാരിച്ചു ഞാൻ അഞ്ചുറുപ്പിക കയ്യിലെടുത്തു. “ഈ മോതിരം എന്റെ കൈയിൽ വന്നത് എങ്ങനെയാണെന്നു നിങ്ങൾക്കു മനസ്സിലായോ” എന്നു ചോദിച്ചപ്പോൾ ഞാൻ അറിയാതെ സ്തംഭാകാരമായിട്ടു നിന്നു. ഇനിക്ക് ഓർമ്മവന്നപ്പോൾ കൈവിലങ്ങും വച്ച് ദേഹപരിശോധന കഴിച്ച് പോക്കറ്റിൽനിന്ന് നോട്ടുപുസ്തകവും എടുത്ത് മേശപ്പുറത്തുതന്നെ വച്ചിരുന്നു. ഈ വിഡ്ഢിത്തത്തിന്റെ സമ്പാദ്യം ആറുമാസവും പന്ത്രണ്ടടിയും തന്നെ. അതും കഴിച്ച് ഞാനിതാ പുറത്തുവന്നിരിക്കുന്നു. ഇത്ര കൊള്ളരുതാത്ത ഞാൻ ഇനി ഈ തൊഴിലിൽ ഇരുന്നാൽ നാലാമച്ഛന് അപമാനമേയുള്ളൂ. കളവു ചീത്തയാണെന്നല്ലേ എല്ലാവരും പറയുന്നത്. ഞാനെന്റെ തൊഴിലും താവഴിയും ഒന്നു മാറ്റിനോക്കട്ടെ. ഇതുവരെ ചെയ്ത പാപമോചനത്തിനും മേലിൽ തോന്നാതിരിപ്പാനും വേണ്ടി ഗംഗാസ്നാനവും വിശ്വനാഥ ദർശനവും ചെയ്യട്ടെ. പണ്ടു മുത്തശ്ശി സന്ധ്യാസമയത്ത് ചൊല്ലാറുണ്ട്:

“ശ്രുതിസ്മൃതിഭ്യാം വിഹിതാ വ്രതാദയഃ
പുനന്തി പാപം ന ലുനന്തി വാസനാം
അനന്തസേവാ തു നികൃന്തതി ദ്വയീ
മിതിപ്രഭോ ത്വൽപുരുഷാ ബഭാഷിരെ.”

(ഒപ്പ്)
ഇക്കണ്ടക്കുറുപ്പ്

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- 'വാസനാവികൃതി'യുടെ വായനയിൽ ഏറ്റവും ഹാസ്യാത്മകമായി നിങ്ങൾക്കനുഭവപ്പെട്ട സന്ദർഭമേതാണ്? സന്ദർഭത്തിന്റെ ഏതേതു സവിശേഷതകളാണ് ഹാസ്യമുണർത്തിയത്? ചർച്ചചെയ്യൂ.

- ആഖ്യാനതലത്തിൽ എന്തെല്ലാം സവിശേഷതകളാണ് നിങ്ങൾ പരിചയിച്ച മറ്റു കഥകൾക്കുള്ളത്? മലയാളത്തിലെ ആദ്യചെറുകഥയുടെ വായനാനുഭവവുംകൂടി പരിഗണിച്ച് താരതമ്യം ചെയ്യൂ.

- മലയാളത്തിലെ ഒന്നാമത്തെ ചെറുകഥയെ ഒന്നാംതരമാക്കുന്ന കൂടുതൽ സവിശേഷതകൾ കണ്ടെത്തൂ.
  - ഓർമ്മകളിലൂടെ കഥപറയുന്ന സവിശേഷമായ ആഖ്യാനം
  - 
  - 

  കഥയുമായി ചേർത്തുവച്ച് ഇവ ചർച്ചചെയ്യൂ.

- • "ദ്വേധാ നാരായണീയം എന്ന് പട്ടേരി പറഞ്ഞതുപോലെ".
  • "ചെന്ന ദിക്കിലെല്ലാം ഈരാറു പന്ത്രണ്ട്".

  കഥയിൽ ഉപയോഗിച്ചിരിക്കുന്ന പഴഞ്ചൊല്ലുകളും ശൈലികളും കഥാസന്ദർഭത്തിൽ എത്രത്തോളം ഉചിതമായിരിക്കുന്നുവെന്ന് പരിശോധിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# സംക്രമണം

**ആറ്റൂർ രവിവർമ്മ**

കുറേനാളായുള്ളി-
ലൊരുത്തിതൻ ജഡമളിഞ്ഞു നാറുന്നു

വിരലുകൾ മൂക്കിൽ
തിരുകിയാണു ഞാൻ നടപ്പതെങ്കിലും
അരികത്തുള്ളോരു-
മകലത്തുള്ളോരുമൊഴിഞ്ഞുമാറുന്നു

അറിവുവെച്ചപ്പോൾ
അവളുണ്ടെൻ കണ്ണിലൊരു നൂലട്ടയായ്*
വിശപ്പിനാൽ വാരി
വലിച്ചുതിന്നു ചത്തവന്ന് തള്ളയായ്

ഒരു പെണ്ണിൻ തല-
യവൾക്കു ജന്മനാ കിടച്ചുവെങ്കിലു-
മതിന്റെ കാതിന്മേൽ
കടലിരമ്പീലാ-തിര തുളുമ്പീല
മുഖത്തു കണ്ണുക-
ളതിന്നു പാതിരയ്ക്കടയ്ക്കുവാൻ മാത്രം,
ഒരു നിശ്ശബ്ദമാം
മുറിവിൻ വക്കുകളതിന്റെ ചുണ്ടുകൾ



മയങ്ങാറുണ്ടാവി-
ല്ലവളോളം വൈകിയൊരു നക്ഷത്രവും,
ഒരൊറ്റ സൂര്യനു-
മവളേക്കാൾ നേർത്തെ പിടഞ്ഞെണീറ്റീലാ

* കാഴ്ചതെളിയാൻ കണ്ണിൽ നൂലട്ട പിടിപ്പിക്കാറുണ്ട്.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പുറപ്പെട്ടേടത്താ-
ണൊരായിരം കാതമവൾ നടന്നിട്ടും;
കുനിഞ്ഞു വീഴുന്നു-
ണ്ടൊരായിരം വട്ടം നിവർന്നു നിന്നിട്ടും;
ഉണർന്നിട്ടില്ലവ-
ളൊരായിരം നെഞ്ചിൽ ചവിട്ടുകൊണ്ടിട്ടും

ഒരു കുറ്റിച്ചൂല് -
ഒരു നാറത്തേപ്പ്* - ഞെണുങ്ങിയ വക്കാർ-
ന്നൊരു കഞ്ഞിപ്പാത്രം
ഒരട്ടി മണ്ണവൾ!

ഗതികിട്ടാത്തതാ-
മവൾ തന്നാത്മാവിന്നൊരു യന്ത്രം പോലെ-
യഴിച്ചെടുത്തു ഞാ-
നതി സൂക്ഷ്മം വേറൊരുടലിൽ ചേർക്കാവൂ!

ഒരു നൂലട്ടപോ-
ലിഴയും പെണ്ണിന്റെയുടലിനോടല്ല;
വിശക്കുമ്പോളൂരി-
ലിറങ്ങുന്ന നരഭുക്കാം കടുവയിൽ

(ഇനിയുമുണ്ണിക-
ളുറങ്ങുമ്പോഴതിൻ മുരൾച്ച കേൾക്കാവൂ
മലയുടെ താഴെ
വയലിനക്കരെ, കതകിനപ്പുറം )
അവളുടെ നാവി-
ന്നെടുത്തു വേറൊരു കുരലിൽ ചേർക്കാവൂ;
ഇറയത്തെച്ചിലു
രുചിച്ചിടുന്നൊരു കൊടിച്ചിയിലല്ല;
വിശക്കുമ്പോഴിര
വളഞ്ഞു കൊന്നുതിന്നിടുന്ന ചെന്നായിൽ

പുരങ്ങളും ജന-
പദങ്ങളും ചൂഴും വനവഹ്നികളി-
ലവൾതന്നുഗ്രമാം
വിശപ്പൂ ചേർക്കാവൂ, കലർത്തിടാവൂഞാ-
നവൾ തൻ വേദന

* നിലം തുടയ്ക്കുന്ന മുഷിഞ്ഞ തുണി



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചലവും ചോരയുമൊലിക്കും സന്ധ്യയിൽ,
അവളുടെ ശാപ-
മണയ്ക്കാവൂ വിളനിലങ്ങളെയുണ-
ക്കിടുന്ന സൂര്യനിൽ

വസൂരിമാലകൾ കുരുത്ത വ്യോമത്തിൽ
ബലിമൃഗമായി-
ട്ടെടുത്തിടാവൂ ഞാനവളുടെ മൃതി.

(ആറ്റൂർ രവിവർമ്മയുടെ കവിതകൾ)

"പുറപ്പെട്ടേടത്താണൊരായിരം കാതമവൾ നടന്നിട്ടും" - സ്ത്രീയുടെ ജീവിതയാത്രയുടെ ചരിത്രമാണ് ഈ വരികളിൽ സംഗ്രഹിച്ചിരിക്കുന്നത്. വിശകലനങ്ങൾ അവതരിപ്പിക്കുക.

- "ഒരു കുറ്റിച്ചൂല്-
  ഒരു നാറത്തേപ്പ് - ഞണുങ്ങിയ വക്കാർ-
  ന്നൊരു കഞ്ഞിപ്പാത്രം
  ഒരട്ടി മണ്ണവൾ"
  (ആറ്റൂർ)
- "ഞാൻ കഴുകിയാൽപ്പോകാത്ത
  വികൃതപ്പാത്രം
  തേഞ്ഞൊരുരൽ
  രുചിയൊക്കെയും ഒന്നായൊരെച്ചിലിൻ നിറക്കുപ്പ
  തുളവീണ തൊട്ടി പറ്റും കിണർ"
  (സച്ചിദാനന്ദൻ)

സ്ത്രീജീവിതത്തെ ചിത്രീകരിക്കാൻ കവികൾ ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങൾ താരതമ്യം ചെയ്യുക.

"കുറേക്കാലമായി ഉള്ളിൽപ്പിടയ്ക്കുന്ന ഒരു ഭീതി, പാപം, കയ്പ് എന്നിവയെ വാക്കുകൾ കൊണ്ട് പുറത്തുചാടിക്കുക, അങ്ങനത്തെ ഒരു കർമ്മമാണ് എനിക്ക് എഴുത്ത്. ഇങ്ങനെ ഉച്ചാടനം ചെയ്യുന്നതിലൂടെ മനസ്സിന് ബാധയൊഴിഞ്ഞ പോലെ" - കാവ്യരചനയെക്കുറിച്ചുള്ള ആറ്റൂരിന്റെ നിരീക്ഷണമാണിത്. 'സംക്രമണ'ത്തെ അടിസ്ഥാനമാക്കി ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ശസ്ത്രക്രിയ

**കെ.പി. രാമനുണ്ണി**

ഗർഭപാത്രം നീക്കംചെയ്യുന്ന ഓപ്പറേഷനാണെന്ന് പറഞ്ഞതോടു കൂടി അമ്മയിൽ വല്ലാത്തൊരു വ്യതിയാനമാണ് കണ്ടത്. ആധിയോ ഭയാശങ്കകളോ ഒന്നുമില്ല ആ മുഖത്ത്; സാന്ദ്രമായൊരു ഭാവം. ഞാൻ അമ്മയുടെ കണ്ണുകളിൽ പെടേണ്ട താമസം, ആ ഇമകൾ നിർന്നിമേഷമാകുന്നു; എന്നെത്തന്നെ നോക്കിക്കൊണ്ട് നിൽക്കുന്നു. സൂര്യനെ ദർശിച്ച വസുന്ധരയെപ്പോലെ... എന്താണ് ഇങ്ങനെയെല്ലാം സംഭവിക്കാൻ കാരണം? ശക്തിയും തന്റേടവും ഒരിക്കലും കൈവെടിയാത്ത അമ്മ അപൂർവ സന്ദർഭങ്ങളിൽക്കൂടി തളരാറില്ല. ചെറുപ്പംമുതലുള്ള സ്മരണകൾ അടർത്തിനോക്കുകയാണെങ്കിൽ ഇത്രയധികം സമയം എന്നെ തുടർച്ചയായി നോക്കിനിന്ന സന്ദർഭങ്ങൾതന്നെ ഉണ്ടായിട്ടില്ല. വാത്സല്യം നിറയുമ്പോൾ ഒരു നോക്കിലോ ചെറുചിരിയിലോ അടക്കിനിർത്താനായിരുന്നു അമ്മയ്ക്ക് തിടുക്കം.

ചെറുപ്പത്തിലേ ഭർത്താവ് മരിച്ചതിനുശേഷം ഏകസന്തതിയെ വളർത്തിക്കൊണ്ടുവരേണ്ട ഭാരമായിരുന്നല്ലോ. അമിതലാളന കൊണ്ട് നാശമാകാനുള്ള സാധ്യത അവർക്ക് കൂടുതൽ ബോധ്യമുണ്ടായിരുന്നെന്ന് തോന്നുന്നു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സ്നേഹം അപാരമാണെങ്കിലും തീരെ ലാളിക്കാതെ, പണം വേണ്ടുവോളമുണ്ടെങ്കിലും തീരെ അനുഭവിപ്പിക്കാതെ എന്നെ വളർത്തി വലുതാക്കിയ അമ്മയാണ്. ഇപ്പോൾ ഇതാ, എന്റെ തലമുടികൂടി നരച്ചതിനുശേഷം, ആറാം ക്ലാസിൽ പഠിക്കുന്ന മോനെ കൊഞ്ചിക്കുന്ന സ്വഭാവംകൂടി ഞാൻ നിർത്തിയതിനു ശേഷം അവരിൽ ആർദ്രതയുടെ സ്ഫോടനമുണ്ടായിരിക്കുന്നു. കണ്ണുകളിൽ വഴിയുന്ന വാത്സല്യത്തോടെ അമ്മ ഈ വയസ്സൻ മകനെ തൊട്ടുംപിടിച്ചുംകൊണ്ട് പിറകെ നടക്കുന്നു.

ഏതായാലും അമ്മയുടെ ഓപ്പറേഷന് വെറും സർജിക്കലായ ഉള്ളടക്കമല്ല ഉള്ളതെന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. ഇത്തരം കാരണങ്ങൾകൊണ്ടായിരിക്കും പ്രശസ്ത സർജന്മാർകൂടി സ്വന്തം ആളുകളിൽ കത്തിവെക്കാൻ മടിക്കുന്നത്.

വരുന്ന പത്താം തീയതിക്ക് നിശ്ചയിച്ച അമ്മയുടെ ശസ്ത്രക്രിയ എന്റെ സഹപ്രവർത്തകനായ ഡോക്ടർ വേണുഗോപാലാണ് ചെയ്യുന്നത്.

ഓപ്പറേഷന്റെ ദിവസമടുക്കുന്തോറും അമ്മ കൂടുതൽ കൂടുതൽ തരളിതയാവുകയാണ്. എനിക്ക് ചോറ് വിളമ്പിത്തരുന്നതും കുളിക്കാൻ വേണ്ടി തോർത്തും സോപ്പും എടുത്തുതരുന്നതും ഒരു പിടിവാശിപോലെ നിർവഹിക്കുന്നു. ഞാനൊരു ചെറിയ കുട്ടിയാണെന്ന ഭാവന ഇതോടുകൂടി അവർ ഊട്ടിവളർത്താൻ ശ്രമിക്കുകയാണ്.

“തലയിലെ വെള്ളം നല്ലോണം പോയിട്ടില്ല. ഇങ്ങോട്ട് കാണിച്ചാ ഞാൻ തോർത്തിത്തരാം.”

ബാത്ത്റൂമിൽനിന്നു വരുന്ന എന്നെ ഒരു ദിവസം തടുത്തു നിർത്തിയപ്പോൾ ഞാൻ ശരിക്കും വിരണ്ടുപോയി. എലിമെന്ററി സ്കൂളിൽ പഠിച്ചിരുന്ന കാലം മുഴുവൻ മൂർദ്ധാവിൽ തിരുമ്പിത്തന്നിരുന്ന രാസ്നാദിപ്പൊടി അപ്പോൾ അവരുടെ കൈയിലുണ്ടായിരുന്നു. ദുർബലമായ എതിർപ്പോടുകൂടി അമ്മയ്ക്ക് വഴങ്ങുന്നതിലെ സുഖം അനുഭവിക്കുമ്പോഴും എന്റെ മനസ്സിൽ ബേജാറായിരുന്നു. ഓപ്പറേഷനെക്കുറിച്ചുള്ള ഉൽക്കണ്ഠ നിമിത്തം അവരുടെ സമനില തെറ്റിയിരിക്കുമോ?

പക്ഷേ, ഇത് ഉന്മാദമല്ലെന്നും കഴിഞ്ഞ കാലം ബോധപൂർവം പുനഃസൃഷ്ടിക്കാനുള്ള ശ്രമമാണെന്നും പിന്നീടാണ് വെളിവായത്. വൈകുന്നേരം ഹോസ്പിറ്റലിൽനിന്ന് മടങ്ങിയെത്തിയ എന്നെ കാത്തുകൊണ്ട് ഭാര്യ ഗേറ്റിൽത്തന്നെ നിൽക്കുന്നുണ്ട്. ഗൗരവപ്പെട്ടൊരു രഹസ്യം സംസാരിക്കുന്നതുപോലെ അവൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മകനെ അടുത്തുനിന്ന് പറഞ്ഞയച്ചു.

"ഇന്ന് രാത്രി മുതൽ നിങ്ങൾ ഉറങ്ങുന്നത് അമ്മയുടെ അടുത്താണ്, കേട്ടോ?"

ചെറുചിരിയോടെ വിഷയത്തിന്റെ തുടക്കംകുറിച്ച അവളിൽ പിന്നീട് വല്ലാത്തൊരു നിശ്ചലത പരന്നു. അമ്മ പറഞ്ഞ കാര്യങ്ങൾ ഓർത്തുകൊണ്ടാണെന്നു തോന്നുന്നു, കുറച്ചുനേരം മൗനമായി നിന്നു. വീണ്ടും ഞാൻ കുത്തിച്ചോദിച്ചപ്പോൾ അവളുടെ ശബ്ദം ഇടറുന്നതായി തോന്നി:

"അമ്മയുടെ മനസ്സിനെന്തോ തട്ടിയിട്ടുണ്ട്. ഓപ്പറേഷൻ കഴിയുംവരെ നിങ്ങളെ കൂടെ കിടത്താൻ എന്റെ സമ്മതം ചോദിച്ചു."

ഏകമകനായിട്ടുകൂടി ഞങ്ങളുടെ സ്വാതന്ത്ര്യത്തിൽ കൈ കടത്താത്ത അമ്മയോട് അവൾക്ക് പ്രത്യേക കൂറുണ്ടായിരുന്നു. അമ്മയുടെ മുറിയിൽ ചെന്ന് ഞാൻ സുഖവിവരം അന്വേഷിക്കുകയും മറ്റും ചെയ്യുമ്പോൾ കഴിയുന്നതും ആ ഭാഗത്തേക്കു വരാതിരിക്കാൻ എന്റെ ഭാര്യ ശ്രദ്ധിക്കുന്നുണ്ട്. കൊച്ചുമകനായി എന്നെ നിരുപാധികം വിട്ടുതരാൻ അവർ മരുമകളോട് സമ്മതം വാങ്ങിയിരിക്കുന്നു.

അമ്മ അടുത്തുതന്നെ മരിച്ചുപോകുമെന്ന ചിന്ത ഭാര്യയുടെ മുഖത്ത് നിഴലിച്ചുകാണുന്നതായി എനിക്കു തോന്നി. എന്റെ കൈകളെടുത്ത് അമ്മ മാറത്തടക്കിക്കിടക്കുന്നത് കണ്ടമാത്രയിൽ ആ ദിവസം അവൾ നിയന്ത്രണം വിട്ടു. അടുത്ത മുറിയിലേക്കോടിച്ചെന്ന് ഞങ്ങളുടെ കൊച്ചുമകന്റെ കൈകൾ അതേപോലെ കൂട്ടിപ്പിടിച്ച് കണ്ണീർ വാർത്തു.

അമ്മയുടെ സമാധാനത്തിനു വേണ്ടി അവരുടെകൂടെ കിടക്കുക എന്ന പ്രാധാന്യമേ ഞാൻ ഭാര്യയുടെ നിർദേശത്തിന് നൽകിയിരുന്നുള്ളൂ. പക്ഷേ, ആ അനുഭവം ആദ്യരാത്രിതന്നെ എന്നെ വിസ്മയിപ്പിച്ചു. ഒരുറക്കത്തിൽനിന്ന് ഞാൻ ഞെട്ടിയുണർന്നതും ആലിന്റെ വേടുപോലെ ശുഷ്കമായ ആ വിരലുകൾ എന്റെ മുടിയിഴകളിൽ ഞാവി നടക്കുകയാണ്.

പതിഞ്ഞ സ്വരത്തിലുയരുന്ന ഹരിനാമകീർത്തനങ്ങൾ അമ്മ ഉണർന്നു തന്നെയാണ് കിടക്കുന്നതെന്ന് ഓർമ്മപ്പെടുത്തി. പുൽക്കൊടിയിൽനിന്ന് മഞ്ഞുതുള്ളികൾ ഇറ്റുന്നതുപോലെയായിരുന്നു നിമിഷങ്ങൾ നീങ്ങിക്കൊണ്ടിരുന്നത്. സമയത്തിന് ഇങ്ങനെയും ഒരു താളമുണ്ടെന്ന് ബാല്യകാലത്തിനുശേഷം ആദ്യമായി തിരിച്ചറിയുകയാണ്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




എത്ര നേരം കഴിഞ്ഞെന്നറിയില്ല, അമ്മയുടെ വിരലുകളുടെ ചലനം എന്റെ മുടിയിഴകളിൽ മന്ദീഭവിക്കുന്നതായി തോന്നി. ഉണർന്നിട്ടുണ്ടെന്നു നടിക്കാതെ കണ്ണുകൾ ചിമ്മിക്കൊണ്ട് ഞാൻ ചെറുതായി മുരടനക്കി. കൊച്ചുകുട്ടികളെപ്പോലെ ഞെളിപിരി കൊണ്ട് അനങ്ങിക്കിടന്നു. പ്രതീക്ഷിച്ചതുപോലെ വീണ്ടുമതാ, ആ വിരലുകൾ എന്റെ തലച്ചോറിൽ പുതിയ തരംഗങ്ങൾ സൃഷ്ടിച്ചു കൊണ്ട് സഞ്ചരിക്കുന്നു.

അതോടൊപ്പം മറ്റേ കൈയെടുത്ത് എന്റെ മുതുകിൽ താളം പിടിച്ച്നീട്ടിയും കുറുക്കിയും അമ്മ മൂളിക്കൊണ്ടിരുന്നു.

നാൽപ്പത്തഞ്ചു വയസ്സുകഴിഞ്ഞ മധ്യവയസ്കനാണ് ഞാനെന്ന ബോധം മനസ്സിൽനിന്ന് അടർന്നു വീണിരുന്നു. അമ്മയുടെ ഗന്ധത്താൽ ചൂഴപ്പെട്ട് കിടക്കുമ്പോൾ പ്രജ്ഞയുടെ ഉള്ളറകളിൽ വച്ച് വല്ലാത്തൊരു അനുഭവമുണ്ടായി.

മറ്റെല്ലാ അനുഭൂതിതലങ്ങളെ മാറ്റിനിർത്തിയാലും വ്യാവഹാരിക ജീവിതവുമായി ഈ അവസ്ഥയ്ക്കുള്ള പ്രധാന വ്യത്യാസം നിഴലുകളുടെ അഭാവമായിരുന്നു. മരണത്തിന്റെ നിരന്തരമായ ഓർമ്മപ്പെടുത്തലുകളാണ് ജീവിതത്തിൽ നിഴലുകളായി കൂടെനടക്കുന്നതെന്ന് അപ്പോൾ ഞാൻ തിരിച്ചറിഞ്ഞു.



ബോധത്തിന്റെ അതിർത്തിക്കുള്ളിലാണെങ്കിൽ മുതുകിൽ തട്ടുന്ന പ്രശാന്ത താളവും അബോധത്തിന്റെ മേഖലയാണെങ്കിൽ സ്വപ്നത്തിന്റെ വിസ്മയക്കോപ്പുകളുമായി ഉറങ്ങിയോ ഉറങ്ങാതെയോ ആ രാത്രി പുലർന്നുപോയി.

പിറ്റേന്ന് കാലത്തുണർന്ന് ഞാൻ താങ്ങാനാവാത്ത ഭാരത്തോടുകൂടിയാണ് ദിനചര്യകളെ നേരിട്ടത്. ജനറൽ ഹോസ്പിറ്റലിലെ സീനിയർ സർജനെന്ന ഉത്തരവാദിത്വം വല്ലാത്തൊരു വെച്ചുകെട്ടായി എനിക്ക് അനുഭവപ്പെട്ടു. കൊച്ചുമകനായി എന്നെ തിരിച്ചെടുക്കാനുള്ള അമ്മയുടെ ശ്രമം കുട്ടിക്കാലം വീണ്ടെടുത്തു തന്നിരിക്കയാണ്. ഓപ്പറേഷൻ വരെയുള്ള നാലു നാളുകൾ പൂർണമായും അതിന് വഴങ്ങിക്കൊടുക്കാൻ തന്നെ മനസ്സ് സന്നദ്ധമായി.

കുട്ടിക്കാലത്തിന്റെ കഥകൾ അമ്മ പറഞ്ഞു കൊണ്ടിരിക്കുമ്പോൾ അവരുടെ മടിയിൽ തലവെച്ച് 'എന്നിട്ടോ' 'എന്നിട്ടോ' എന്ന ചോദ്യവുമായി ഞാൻ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





കിടന്നു. അമ്മയുടെ മനസ്സമാധാനത്തിന് വേണ്ടിയാണെന്ന ന്യായീകരണമില്ലെങ്കിൽ എനിക്കങ്ങനെ കിടക്കാനുള്ള നിഷ്കളങ്കത ഒരിക്കലും കിട്ടുമായിരുന്നില്ല.

ഓർമ്മകളിലൂടെ പിറകോട്ടു സഞ്ചരിച്ച് മുത്തച്ഛന്റെ പെരുവിരൽവരെ ഞാൻ കടന്നുപിടിച്ചു. വെല്ലാരിച്ചിറയിൽ നീന്തൽ പഠിപ്പിച്ച വീട്ടുകാര്യസ്ഥന്റെ എണ്ണമയമുള്ള ശരീരത്തിൽ തൊട്ടു. കണക്ക് പഠിപ്പിച്ച നാണുമാസ്റ്ററുടെ കൈത്തഴമ്പിന്റെ ചൂട് ചെവികളിൽ പുകഞ്ഞറിഞ്ഞു. വല്ലാത്തൊരു പ്രസന്നതയുടെ വെളിച്ചം അന്നത്തെ ജീവിതചിത്രങ്ങളിൽ തുളുമ്പിനിന്നിരുന്നു. പിന്നീട് എവിടെയോ വെച്ച്, അറിവിന്റെ ശപ്തമായ ഏതോ മുഹൂർത്തത്തിൽ വെച്ച്, ആ കറുത്ത കൂട്ടുകാരന്റെ പിറകെ കൂടിയതാണ്. അതിനുശേഷം ഒരിക്കലും പഴയ പ്രസന്നത ജീവിതത്തിന് ലഭിച്ചിട്ടില്ലെന്ന് ഇന്ന് ഞാൻ അറിയുന്നു.

വളരെ വേഗത്തിലാണ് ഓപ്പറേഷന്റെ ദിവസം അടുത്തേക്കണഞ്ഞത്. അമ്മയിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുമോ എന്നു ന്യായമായും ഞാൻ സംശയിച്ചു. എല്ലാ ഭയാശങ്കകളെയും അസ്ഥാനത്താക്കിക്കൊണ്ട് അവർ കൂടുതൽ ഉത്സാഹവതിയായി കാണപ്പെട്ടു. തലയിൽ എണ്ണ തേക്കാത്തതുകൊണ്ട് എന്റെ മുടി ചെമ്പനായിപ്പോകുന്നതിനെപ്പറ്റി അമ്മ വഴക്കു പറഞ്ഞു. ആ സംസാരം പിന്നീട് വർഷങ്ങൾക്കു മുമ്പു നടന്ന ഞങ്ങളുടെ പഴനിയാത്രയിലേക്കു നീണ്ടുപോയി. പ്രാർഥനയനുസരിച്ച് എന്റെ മുടി മൊട്ടയടിച്ചതും കണ്ണാടി കാണിച്ചുതന്നപ്പോൾ നിർത്താതെ ഞാൻ കരഞ്ഞതും കഥാരൂപത്തിൽ പടർന്നു പന്തലിച്ചു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആശുപത്രിയിലേക്ക് പുറപ്പെട്ടിറങ്ങുമ്പോഴും പഴനിയിൽനിന്നുള്ള മടക്കയാത്രയിൽ ഞാൻ കാണിച്ച കുസൃതിത്തരങ്ങൾ അമ്മ വർണിക്കുകയായിരുന്നു.

സർജിക്കൽവാർഡിലേക്ക് ഫോൺ ചെയ്ത് പറഞ്ഞിരുന്നതിനാൽ ഡോക്ടർ വേണുഗോപാൽ മുറിയിൽത്തന്നെ കാത്തുനിൽക്കുന്നുണ്ട്. ഓപ്പറേഷൻ തിയേറ്ററിലേക്കു നടത്തിക്കുമ്പോൾ ഞാൻ പിറകെതന്നെയുണ്ടെന്ന് അമ്മ ശ്രദ്ധിക്കുന്നതായി തോന്നി. തലേന്ന് രാത്രികൂടി അമ്മയുടെ കൊച്ചുകുട്ടിയായി അരികുപറ്റിക്കിടന്ന എനിക്ക് ആശ്വസിപ്പിക്കാൻവേണ്ടി വാക്കുകൾ ഉച്ചരിക്കാൻ കഴിഞ്ഞില്ല. ഡോക്ടർ വേണുഗോപാലിനോട് നിശ്ശബ്ദമായ സൂചന നൽകി തിയേറ്ററിനു പുറത്തേക്ക് ഞാൻ ഊളിയിട്ടു.

മുറിയിൽ തിരിച്ചെത്തിയ എനിക്ക് എന്താണ് ചെയ്യേണ്ടതെന്ന് രൂപമുണ്ടായിരുന്നില്ല. ഒടുവിൽ വൈദ്യശാസ്ത്രഗുരുവായ ഹെപ്പോക്രാറ്റസിന്റെ ഫോട്ടോയിലേക്ക് ഞാൻ നോക്കിക്കൊണ്ടിരുന്നു. അതിൽ ആലേഖനം ചെയ്തിരുന്ന അദ്ദേഹത്തിന്റെ വചനങ്ങൾ മനസ്സിൽ യാന്ത്രികമായി വീണ്ടും വീണ്ടും ഉരുവിട്ടു.

പൊടുന്നനെയാണ് ഡോക്ടർ വേണുഗോപാൽ വിയർത്തുകുളിച്ച് എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടത്. അയാൾതിരക്കിട്ട് സംസാരിച്ചു:

“സ്പൈനിന് ഇഞ്ചക്ഷൻ കൊടുത്ത് കിടത്തിയതാണ്. പക്ഷേ, അമ്മ തൊടാൻ സമ്മതിക്കുന്നില്ല. ഡോക്ടർതന്നെ വരണമത്രേ!”

തള്ളയുടെ വിളി കേട്ട് ഓടുന്ന പൈതലിനെപ്പോലെ ഞാൻ ഓപ്പറേഷൻ തിയേറ്ററിലേക്ക് കുതിച്ചു. ടേബിളിനു മുന്നിൽച്ചെന്നു നിന്നപ്പോൾ ശാസനാരൂപത്തിൽ ആ മിഴികൾ എന്നെത്തന്നെ നോക്കുകയാണ്.

“എങ്ങോട്ടാണ് നീ മാറിപ്പോയത്, ഉം വേഗം ചെയ്തു തീർക്ക്.”

ഹോംവർക്ക് ചെയ്യിക്കാൻ വേണ്ടി മകനെ പിടിച്ചിരുത്തുന്ന ആത്മവിശ്വാസവും ആജ്ഞാശക്തിയും വാക്കുകളിൽ തുടിച്ചുനിന്നു. എത്ര പെട്ടെന്നാണ് ഞാൻ കൈയുറയും മാസ്കും ധരിച്ച് തയാറെടുത്തതെന്ന് പിന്നീടോർത്തപ്പോൾ അദ്ഭുതം തോന്നി. തടവില്ലാത്ത അനുസരണശീലമായിരുന്നു എന്റെ കൈവിരലുകളുടെ വേഗം നിർണയിച്ചത്. ഇതുവരെ ആർജിച്ച വൈദ്യവിജ്ഞാനമെല്ലാം ഉറകൂടി നിന്ന് ചലനങ്ങളുടെ കൃത്യതയെ നിയന്ത്രിച്ചു.

ചുരുങ്ങിയ സമയത്തിനുള്ളിൽ, ഓപ്പറേഷൻ ടേബിളിന്റെ താഴെ വെച്ച തൊട്ടിയിൽ രക്തം പുരണ്ട ആ അവയവം മുറിഞ്ഞുവീണു.

പതിനൊന്നു സ്റ്റിച്ചുകൾ ചെയ്യാനുള്ളതുകൂടി മുഴുമിച്ച് ടേബിളിനടിയിലെ തൊട്ടിയിലേക്ക് ഞാൻ നോക്കിക്കൊണ്ടി

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



രിക്കുകയായിരുന്നു.

ചിന്തയുടെ വൻചുഴികളിൽ കറങ്ങിത്തിരിഞ്ഞ ഞാൻ പെട്ടെന്നൊരു അനക്കമറിഞ്ഞു. സെഡേഷനിൽനിന്ന് അമ്മ മുക്തയായി ക്കഴിഞ്ഞിരിക്കുന്നു. പ്രസവിച്ചുവീണ കുഞ്ഞിനെ നോക്കി ക്കൊണ്ടിരിക്കുന്നപോലെ നിർവൃതിയുടെ ഒരു പുഞ്ചിരിയോടെ അവർ എന്നെത്തന്നെ ശ്രദ്ധിക്കുകയായിരുന്നു.

(വേണ്ടപ്പെട്ടവന്റെ കുരിശ്)

- "ആലിന്റെ വേരുപോലെ ശുഷ്കമായ ആ വിരലുകൾ എന്റെ മുടിയിഴകളിൽ ഞാവി നടക്കുകയാണ്" -മാതൃസ്നേഹത്തിന്റെ ദീപ്തഭാവങ്ങൾ പ്രകടമാകുന്ന കൂടുതൽ ഭാഗങ്ങൾ കഥയിൽ നിന്ന് കണ്ടെത്തി അവയുടെ ഔചിത്യം വ്യക്തമാക്കുക.

- "ചുരുങ്ങിയ സമയത്തിനുള്ളിൽ, ഓപ്പറേഷൻ ടേബിളിന്റെ താഴെ വെച്ച തൊട്ടിയിൽ രക്തം പുരണ്ട ആ അവയവം മുറിഞ്ഞു വീണു. പതിനൊന്നു സ്റ്റിച്ചുകൾ ചെയ്യാനുള്ളതു കൂടി മുഴുമിച്ച് ടേബിളിനടിയിലെ തൊട്ടിയിലേക്ക് ഞാൻ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു" - ഗർഭപാത്രം ഈ കഥയിൽ ഒരു പ്രതീകമായി മാറുന്നുണ്ടോ? നിഗമനങ്ങൾ അവതരിപ്പിക്കുക.

- "ഓർമ്മകൾക്കില്ല ചാവും ചിതകളും
  ഊന്നുകോലും ജരാനരാദുഃഖവും"
  (വിജയലക്ഷ്മി)

  ഈ ആശയം കഥയിൽ പ്രസക്തമാകുന്നുണ്ടോ? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

- ചുവടെ കൊടുത്തിട്ടുള്ള പദങ്ങളിലെ ലിംഗ-വചനപ്രത്യയങ്ങൾ കണ്ടെത്തുക. സവിശേഷതകൾ വിശകലനം ചെയ്യുക.

  - അധ്യാപകർ
  - വിദ്യാർഥിനികൾ
  - അധ്യാപകൻ
  - അധ്യാപകന്മാർ
  - വൈദ്യർ
  - വിദ്യാർഥികൾ
  - പണിക്കാർ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പഠനനേട്ടങ്ങൾ

- മലയാളം സ്വതന്ത്രഭാഷയായി വികസിച്ചുവന്ന ഘട്ടങ്ങൾ വിശകലനം ചെയ്ത് ഉപന്യാസങ്ങൾ, പ്രബന്ധങ്ങൾ, പ്രഭാഷണം തുടങ്ങിയവ തയാറാക്കുന്നു.
- ഭാഷയുടെ പരിണാമദശയിലുണ്ടായ കഥകളിലും കവിതകളിലും പ്രകടമാവുന്ന ആവിഷ്കാരവൈവിധ്യത്തെ ഭാഷാപരമായും ഭാവുകത്വപരമായും താരതമ്യം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.
- ഭാഷയുടെ നാടോടിപാരമ്പര്യം, തനിമ തുടങ്ങിയ സവിശേഷതകൾ കണ്ടെത്തി പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു.
- മലയാളത്തിലെ സാഹിത്യപ്രസ്ഥാനങ്ങളുടെ ഉത്ഭവവും വളർച്ചയും വിശദമാക്കുന്ന ഉപന്യാസങ്ങൾ രചിക്കുന്നു.
- പ്രദേശം, കാലം, ഉള്ളടക്കം ഇവയെ മുൻനിർത്തി രചനകൾ വിശകലനം ചെയ്ത് വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## എഴുത്തുകാർ

### ചെറുശ്ശേരി

ഭാഷാസാഹിത്യത്തിൽ മനോധർമ്മവിലാസവും അലങ്കാരപ്രയോഗ ചാതുരിയും പ്രദർശിപ്പിച്ചവരിൽ അഗ്രഗണ്യൻ. ഭക്തി, ഫലിതം, ശൃംഗാരം എന്നീ ഭാവങ്ങളാണു ചെറുശ്ശേരിയുടെ കാവ്യങ്ങളിൽ ദർശിക്കാനാവുന്നത്.

### ശ്രീനാരായണഗുരു

കേരളീയ നവോത്ഥാനപ്രസ്ഥാന നേതാക്കളിൽ പ്രധാനി. സന്ന്യാസിയും സാമൂഹിക പരിഷ്കർത്താവും. വിദ്യാലയങ്ങളും ക്ഷേത്രങ്ങളും സ്ഥാപിച്ച് സമുദായത്തിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ചു. 1856 ൽ തിരുവനന്തപുരത്ത് ജനനം. 1928 ൽ സമാധിയായി. 1888ൽ അരുവിപ്പുറത്ത് നടത്തിയ ശിവപ്രതിഷ്ഠയിലൂടെ സാമൂഹികപരിവർത്തനത്തിന് നാന്ദി കുറിച്ചു. ആത്മോപദേശശതകം, ദൈവദശകം, ദർശനമാല, അദ്വൈതദീപിക മുതലായ ദാർശനികകൃതികളും പ്രബോധനകൃതികൾ, സ്തോത്ര കൃതികൾ, തർജമകൾ മുതലായവയും അദ്ദേഹത്തിന്റെ കൃതികളാണ്.

### ആറ്റൂർ രവിവർമ്മ

മലയാളകവിതയിൽ ആധുനികപ്രവണതകൾക്കു തുടക്കം കുറിച്ച കവികളിൽ പ്രധാനി. 1930 ഡിസംബർ 27ന് തൃശ്ശൂർ ജില്ലയിലെ ആറ്റൂരിൽ ജനിച്ചു. കവിത, ആറ്റൂർ രവിവർമ്മയുടെ കവിതകൾ എന്നിവ പ്രധാന കൃതി കൾ. സുന്ദര രാമസ്വാമി, സെൽമ, ജി. നാഗരാജൻ എന്നിവരുടെ കൃതികൾ തമിഴിൽ നിന്ന് മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. സാഹിത്യ അക്കാദമി അവാർഡും എഴുത്തച്ഛൻ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

### വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

പ്രശസ്തനായ പത്രപ്രവർത്തകനും ഉപന്യാസകാരനും ചെറുകഥാകൃത്തും. കേസരി, വജ്രസൂചി, വജ്രബാഹു എന്നീ തൂലികാനാമങ്ങളിൽ അദ്ദേഹം കൃതികൾ പ്രസിദ്ധീകരിച്ചിരുന്നു. 1860 ൽ കണ്ണൂർ ജില്ലയിൽ ജനിച്ചു. മരണം 1914 നവംബർ 14 ന്. വേങ്ങയിലിന്റെ 'വാസനാവികൃതി' മലയാളത്തിലെ ആദ്യചെറുകഥയായി കണക്കാക്കപ്പെടുന്നു. ദ്വാരക, മേനോക്കിയെ കൊന്നതാരാണ്?, മദിരാശിപ്പിത്തലാട്ടം മുതലായവ പ്രധാന കഥകൾ.

### കെ.പി. രാമനുണ്ണി

ചെറുകഥാകൃത്തും നോവലിസ്റ്റും. 1955ൽ ജനനം. സൂഫി പറഞ്ഞ കഥ, ചരമവാർഷികം, ജീവിതത്തിന്റെ പുസ്തകം എന്നീ നോവലുകളും വിധാതാവിന്റെ ചിരി, വേണ്ടപ്പെട്ടവന്റെ കുരിശ്, ജാതി ചോദിക്കുക, പ്രണയപർവം, കുർക്സ്, പ്രകാശം പരത്തുന്ന ആൺകുട്ടി, പുരുഷവിലാപം എന്നീ കഥാസമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ഇടശ്ശേരി അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.



Downloaded from https:// www.studiestoday.com